
273
AUGUST 2019

# KERALA PRIVATE COLLEGE TEACHER

ISSN 2454-4795
a monthly journal of the all kerala private college teachers' association



# കരുത്തേകുന്ന പ്രളയപാഠങ്ങൾ

273

# AUGUST 2019

**EDITORIAL BOARD**

**Chief Editor**
Dr. A.S. Sumesh

**Managing Editor**
Dr. P.K. Kusalakumari

**Assistant Editors**
Dr. Sony John
Dr. N. Renuka

**Members**
Dr. C. Padmanabhan
Dr. P.N. Harikumar
Dr. Santhosh K
Dr. Sheela M. Joseph
Prof. A.G. Oleena
Prof. Pramod Vellachal
Dr. K.P. Jayakumar
Dr. Arya Gopi
Dr. Vysakhan Thambi
Shyla Hameed
Dr. Premkumar R.
Dr. Myna Umaiban
Sona P
Dr. M.R.Rajesh
Abhilash T
Sheeja K.P
Harinarayanan S.
SubinVarghese
Lijo Sebastian
Bineesh E.K
Shine P.S.

Cover Courtesy
**Davinci Suresh**

Design
**Jwala Creatives**
Ph: 9447853005


AKPCTA State Committee Office
Mathrubhumi Road,
Vanchiyoor, Thiruvananthapuram-35
Ph: 0471-2463494
Fax: 0471-2468984
Mobile: 09495425219
**collegeteacheredt@gmail.com**
**www.akpcta.in**

Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.

Edited, Printed and Published by
V.N. Murali, AKPCTA State Committee Office,
Vanchiyoor, TVPM-35.

- *എഡിറ്റോറിയൽ* 3
- *അതെ ഇടതുപക്ഷം തന്നെയാണ് അവസാനത്തെ പ്രതീക്ഷ*
  **ഡോ. പി.എൻ. ഹരികുമാർ** 4
- *National Education Policy 2019*
  **Dr. Lakshmi Priya N.** 6
- *സ്മരണകൾ: എ.കെ.പി.സി.ടി.എ. ഒരവലോകനം*
  **ആർ.ആർ.സി.** 11
- *പലായനത്തിന്റെ ഓർമ്മകൾ*
  **ഡോ. എൻ. രേണുക** 17
- *ലോക പുനർനിർമ്മാണ സമ്മേളനം*
  **മൈന ഉമൈബാൻ** 21
- *പത്താമത്തെ പക്ഷി*
  **ജെയ്സൺ ജോസ്** 25
- *ഗിരോലാമോ കർദാനോ*
  **ഡോ. ഇന്ദുലാൽ ജി.** 31
- *വാകപ്പെൺകൊടി*
  **ഷബ്നം നൂർജഹാൻ** 34
- *Presenting the Past: Archaeology or Heritage?*
  **Dr. Jenee Peter** 37
- *അപൂർണ്ണവിരാമങ്ങളിൽ*
  **ഡോ. ദിവ്യ എൻ.** 40
- *കഥകളിയുടെ രംഗസങ്കേതങ്ങളിലൂടെ*
  **ബിന്ദു എ.സി.** 41
- *മരുഭൂമിയിൽ മോക്ഷം തിരയുന്നവരും അവരുടെ ആത്മവിചാരങ്ങളും*
  **ഡോ. പ്രിൻസ്മോൻ ജോസ്** 45
- *കാവിയണിയുന്ന ഇന്ത്യൻ സിനിമ*
  **ഹരിനാരായണൻ എസ്.** 48
- *വിഷകന്യകേ നീ ജയിപ്പൂ*
  **ജോസ് മാൻവെട്ടം** 52
- *സർവ്വീസ് സെൽ*
  **ജോജി അലക്സ്** 53

## എഡിറ്റോറിയൽ




# പ്രളയപാഠങ്ങൾ കരുത്താവട്ടെ

മഹാപ്രളയത്തിന്റെ ഒന്നാം വാർഷികം വീണ്ടും കണ്ണീരോടെ ആണ് നാം പങ്കിട്ടത്. അത് പോയവർഷത്തെ ദുരന്തത്തിന്റെ സ്മരണയിൽ ആയിരുന്നില്ല മറിച്ച് വയനാടും മലപ്പുറവും ഇത്തവണ നമ്മുടെ വേദനയായി. നവകേരളം എന്നത് ഒരു ആശയം ആയി പോയ വർഷം നാം മുൻപോട്ട് വെച്ച എങ്കിൽ ഇത്തവണ അത് ഒരു അനിവാര്യത എന്ന നിലയിൽ നമുക്ക് മുൻപിൽ നിലനിൽക്കുന്നു. സർക്കാർ മുന്നോട്ട് വെച്ച കർമ്മപദ്ധതികളിൽ മാത്രം ഒതുങ്ങുന്ന ഒന്നല്ല നവകേരളനിർമ്മാണം എന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. ഗ്രാമീണമേഖലയിലെ അടിസ്ഥാന ജീവിത സമസ്യകൾ മുതൽ നഗരവും മഹാനഗരവും ഒപ്പം ചേരുന്ന ഒരു പുതിയ സാംസ്കാരിക ഇടം എന്ന നിലയിൽ കൂടി നവ കേരളനിർമ്മാണം വിഭാവനം ചെയ്യപ്പെടണം. നമുക്ക് മുൻപിൽ അവതരിപ്പിക്കപ്പെട്ട നിരവധി ആശയങ്ങൾ ഉണ്ട്. സുസ്ഥിരവികസനം എന്നത് നമ്മുടെ ദൈനംദിന ജീവിത പരിസരത്ത് എത്തിച്ചേരേണ്ട ഒന്നാണ്. അത് മേൽത്തട്ട് വികസന സങ്കൽപ്പം എന്നനിലയിൽ പ്ലാസ്റ്റിക്ക് നിർമാർജ്ജനം പോലുള്ളതിൽ ഒതുങ്ങി പോവുന്ന ഒന്നാവരുത്.

പരിസ്ഥിതിസൗഹൃദ ജീവിതരീതി മലയാളിക്ക് അന്യമായ ഒന്നല്ല. കാർഷിക സംസ്കാരത്തിന്റെ വേരുകളിൽ അവ പുതഞ്ഞു കിടക്കുന്നുണ്ട്. അത്കൊണ്ട് തന്നെ സമാന്തരമായി മുൻപോട്ട് വച്ചിട്ടുള്ള ആശയങ്ങളെ അത് താൽക്കാലികമായി നമ്മുടെ ജീവിതമണ്ഡലത്തെ അസ്ഥിരപ്പെടുത്തിയേക്കാം എന്ന ആശങ്ക ഉണ്ട് എങ്കിൽ കൂടിയും തുറന്ന മനസ്സോടെ ചർച്ച ചെയ്യാൻ നമുക്ക് കഴിയേണ്ടതുണ്ട്. ആമസോൺ എന്ന ഭൂമിയുടെ ശ്വാസകോശം അഗ്നിക്കിരയായി എന്ന വാർത്ത കേവലമായ ഒരു ആശങ്ക മാത്രമല്ല. ലോകത്തെമ്പാടും അധിനിവേശത്തിന്റെ ശൈലി ഒന്ന് തന്നെ ആണ് എന്ന ഉറപ്പിക്കൽ കൂടി ആണ് അത്. പുത്തൻ സാമ്പത്തിക ശക്തികൾ ലോകത്തെ കീഴടക്കാൻ നടത്തുന്ന ആസൂത്രിതനീക്കങ്ങളുടെ പ്രത്യാഘാതം എന്ന നിലയിൽകൂടി ഇതിനെ മനസിലാക്കേണ്ടതുണ്ട്.

മഹാപ്രളയം കവർന്നെടുത്തവരെ ഓർക്കുന്നു. ഈപതിപ്പ് അവർക്കായി സമർപ്പിക്കുന്നു.

**ഡോ. എ.എസ്. സുമേഷ്**
drassumesh@gmail.com
9744168522



ഡോ. പി.എൻ. ഹരികുമാർ

# അതെ, ഇടതുപക്ഷം തന്നെയാണ് അവസാനത്തെ പ്രതീക്ഷ

കഴിഞ്ഞ വർഷത്തിന് സമാനമായ പ്രകൃതി ദുരന്തം ഇത്തവണയും നമ്മൾ കേരളീയർ അഭിമുഖീകരിക്കുകയുണ്ടായി. ഉത്സവകാലത്തിന്റെ പ്രതീതി ഉണ്ടായിരുന്ന ഓണക്കാലം ഇപ്പോൾ മലയാളിയെ സംബന്ധിച്ചിടത്തോളം മഴക്കെടുതിയുടെയും പ്രകൃതി ദുരന്തങ്ങളുടെയും നാളുകളാണ്. ലോകചരിത്രത്തിൽ തന്നെ മറ്റൊരു നാടും കണ്ടിട്ടില്ലാത്ത തരത്തിൽ ചുറ്റുമുള്ളവരോടുള്ള കരുതൽ മലയാളി പ്രകടമാക്കിയ സമയമാണ് പ്രളയത്തെ തുടർന്നുണ്ടായ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ നാം കണ്ടത്. എല്ലാ എതിർപ്പുകളെയും അതിജീവിച്ച ജനതയുടെ ഇച്ഛാശക്തിയും ജനകീയ സർക്കാരിന്റെ നേതൃപാടവവും ഇത്തരുണത്തിൽ പ്രസ്താവയോഗ്യമാണ്. ഇത്തവയും പ്രളയബാധിതരായ കേരളീയരെ സഹായിക്കുന്നതിൽ ചിറ്റമ്മ നയമാണ് കേന്ദ്രസർക്കാർ കാണിച്ചത്. എന്തിനേറെ, പ്രളയബാധിത പ്രദേശങ്ങൾ സന്ദർശിക്കാൻ എത്തിയ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ അയൽ സംസ്ഥാനമായ കർണാടക വരെ എത്തിയിട്ട് കേരളം സന്ദർശിക്കാതിരുന്നതും ലോകത്ത് എവിടെയെങ്കിലും അപകടം നടന്നാൽ പ്രതികരണവുമായി കണ്ണീർ ഒഴുക്കുന്ന പ്രധാനമന്ത്രിയുടെ നിശബ്ദതയും നമ്മൾ കണ്ടതാണ്. കേന്ദ്ര ദാസന്മാർ ഇവിടെ നടന്ന പ്രളയ ദുരിതാശ്വാസ ഫണ്ട് പിരിവിനെവരെ പരാജയപ്പെടുത്താൻ ശ്രമിക്കുകയുണ്ടായി.

എകെപിസിടിഎയുടെ നേതൃത്വത്തിൽ, പ്രത്യേകിച്ചും പ്രകൃതി ദുരന്തം കഠിനമായി ബാധിച്ച ജില്ലകളിലെ കമ്മറ്റികളുടെ നേതൃത്വത്തിൽ ഉടനടി പ്രാദേശികമായി ഇടപെടാൻ നമുക്ക് സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ അധ്യാപകരുടെയും ജീവനക്കാരുടെയും സംയുക്ത വേദിയായ എഫ്എസ്ഇടിഒയുടെ നേതൃത്വത്തിൽ 4.03 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകുകയും ചെയ്തു. സിപിഐഎമ്മിന്റെ നേതൃത്വത്തിൽ മാത്രം 22 കോടിയോളം രൂപ സംസ്ഥാനത്തെ വിവിധ ജില്ലാ കമ്മിറ്റികൾ മുൻകൈയെടുത്ത് പിരിച്ചെടുത്ത മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന ചെയ്യുകയുണ്ടായി. പിന്നോട്ടടിക്കാൻ ശ്രമിക്കുന്ന തോറും പൊരുതി മുന്നോട്ട് വരാനുള്ള നമ്മുടെ ഇച്ഛാശക്തി ഇതുവരെയും നഷ്ടപ്പെട്ടിട്ടില്ല.

ഇതോടൊപ്പംതന്നെ എടുത്തുപറയേണ്ടതാണ് സംസ്ഥാന ദേശീയ രാഷ്ട്രീയ ഗതിവിഗതികളും. അതിവേഗം എല്ലാത്തിനെയും വിറ്റു തുലച്ച് കമ്പോളത്തിന്റെ പൂർണ ചൂഷണത്തിലേക്ക് എല്ലാ ഭാരതീയരേയും തള്ളി വിടാൻ ഉള്ള തീവ്ര പരിശ്രമത്തിലാണ് കേന്ദ്രം ഭരിക്കുന്ന സംഘപരിവാർ നേതൃത്വം. കണ്ണടച്ച് തുറക്കുന്ന വേഗത്തിലാണ് നവരത്ന കമ്പനികൾ അടക്കമുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റ് തുലക്കുന്നത്. റെയിൽവേ അടക്കം നമ്മുടെ നാടിന്റെ പൊതുമേഖലയെ ഇത്തരുണത്തിൽ സ്വകാര്യ കുത്തകകൾക്ക് അടിയറ വെക്കുന്ന കേന്ദ്രസർക്കാർ നയം രാജ്യത്തിന്റെ ദീർഘകാല സാമ്പ

ത്തിക രംഗത്ത് വൻ വിള്ളലുകൾ ഉണ്ടാകും. വൻകിട കുത്തകകളുടെ കടം എഴുതിത്തള്ളി പൊതുമേഖലാ ബാങ്കുകൾ പാപ്പരാകുന്ന സാഹചര്യമാണ് ഉണ്ടായിരിക്കുന്നത്. ഇപ്പോഴും നടത്തുന്ന പൊതുമേഖലാ ബാങ്കുകളുടെ ലയനം അടക്കം കണ്ണിൽ പൊടിയിടുന്ന നടപടികൾ നാം നേരിടാൻ പോകുന്ന വലിയ സാമ്പത്തിക പ്രതിസന്ധിയെ മറച്ചു വയ്ക്കാൻ ഉള്ളതാണ്. ഔപചാരിക മേഖലയ്ക്ക് വെളിയിൽ നിൽക്കുന്ന അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന ബഹുഭൂരിപക്ഷം വരുന്ന ഇന്ത്യക്കാരും സാമ്പത്തികഞെരുക്കം ഇപ്പോൾ തന്നെ വലിയ തോതിൽ അഭിമുഖീകരിക്കുന്നുണ്ട്. നിർമ്മാണ രംഗത്തും ഓട്ടോമൊബൈൽ മേഖലയിലും മാന്ദ്യത്തിന്റെ ഏറ്റവും തീവ്രമായ ലക്ഷണങ്ങൾ പ്രകടമായിത്തുടങ്ങിയിട്ടുണ്ട്.

രാഷ്ട്രം വലിയ സാമ്പത്തിക അരക്ഷിതാവസ്ഥയിലേക്കാണ് പോകുന്നതെങ്കിലും കപട ദേശീയതയുടെ പൊയ്മുഖം കാണിച്ച് അതിനെയെല്ലാം മറച്ചുവയ്ക്കാനാണ് കേന്ദ്രസർക്കാർ ശ്രമിക്കുന്നത്. ഒറ്റ രാത്രി നേരം ഇരുട്ടി വെളുത്തപ്പോഴേക്കും ജമ്മു കാശ്മീർ എന്ന സംസ്ഥാനം രണ്ട് കേന്ദ്രഭരണ പ്രദേശങ്ങൾ ആയി വിഭജിക്കപ്പെട്ടു. ഇപ്പോഴും അടിയന്തരാവസ്ഥ സമാനമായ സാഹചര്യമാണ് കാശ്മീരിൽ നിലനിൽക്കുന്നത്. ദേശീയ പൗരത്വ രജിസ്റ്ററിന്റെ പേരിൽ നാല്പത് ലക്ഷത്തോളം ആളുകളാണ് ആസാമിൽ പുറത്താക്കപ്പെടുന്നത്. ന്യൂനപക്ഷങ്ങളുടെ ഇടയിൽ വലിയ അരക്ഷിതാവസ്ഥയാണ് ഇത്തരം നടപടികൾ സ്വീകരിക്കുന്നതിലൂടെ കേന്ദ്രസർക്കാർ ഉണ്ടാക്കിയെടുക്കുന്നത്. തങ്ങൾക്ക് തോന്നുന്ന ഇടങ്ങളിലെല്ലാം പ്രത്യേക പദവി നൽകി അധികാരം ഉറപ്പിക്കുന്ന ബിജെപി സർക്കാർ അതേസമയം ഭരണഘടനാപരമായി വിവിധ പ്രദേശങ്ങളും ജനവിഭാഗങ്ങളും അനുഭവിച്ച പോന്നിരുന്ന അവകാശങ്ങളെ യാതൊരുവിധ മാന്യതയുമില്ലാതെ ചവിട്ടിയരക്കുകയാണ്. അതേസമയം ഭൂരിപക്ഷ വർഗീയതയുടെ തേരിലേറി മുന്നോട്ട് കുതിക്കാം എന്ന് വിചാരിക്കുന്ന ആർഎസ്എസിന് എല്ലാവിധ ഒത്താശയും മൗനമായി ചെയ്തുകൊടുക്കുകയാണ് മുഖ്യ പ്രതിപക്ഷ പാർട്ടിയായ കോൺഗ്രസ്. യാതൊരുവിധ പ്രത്യയശാസ്ത്ര അവബോധവും കൈമുതൽ ഇല്ലാത്ത കോൺഗ്രസ് നേതാക്കളും അണികളും കർണാടകയിലെ അധികാര നഷ്ടത്തിന് ശേഷം ബിജെപിയിലേക്ക് കൂട്ടംകൂട്ടമായി ചേക്കേറുകയാണ്. ഫെഡറൽ നയങ്ങളുടെ നഗ്നമായ ലംഘനങ്ങളെ പ്രാദേശിക കക്ഷികൾ വരെ തങ്ങളുടെ നിലനിൽപ്പിനാവേണ്ടി ന്യായീകരിക്കുകയാണ്.

ഇവിടെ എല്ലാം നിലപാടിലും സിദ്ധാന്തത്തിലും പ്രവർത്തിയിലും വ്യത്യസ്തത പുലർത്തുന്ന ഒരേയൊരു വിഭാഗം ഇന്ത്യയിലെ ഇടതുപക്ഷം ആണ്. അതുകൊണ്ടാണ് ഇടതുപക്ഷം തൊഴിലാളികളുടെയും കർഷകരുടെയും പ്രതീക്ഷയായി മാറുന്നത്. രാജ്യമാസകലം ഇടതുപക്ഷത്തിന് നേതൃത്വത്തിൽ വലിയ സമരപരിപാടികൾ ഇക്കഴിഞ്ഞ നാളുകളിൽ സംഘടിപ്പിക്കപ്പെട്ടിട്ടുണ്ട്. ബാംഗ്ലൂരിലെ ഐടി മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളും, രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലെ അംഗൻവാടി തൊഴിലാളികളായ സ്ത്രീകളും, തമിഴ്നാട്ടിലെ ജാതി വിവേചനത്തിനെതിരെ രൂപീകരിച്ച ജനകീയ മുന്നണിയും, ബീഹാറിലെ കർഷകത്തൊഴിലാളികളും ചെങ്കൊടിയേന്തി നടന്നുനീങ്ങിയത് നാം കണ്ടതാണ്. ഇടതുപക്ഷം ഒരു നിലപാടും നാളെയുടെ പ്രതീക്ഷയുമാണ്. ലോകമെങ്ങും വലതുപക്ഷ പിന്തിരിപ്പന്മാർ ശുദ്ധ ഭോഷ്കായ സാമ്പത്തിക-സാമൂഹിക നയങ്ങളുടെ പിന്നാലെ പായുമ്പോൾ മൂർത്തമായ സാഹചര്യങ്ങളെ വിശകലനം ചെയ്ത് കൃത്യമായ പരിഹാരം നിർദേശിക്കാൻ ഇന്ന് സാധിക്കുന്ന ഒരേയൊരു പ്രസ്ഥാനം ഇവിടുത്തെ മാർക്സിസ്റ്റുകൾ മാത്രമാണ്. മണ്ണിനെയും പ്രകൃതിയെയും നശിപ്പിച്ചുകൊണ്ട് മുതലാളിത്തം വികസനത്തിന്റെ മണിമാളികകൾ പണിയുമ്പോൾ മൂന്നാംലോക രാജ്യങ്ങളിലെ ജനങ്ങളാണ് അതിന്റെ കൈപ്പുനീർ കുടിക്കേണ്ടി വരിക. ലോകത്തിനാകെ വേണ്ട ശുദ്ധവായുവിന്റെ 30% നൽകുന്ന ആമസോൺ കാടുകളെ ബ്രസീലിലെ വലതുപക്ഷ ഭരണകൂടം തന്നെയാണ് തീയിട്ട് നശിപ്പിക്കുന്നത്. ആഗോളതാപനം എന്നത് ഒരു അവാസ്തവമായ കാര്യമാണ് എന്ന് വിശ്വസിക്കുന്ന ട്രംപ് അടക്കമുള്ള ലോകനേതാക്കൾ ഇതിൽ നിന്നും വ്യത്യസ്തമായി ഒരു നിലപാട് സ്വീകരിക്കുമെന്ന് കരുതുക വയ്യ.



കേരളവും വലിയ പാരിസ്ഥിതിക ദുരന്തങ്ങളെ അഭിമുഖീകരിച്ച നാളുകളിലൂടെയാണ് നമ്മൾ കടന്നുപോയത്. ഇനിയുള്ള വികസന പ്രവർത്തനങ്ങൾ പ്രകൃതിയെ കൂടി പരിഗണിച്ചേ സാധ്യമാവൂ.

പ്രക്ഷുബ്ധമായ ദേശീയ രാഷ്ട്രീയ സാഹചര്യങ്ങളുടെ ഇടയിലാണ് കേരളം ഉടനെതന്നെ ഉപതെരഞ്ഞെടുപ്പുകളിലേക്ക് കടക്കുന്നത്. എല്ലാ ഉപതെരഞ്ഞെടുപ്പുകളിലും ഇടതുപക്ഷം ജയിക്കേണ്ടത് രാജ്യത്തിന്റെ മതേതരത്വത്തിലും ജനാധിപത്യ ഭാവിയിലും പ്രതീക്ഷ ഉള്ളവർ അഭിലഷിക്കുന്ന ഒന്നാണ്. വർഗീയ പേക്കൂത്തുകൾ നടത്തി കേരളീയരെ വിഭജിക്കാൻ സംഘപരിവാറും അവർക്ക് ഒത്താശ ചെയ്യുന്ന ഐക്യ ജനാധിപത്യ മുന്നണിയുടെ വിഴുപ്പ് രാഷ്ട്രീയവും നാം എതിർത്തു തോൽപ്പിക്കേണ്ടിയിരിക്കുന്നു. വികസനത്തിന്റെ, നവമായ രാഷ്ട്രീയ സംസ്കാരത്തിന്റെ ഒരു ബദൽ സാധ്യമാണ് എന്ന് ലോകത്തെ ഒരിക്കൽ കൂടി നമുക്ക് കാണിച്ച കൊടുക്കേണ്ടതുണ്ട്. പൊതുമേഖലയെ കരുതാനും ജനകീയ ആരോഗ്യവും വിദ്യാഭ്യാസവും എല്ലാവർക്കും പ്രാപ്യമാക്കാനും ഈ സർക്കാർ ഇതുവരെ കൈക്കൊണ്ട എല്ലാ നടപടികൾക്കും ഉള്ള നമ്മുടെ പിന്തുണ പ്രകടിപ്പിക്കാനുള്ള അവസരമാണ് തെരഞ്ഞെടുപ്പ്. ഉപതെരഞ്ഞെടുപ്പുകളിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ വിജയിപ്പിച്ച് ജനകീയ സർക്കാരിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ നമുക്ക് ശക്തി പകരാം.

നിങ്ങൾക്കേവർക്കും അഭിവാദ്യങ്ങൾ.

## National Education Policy 2019:

# Visionary Constraints and Categorical Centralization in Higher Education

**Dr. Lakshmi Priya N.**
Mahatma Gandhi College
Thiruvananthapuram



NEP 2019 is anticipated continuance of the neo liberal, anti-democratic and centralizing tendencies that have been prevailing in the higher education sector since the early 1990s. Alarmingly, these predilections have become more pronounced in the current NEP, adding revivalist, communal and socially insensitive stances to it. The document, while being concerned with the 21st century challenges, the need for multidisciplinary liberal education and the direct connect education needs to have with the industry, very cunningly puts away the methodologies of putting into practice the constitutional concepts and practices of secularism, equity, access, social justice, gender justice, plurality and the like our social fabric demands. The absences in the policy is much louder and poignantly visible than the strategically separatist stands it puts forward.

The policy begins by pointing out its concerns about the "Fragmentation of Higher Education System" (203) The reason for this fragmentation is identified as the presence of over 800 universities and 40,000 colleges throughout the country. The socio-cultural diversity, decentralised autonomy of the universities, the reach and scope of affiliated colleges to cater to the needs of the urban and rural population are all negated in a single stroke by labelling the existing plurality as 'fragmentation'. When the new system proposes to overcome this 'fragmentation' by setting up Higher Educational Institutes (HEIs) of much broader scope and size they miss out to address the diversity and de-centralized governance of

the land and comply to the credentials of creating a monolithic and homogenised structure.

The general tendency of the NEP 2019 is towards homogenization. There are repeated references of 'Indianness' throughout the policy. The policy promises special funding for the study of Indian art, culture and literature.

> All undergraduate programmes will also emphasise music, visual arts, performing arts, and sports. This shall include India's deep traditions in the arts, music and sports, including the numerous remarkable local regional traditions. Yoga shall form an integral part of such efforts as well. Institutions will be encouraged and funded to offer full-fledged programmes and courses in these areas."

It sounds compulsory. At least it's been bribed with the promise of "funds". Moreover, the use of the word 'Indian' in relation to art, culture and literature is problematic. India is not a monolithic structure. Diversity and plurality are our hallmark. The dangers of revivalism is inherent in the call to study Indian culture. The majoritarian culture would undoubtedly become 'the Indian Culture'. Whose art? Whose literature? and whose culture? would get labelled as 'the Indian'? And why? The scores of regional pluralities in art and life would get wiped out in this attempted homogenisation. The implementation of 'Mission Nalanda' and 'Mission Takshashila' is a case of cultural blindness. The idea is used in a very limited sense of being multidisciplinary whereas a host of other readings (contrary to the current policies)for the same are possible of which the policy is blissfully ignorant. This is nothing but an imprudent attempt to flower the 'Indianness'. The policy also proposes to establish Departments of Indic studies, "funded in several institutions on a competitive basis" (251) the nature of the supposed 'competition' is vague and disquieting.

At the very outset, the draft says,

> By focusing on such broad based, flexible, individualised, innovative, and multidisciplinary learning, higher education must aim to prepare its students not just for their first jobs- but also for their second, third and all future jobs over their lifetimes. In particular, the higher education system must aim to form the hub for the next industrial revolution. (203)

The above reference is problematic in different ways. It indirectly points to the fact that public funded job securities would soon become a matter of the past. The capitalist dictum of 'hire and fire at will' would be applicable to the job scenes in all sectors for the upcoming generation. Moreover, there is a call to make the educational system the hub of Industrial revolution. Is education all about industrial prosperity? This is a thorough thwart of educational philosophy that the realities of our societies demand.

**NEP 2019 is anticipated continuance of the neo liberal, anti-democratic and centralizing tendencies that have been prevailing in the higher education sector since the early 1990s. Alarmingly, these predilections have become more pronounced in the current NEP, adding revivalist, communal and socially insensitive stances to it.**

More than developing "outstanding employees and outstanding citizens and communities" the essential need of the hour in our social context is to provide basic education to all sections of the population alike. Access, equity and inclusiveness are the primary needs of our society where, even to this day, more than 50% of the students in higher education are first generation college goers. The educational aspirations and goals NEP sets aside seems to cater to a particular class of people. Only that particular class of the population who have already had the privilege of assess and visibility can afford to address the aims and visions proposed by the policy. The hyped over internationalism is not the need of the hour. Even though global competence is desirable, much more essential for us is to address issues of inclusiveness. It's essential to make sure education reaches all and could be made productive by all, before we set our goals to internationally competitive education. But such concerns are not at all addressed in the NEP.

The policy perceives that there is a lack of novel initiatives from faculty because they don't find it necessarily connected with their "selection, tenure, promotion, salary increases and other recognition and vertical mobility"(204) The reference to performance based career advancement mentioned here gives an impression that innovations by the faculty is directly connected to their career advancements rather than for creating and disseminating knowledge. One needs to point out, at this juncture, the unscientific and socially unfeasible PBAS of UGC Regulations that had been revamped and made viable in the recent UGC 2018 Regulation. Moreover, it is anti-academic to connect academic innovation, brilliance or performance to material returns.

The policy critiques the current regulatory bodies as limiting and fostering mediocrity and graft. It adds, "moreover, private HEIs have not been treated on an equal footing with public institutions[...]this approach has discouraged public -spirited philanthropic HEIs" (206) The use of the term "public spirited philanthropic HEIs" to refer to private investments, seems very much

ironic in an age when education itself has been commoditized and is part of GATS (General Agreement on Trade in Services)

The present NEP attempts a through revamping of the current structure of higher education. "Regarding the structure of higher education, the policy places the highest emphasis on moving to large multidisciplinary universities" (206) the draft further says, all HEIs must develop into one of the three types of institutions

i) Type 1- Research Universities
ii) Type 2- Teaching universities
iii) Type 3- Colleges.

Both type 1 and 2 are planned as mega HEIs with 5000-25,000 or more students. These HEIs demand a huge layout in terms of campus, infrastructure and all other basic amnesties. The proposal to have at least one HEI in each district is not feasible as per the regional systems of education currently followed in various states. There is no clarity regarding funding and the methods to be adopted. The idea of liberal and multidisciplinary education envisaged through such HEIs will be limiting in its reach to all sections of the society. It's quite evident that such centres of learning demands huge investments with regard to land, infrastructure and mode of governance and finance. It's quite revealing to ponder upon the chances of availability of resources for the above mentioned everyday requirements. This is a call for a direct breakthrough and increase of privatization in education. Only large scale investors will be able to provide the land, the infrastructure and other requisites needed for the multidisciplinary institutes in the offing. This paradigm shift the policy boasts is nothing but a direct transferring of power to multinational corporations or such other large scale private investors. Meanwhile, it should be noted that the policy only makes a single-statement passing reference about public education in page 213.

NEP while proposing to change the current structures of higher education inside out, fails to give clarity about the practicality of its adoption. The mandates it puts forward regarding the shifts that the current structures need to adopt leaves no choice for the institutions throughout the country to sustain its original roles of providing access to regional multitudes. Moreover, the policy is rudely silent about reservation as an inclusive strategy. By giving over emphasis on merit by negating reservation, the policy has thwarted the idea and practice of the politics of reservations as performance of social justice. The document seems to have wiped out the reality of social disparities the practice of reservation had hitherto addressed thereby deceitfully signalling the wiping out the ever-present histories of exclusivity.

> this move towards large multidisciplinary HEIs will be carried out as swiftly as possible and in a systematic and thoughtful manner, by consolidating and restructuring existing institutions and building new ones including establishing new world class model institutions of this type across the country, and also establishing at least one large high quality multidisciplinary HEI in (or close to) every district (207)

Multidisciplinary approach to learning and knowledge creation is proactive, but who will provide the fund for such a vast canvas of learning? And for whom? The policy doesn't provide clarity regarding how the consolidation or restructuring is planned and would be executed. No detailing on funding and its implementation is explained. But, it says, the colleges which can't suit the standards set by the regulatory authorities will be asked to shutdown, thereby closing down the possibilities of the rural or semi urban population. Though the proposal to make education multidisciplinary is a welcome move, the mandatory stand that "single-stream HEIs will be phased out" (207) is autocratic.

The suggestion that all three types of institutions "have student enrolments in the thousands, if not tens of thousands, for optimal use of infrastructure and resources..." (212) shows the mega overarching design of education the policy aims at. There is a definite negation of the local, the mini/little narratives and possibilities of knowledge production and implementation. Moreover, education is much more than gathering knowledge and skill for employability. It is also about becoming socially sensitive and nourishing a continued commitment to social/gender justice, secularism, inclusiveness and the idea of democracy as applied and performed on a daily basis. The NEP, while detailing on the proposed methodologies, objectives and outcome of its policies on education utterly fails to address these concerns which need to be inherent within the system.

Again, the differentiation of HEIs to Research Universities and Teaching Universities is witlessness. Higher educational institutions, being centres of learning and knowledge production, can't be categorised to research and teaching. HEIs need to be a well-balanced with both these criteria. Neither can good teaching happen without research and vice versa. The type 3 HEIs, titled colleges, as envisaged in the policy are those with 2000- 5000 or more students largely focusing on teaching. Most of the present colleges in the country, government, aided or self-financing more or less gets identified with this Type 3 HEIs. The policy embarks upon the idea that these should be converted to autonomous institutions by 2032 or merge with the university they are affiliated to. The gradual, yet complete annulment of public funded education in favour of autonomy will be a threat to a larger section of the population who may not possess resources for the same. Moreover, the proposal to merge with the parent university doesn't convey a clear-cut methodology and further administrative plans and policies it demands. The policy states that, "the facilities and resources of colleges that do not develop in to type three HEIs by 2032 will be optimally utilized for other public good and services, for example as adult education centres, public libraries, vocational education facilities etc."(220) this is a through autocratic move that would thwart the existing socially sensitive approach of regional education systems.

The policy while observing



the need for faculty and institutional autonomy contemplates on the meaning of autonomy. The policy observes, "Financial Autonomy will not mean a cut in funding, but rather the freedom to decide how best to spend funds to maximise educational attainments." (208) Even while talking about all kinds of autonomy, the policy quite contradictorily talks about a centralized system that would set standards of functioning. The idea to transform the regulatory system as "one regulator for all higher education, including professional education" (210) is again a call for centralization and contrary to the visions of autonomy the policy puts forward. The policy further observes that the Board of Governors must approve a plan for developing and running programmes of the HEI and this must form an integral part of the IDP." This is a clear instance of contradiction.

Even when academic autonomy is being envisaged, the general tendency is towards centralization. A host of regulatory bodies, in direct contradiction to the policy's call for autonomy, are proposed throughout the policy. NHEQF (National Higher Education Qualification Framework), GEC (General Education Council), NSQF (National Skills Qualification Framework), NRF (National Research Foundation) to name a few. The draft says, colleges which can't suit the standards set by the regulatory authorities will be asked to shutdown, thereby despotically over ruling the sector and thereby closing down the possibilities of the rural or semi urban population. Rashtriya Shiksha Ayog (RSA) which is said to rule over the entire sector of education with the prime minister of the country at its apex is the most threatening point in the entire policy. To give absolute power to the ruling party on matters of education is suicidal for the constitutional policies of the country. Knowledge systems and knowledge formation would categorically be ruled over by shrewd propaganda.

**Multidisciplinary approach to learning and knowledge creation is proactive, but who will provide the fund for such a vast canvas of learning? And for whom? The policy doesn't provide clarity regarding how the consolidation or restructuring is planned and would be executed.**

Moreover, the policy records that "all HEIs will have complete autonomy on curricular, pedagogical [...] and resource related (including qualification of faculty) matters. (242) The autonomy of an HEI to decide the qualification for faculty recruitment will unsettle the whole process of recruitment by sabotaging minimum qualification, reservation and natural justice by paving way for favouritism, political ploys and other such unfair tendencies. Commenting on curriculum and syllabus, the policy hopes to revise the current CBCS (Choice Based Credit System). CBCS is a highly centralized methodology of higher education which provides uniform syllabus for the entire nation with only minimal regional choices. The present policy which has come up with a host of 'self-sufficient' and 'autonomous' ideas pathetically self contradicts with its proposed revision of CBCS to revamp HEIs. The common core curriculum proposed by the policy plans to implement Critical Thinking. But unwittingly critical thinking has been identified as "courses on statistics, data analysis, or quantitative methods".

Even while asserting multidisciplinary approach over and again

throughout the policy the objective of the newly proposed National Research Foundation (NRF) seems restrictive and biased. The policy says, "The NRF will also act as the liaison among researchers, ministries of government and industry, in order to ensure that the most relevant and societally useful research reaches the people as soon as possible."(209) Research being a free space of knowledge formation and dissemination, needn't necessarily have an overtly countable or tangible output. In varied streams of arts and humanities research often target the creation of social knowledge and historical awareness about formations of power, culture and knowledge. This helps to form ideas of socio cultural sensitiveness and performance possibilities of our constitutional values in our everyday life. But quite contrary while research is been envisaged for "creating beneficial linkages among government, industry and researchers" (279), it seems to be quantified for its commoditized capital use value.

The policy further says, "The NRF will also provide prestigious fellowships for postdoctoral fellows (including foreign applicants) to pursue high quality research at universities, in areas identified by the NRF". It adds, "the NRF may on occasion identify areas of research that are of special importance to the country and prioritise funding to them."(270) NEP has listed out possible proposals where it notes, "research facilities of national and international importance…national importance or inspiration" (273-274) This is a very tricky situation. The perils behind an authoritative body deciding topics of national interest would be restrictive, autocratic and biased. No external body or state should be given power to decide and list out research topics. It's a regressive attitude put forward by the NEP which now and again talks about academic autonomy. One can very well guess the 'areas' that would be identified! Suiting the industry! or 'National Interest'! At this juncture, it is important to take note of the recent turn of events that took place in the Central University of Kerala, Kasaragod. The university had come up with a new directive for PhD students asking them to choose topics in accordance with "national priority". The circular also carried the decision to discourage research in 'irrelevant areas'. The researchers were also asked to select topics from a 'shelf of project' or a list of the same prepared by the concerned department. The whole community needs to be very vigilant on such tendencies of fascist encroachments upon knowledge production.

In the chapter on Teacher Education the policy observes, "Teachers must be grounded in Indian values, ethos, knowledge, and traditions, while also being well versed in the latest advances in education and pedagogy" (283) This is a propagandist statement of a xenophobic vision. The essential qualities a teacher needs like social sensitiveness, critique of knowledge and power formations and awareness and performance of constitutional values are not even mentioned. Such narrow bigotry is evident throughout the draft that one feels disheartened to realize the pace with which chauvinism is grabbing the democratic sensibilities of the higher education sector. It is further said that "substandard and dysfunctional Teacher Education Institutes (TEIs) that do not meet the basic educational criteria will be closed. The policy hasn't listed various qualifying criteria other than asking all TEIs to become multidisciplinary. The decision to close down those TEIs that fail to become multidisciplinary as the policy envisions is undemocratic. As per the policy statement, multidisciplinarity seems the only criteria for good teacher education!

**An in-depth reading of the same brings out the gaps, the purposeful silences, the scheming power plays, outright jingoism, precarious revivalism, absolutism and many other parochial vulnerabilities which is a sure threat to the plurality and social sensitiveness of the nation.**

The words that often get repeated in the policy are 21st century, multidisciplinary, well- rounded individuals, liberal and industry. This connect is the thread with which the policy defends itself for being the voice of the age. Every turn of ideas portrayed in relation to learning outcome, research, student achievement and knowledge production is directly connected to industry and technological inputs. While industrial development is a welcome move in the development scale and nation building, the policy completely ignores the socially sensitive and equity ridden realities of our society. The idea of development, as envisaged in the policy, needs a spin over and it's high time one views it by lurking on the availability of basic necessities (education, employment, work atmosphere and security) and well-being of all sections of the population alike rather than attaining industrial and other prosperitiess. Though the policy seems to scatter vistas of broad learning, it is just a cover-up of a larger political agenda of privatization and centralization. It becomes all the more shocking to note that the policy has undeniably expressed its agenda of strategic homogenization directly without any guilt of power play. An in-depth reading of the same brings out the gaps, the purposeful silences, the scheming power plays, outright jingoism, precarious revivalism, absolutism and many other parochial vulnerabilities which is a sure threat to the plurality and social sensitiveness of the nation.

Works Cited

https://mhrd.gov.in/sites/upload_files/mhrd/files/Draft_NEP_2019_EN_Revised.pdf

https://ugc.ac.in/pdfnews/8023719_Guidelines-for-CBCS.pdf

സ്മരണകൾ

ആർ.ആർ.സി.

# എ.കെ.പി.സി.ടി.എ. ഒരവലോകനം

കഴിഞ്ഞ രണ്ടുദശകങ്ങളിലായി പരന്നുകിടക്കുന്ന കേരളത്തിലെ പ്രൈവറ്റ് കോളേജ് അദ്ധ്യാപകരുടെ സമരേതിഹാസം തന്നെയാണ് അവരുടെ സംഘടിത പ്രസ്ഥാനമായ എ.കെ.പി.സി.ടി.എ.യുടെയും ചരിത്രം. 1932-ൽ തന്റെയും സഹപ്രവർത്തകരുടെയും ശമ്പളം മാനേജ്മെന്റ് ഒരു കാരണവുമില്ലാതെ വെട്ടിക്കുറച്ചപ്പോൾ ആ അനീതിക്കെതിരെ ശബ്ദമുയർത്തിയ പ്രൊഫ. എം.പി. പോളിന്ന് അവസാനം ജോലി രാജിവെച്ച് പോരേണ്ടിവന്ന നിമിഷം കേരളത്തിലെ സ്വകാര്യകോളേജ് അധ്യാപകപ്രസ്ഥാനത്തിന്റെ തുടക്കം കുറിച്ച മുഹൂർത്തമാണെന്ന് പറയാം. കേരളത്തിൽ നാലോ അഞ്ചോ പ്രൈവറ്റ് മാനേജ്മെന്റുകളും നൂറിൽതാഴെ അദ്ധ്യാപകരും ഉണ്ടായിരുന്ന ആ നാളുകളിൽ, ഊർജ്ജസ്വലമായ ഒരു സംഘടിതപ്രസ്ഥാനം ഉടലെടുത്തിട്ടില്ലാത്ത അക്കാലത്ത് പോൾ സാറിന് മാനേജ്മെന്റിന്റെ ധിക്കാരത്തെ ചെറുത്തുനിൽക്കുവാനുള്ള സാഹചര്യമില്ലായിരുന്നു. 'സേവനം'



നടത്തുവാൻ വിധിക്കപ്പെട്ടിട്ടുള്ള സ്വകാര്യകോളേജ് മാനേജ്മെന്റുകൾ അവരുടെ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർക്ക് സേവനഭദ്രത വേണമെന്ന് കേട്ടാൽ കലിതുള്ളും എന്നത് എന്നത്തെയും പോലെ ഇന്നും ഒരു വസ്തുതയാണ്. പക്ഷെ, അവരുടെ ഹാലിളക്കങ്ങൾക്ക് ഒട്ടൊക്കെ കടിഞ്ഞാണിടാനും, "പാണ്ടൻ നായുടെ പല്ലിനു ശൗര്യം പണ്ടേപ്പോലെ ഫലി"ക്കാതാക്കാനും നമ്മുടെ ഇതഃപര്യന്തമുള്ള പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

വ്യവസായ മുതലാളിമാരുടെ ഹീനമായ ലാഭതൃഷ്ണയെ കവച്ചുവെക്കുന്ന പണക്കൊതിയും, അവരനുവർത്തിക്കുന്ന തൊഴിലാളിവിരുദ്ധ പ്രവർത്തനങ്ങളെ അതിശയിപ്പിക്കുന്ന അദ്ധ്യാപകമർദ്ദനവും സവിശേഷ സ്വഭാവങ്ങളായിട്ടുള്ള സ്വകാര്യകോളേജ് മാനേജ്മെന്റുകൾക്ക് ഒരു പേടിസ്വപ്നമായിത്തന്നെ നമ്മുടെ സംഘടന വളർന്നുവികാസം കൊണ്ടിരിക്കുന്നു.

## ഉത്ഭവം

1958 ഡിസംബർ 21-ാം തിയതി എറണാകുളം സെന്റ് ആൽബേർട്ട്സ് കോളേജിൽ വെച്ചാണ് എ.കെ.പി.സി.ടി.എ. രൂപീകരിക്കപ്പെട്ടത്. പ്രൈവറ്റ് കോളേജ് അധ്യാപക പ്രസ്ഥാനത്തിന് ബീജാവാപം ചെയ്തത് പ്രൊഫ. എം.പി. പോളായിരുന്നു. അദ്ദേഹം തുടങ്ങിവെച്ച സംഘടിത പ്രസ്ഥാനത്തെ മുന്നോട്ടുകൊണ്ടുപോയത് തിരുവനന്തപുരം എം.ജി. കോളേജ് ലക്ചറർ ആയിരുന്ന ശ്രീ വിജയൻനായരാണ്. ഈ പ്രസ്ഥാനത്തിന് വ്യക്തമായ ഒരു സംഘടനാരൂ



"സമരം ചെയ്യാൻ തയ്യാർ": പാരിറ്റിക്കുവേണ്ടിയുള്ള സമരത്തിനനുകൂലമായി കോട്ടയം കൺവെൻഷനിൽ പ്രതിനിധികൾ വോട്ട് ചെയ്യുന്നു


പമുണ്ടായത് 1952 മാർച്ച് 16-ാം തീയതിയാണ്. അന്ന് തിരുവനന്തപുരത്ത് നടന്ന കൺവെൻഷനിൽ വെച്ച് തിരുവിതാംകൂർ യൂണിവേഴ്സിറ്റി പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് യൂണിയൻ രൂപമെടുത്തു. കൊല്ലം എസ്. എൻ. കോളേജ് പ്രിൻസിപ്പലായിരുന്ന ശ്രീ. എ. രാമയ്യരായിരുന്നു ആദ്യത്തെ പ്രസിഡന്റ്. 1956ൽ സംഘടനയുടെ പേര് ട്രാവൻകൂർ യൂണിവേഴ്സിറ്റി പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ എന്നാക്കി മാറ്റി. 1957ൽ തിരുവനന്തപുരത്തു നടന്ന രണ്ടാമത്തെ കൺവെൻഷനിൽ വെച്ച് ഈ സംഘടന കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ (കെ.പി.സി.ടി.എ.) എന്നായി രൂപാന്തരപ്പെട്ടു. 1957-ൽ തന്നെ കൊച്ചി മലബാർ പ്രദേശത്ത് പരേതനായ പ്രൊഫ. നാരായണസ്വാമി, പ്രൊഫ. വി.ആർ. സുബ്രഹ്മണ്യൻ എന്നിവരുടെ നേതൃത്വത്തിൽ മലബാർ കൊച്ചിൻ പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ (എം.സി.പി.സി.ടി.എ.) എന്നൊരു സംഘടന നിലവിൽ വന്നു. ഈ രണ്ടു സംഘടനകളും സംയോജിച്ചാണ് 1958ൽ എ.കെ.പി.സി.ടി.എ. ജന്മമെടുത്തത്. പരേതനായ പ്രൊഫ. പി.സി. ജോസഫ് (സെന്റ് തോമസ് കോളേജ്, പാല), പ്രൊഫ. കെ. വേലായുധൻ നായർ (എസ്. എൻ. കോളേജ്, കൊല്ലം), പ്രൊഫ. വി.ആർ. സുബ്രഹ്മണ്യൻ (സെന്റ് തോമസ് കോളേജ്, തൃശ്ശൂർ തുടങ്ങിയവരാണ് ഈ ലയനസംരംഭത്തിന് മുൻകൈയ്യെടുത്ത് എ.കെ.പി.സി.ടി.എ. സ്ഥാപിച്ച നേതാക്കൾ, കേരളത്തിലുടനീളമുള്ള പ്രൈവറ്റ് കോളേജ് അദ്ധ്യാപകർ അങ്ങിനെ ഇദംപ്രഥമമായി ഒരു കൊടിക്കീഴിൽ അണിനിരന്നു.

1958ൽ കേരളത്തിലെ പ്രൈവറ്റ് കോളേജ് അദ്ധ്യാപകർ എല്ലാതരത്തിലും കരുണയർഹിക്കുന്ന ഒരു വിഭാഗമായിരുന്നു. തുച്ഛമായ വേതനം, സദാപി തലയ്ക്കു മുകളിൽ തൂങ്ങിനിൽക്കുന്ന പിരിച്ചുവിടൽ ഭീഷണി, ശമ്പള വിതരണത്തിൽ കൃത്യതയില്ലായ്മ തുടങ്ങി പരശ്ശതം പരാധീനതകളായിരുന്നു അവർ നേരിട്ടിരുന്നത്. സംഘടിത പ്രവർത്തനത്തിന്റെ ഫലമായി ഈ അവശതകളിൽ ചിലതിനൊക്കെ

ഗണ്യമായ പരിഹാരം ഇന്ന് ഉണ്ടായിട്ടുണ്ട്. 1958-ൽ എ.കെ.പി.സി.ടി.എ. രൂപീകൃതമായ കാലത്ത് പ്രൈവറ്റ് കോളേജ് അദ്ധ്യാപകന്റെ ശമ്പളം വെറും 125 രൂപയായിരുന്നു. (അതിനുമുമ്പ് 106-5-150-200 എന്നായിരുന്നു ശമ്പളസ്കെയിൽ. 100 രൂപ എന്ന അടിസ്ഥാന ശമ്പളത്തോടൊപ്പം ഐകരൂപ്യമില്ലെങ്കിലും തുച്ഛമായ ഒരു സംഖ്യ ക്ഷാമബത്തയായും മാനേജ്മെന്റുകൾ നൽകിയിരുന്നു. പിന്നീട് മറ്റു തുറകളിൽ ജോലിചെയ്തിരുന്നവരുടെ ശമ്പളവുമായി തട്ടിച്ചുനോക്കിയപ്പോൾ പ്രൈവറ്റ് കോളേജ് അദ്ധ്യാപകന്റെ ഈ ശമ്പളം തീരെ തുച്ഛമാണെന്ന് കണ്ടതിനാൽ ഉണ്ടായ ലജ്ജാഭാരം കൊണ്ടോ എന്തോ, തിരുവിതാംകൂർ യൂണിവേഴ്സിറ്റി ലക്ചറർമാരുടെ ശമ്പളം പരിഷ്കരിച്ചു. 125-5-150-10-200 എന്നായിരുന്നു പരിഷ്കരിച്ച സ്കെയിൽ. ഇതോടൊപ്പം യൂണിവേഴ്സിറ്റി മറ്റൊന്നുകൂടി ചെയ്തു. അതുവരെ കിട്ടിക്കൊണ്ടിരുന്ന ക്ഷാമബത്ത തുടർന്നു കൊടുക്കേണ്ട കാര്യം മാനേജർമാരുടെ വിവേചനാധികാരത്തിനായി വിട്ടുകൊടുത്തു. മാനേജർ വിവേചനാധികാരം ശരിക്കും ഉപയോഗിച്ചു! അതുവരെ പല മാജ്മെന്റുകളും കൊടുത്തിരുന്ന ക്ഷാമബത്ത മേലാൽ കൊടുക്കേണ്ടതില്ലെന്ന് മാനേജർമാർ ഏകകണ്ഠമായി തീരുമാനിച്ചു. ക്രൂരമായ ഈ പരിഷ്കരണത്തിന്റെ സ്വാദറിഞ്ഞവനാണ് ഈ ലേഖകൻ. യൂണിവേഴ്സിറ്റിയുടെ ശമ്പളപരിഷ്കരണത്തിനു മുമ്പ് എനിക്ക് കിട്ടിക്കൊണ്ടിരുന്ന ശമ്പളം 115 രൂപയും ക്ഷാമബത്ത പത്തുരൂപയുമായിരുന്നു. പുതുക്കിയ ശമ്പളനിരക്ക് വന്നപ്പോൾ എന്റെ ശമ്പളം 125 രൂപയായി. ക്ഷാമബത്ത കിട്ടാതെയുമായി. ചുരുക്കത്തിൽ, ശമ്പളപരിഷ്കാരം കൊണ്ടുണ്ടായ മൊത്തം വർദ്ധനവ് വട്ടപ്പൂജ്യം) എന്നാൽ തുല്യയോഗ്യതയുള്ള സർക്കാർ കോളേജ് അദ്ധ്യാപകൻ അക്കാലത്ത് തന്റെ സർവ്വീസ് ആരംഭിക്കുന്നത് തന്നെ 300 രൂപ (അലവൻസ് അടക്കം) ശമ്പളത്തിലാണ്. ശമ്പളത്തിന്റെ കാര്യത്തിലും മറ്റ് ആനുകൂല്യങ്ങളുടെ കാര്യത്തിലും സർക്കാർ കോളേജ് അദ്ധ്യാപകർക്കും പ്രൈവറ്റ് കോളേജ് അദ്ധ്യാപകർക്കും ഇടയിലുണ്ടായിരുന്ന ഈ വിവരണാതീതമായ വ്യത്യാസം ഇല്ലാതാക്കൽ സംഘടനയുടെ ആദ്യകാല പ്രവർത്തകരുടെ ഒരു സുപ്രധാന ഭാഗമായിത്തീർന്നു. ശമ്പളപരിഷ്കാരം, സേവന ഭദ്രത, ഡയറക്ട് പേയ്മെന്റ്, റിട്ടയർമെന്റ് ആനുകൂല്യങ്ങൾ തുടങ്ങി പല അവകാശങ്ങളും നേടുന്നതിന് സംഘടനയുടെ കൊടിക്കീഴിൽ അണിനിരന്നുകൊണ്ട് നാം അനേകം സമരങ്ങൾ നടത്തിയിട്ടുണ്ട്. നമ്മുടെ വളർച്ചയുടെ വിവിധ ഘട്ടങ്ങളെ പ്രതിഫലിപ്പിക്കുന്ന ഈ പോരാട്ടത്തെപ്പറ്റി സവിസ്തരം പ്രതിപാദിക്കുവാൻ ഈ ചെറിയ ലേഖനത്തിൽ സാധ്യമല്ലെങ്കിലും നാം കയറിപ്പോന്ന പടവുകളിൽ സുപ്രധാനമായ ചിലവയെപ്പറ്റി ഒരു ലഘുവിവരണം ഈ അവസരത്തിൽ പ്രസക്തം മാത്രമല്ല, ഏറെ ആവശ്യവുമാണെന്ന് തോന്നുന്നു.

## ശമ്പളപരിഷ്കരണം

ഉന്നതവിദ്യാഭ്യാസമേഖലയിലെ ഒരു സചേതന ഘടകമായ അദ്ധ്യാപകന് മാനമായി ജീവിക്കുന്നതിനുള്ള വേതനം നൽകേണ്ടത് വിദ്യാഭ്യാസത്തിന്റെ ഗുണപരമായ ഉന്നതിക്കുതന്നെ ആവശ്യമാണെന്ന വസ്തുത പ്രബുദ്ധകേരളത്തിലെ വിദ്യാഭ്യാസ വ്യവസായികളും അധികാരികളും മനസ്സിലാക്കാൻ കൂട്ടാക്കാത്ത ഒരു സാഹചര്യം നമ്മുടെ നാട്ടിൽ ഉണ്ടായിരുന്നു. ഇന്നുമില്ലേ? കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗത്ത് സ്വകാര്യമേഖലയിലാണ് കൂടുതൽ വിദ്യാഭ്യാസസ്ഥാപനങ്ങളുള്ളത്. ഏതാണ്ട് 80 ശതമാനത്തോളം വരുന്ന ഈ സ്ഥാപനങ്ങളാണ് ഇവിടെ വിദ്യാഭ്യാസ വിതരണം നടത്തുന്നത്. ഈ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന അദ്ധ്യാപകർക്ക് മാന്യമായ ശമ്പളം കൊടുക്കുമെന്ന കാര്യം ഒരു പ്രസ്ഥാനത്തിന്റെ സമ്മർദ്ദങ്ങളില്ലാതെ തന്നെ സർക്കാരിനും മറ്റധികാരികൾക്കും തോന്നേണ്ടതായിരുന്നു. പക്ഷേ, ഇവിടെ നിലവിലുള്ള സാമൂഹ്യക്രമത്തിൽ ആവശ്യങ്ങളറിഞ്ഞ് ആനുകൂല്യങ്ങളനുവദിക്കുക എന്ന ഒരു സമ്പ്രദായമില്ലാത്തതിനാൽ ഏറ്റവും ന്യായവും മിതവും ആയ ആവശ്യങ്ങൾ പോലും സംഘടിത പ്രസ്ഥാനത്തിലൂടെ വിലപേശി വാങ്ങേണ്ട സ്ഥിതിയാണല്ലോ. സർക്കാർ കോളേജ് അദ്ധ്യാപകർക്ക് മുന്നൂറുരൂപ ശമ്പളം തുടക്കത്തിൽ അനുവദിച്ചപ്പോൾ അത്രതന്നെ യോഗ്യതകളും പരിചയസമ്പന്നതയും ഉള്ളവരും, അതേ ജോലിതന്നെ ചെയ്തിരുന്നവരുമായ സ്വകാര്യകോളേജ് അദ്ധ്യാപകർ 125 രൂപ ശമ്പളത്തിൽ തുടങ്ങിയാൽ മതിയെന്ന് യൂണിവേഴ്സിറ്റി തീരുമാനിച്ചു. സർക്കാർ കോളേജുകളെക്കാൾ മികച്ച നിലവാരം തങ്ങളുടെ കോളേജുകൾക്കാണ് ഉള്ളതെന്ന് പെരുമ്പറ അടിക്കാനുള്ള സ്വകാര്യകോളേജ് മാനേജ്മെന്റുകളാവട്ടെ, കൂടുതൽ മെച്ചപ്പെട്ട നിലവാരം സൃഷ്ടിക്കുവാൻ കാരണക്കാരായ അദ്ധ്യാപകർക്ക് സർക്കാർ കോളേജ് അദ്ധ്യാപകരെക്കാൾ കൂടുതലല്ലെങ്കിലും അവരുടേതിന് തുല്യമായ ശമ്പളമെങ്കിലും കൊടുക്കണമെന്ന് ചിന്തിച്ചത് പോലുമില്ല. പ്രൈവറ്റ് കോളേജ് ജീവനക്കാരുടെ ശമ്പളക്കാര്യത്തിൽ യാതൊരു ചുമതലയുമില്ലെന്ന നിസ്സംഗതാഭാവമാണ് സർക്കാരും കൈക്കൊണ്ടത്. ഇക്കാര്യത്തിൽ ഗവൺമെന്റിനു



സെക്രട്ടേറിയററ്പടിക്കലെ നിരാഹാരസമരത്തോട് അനുഭാവംരേഖപ്പെടുത്തിക്കൊണ്ട്:
അധ്യാപികമാരുടെ ധർണ JUNE 1986

കൂടി ചുമതലയുണ്ടെന്ന തത്വം ആദ്യമായി അംഗീകരിച്ചത് ഇഎംഎസിന്റെ നേതൃത്വത്തിലുണ്ടായിരുന്ന 1958ലെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയായിരുന്നു. ഇദം പ്രഥമമായി പ്രൈവറ്റ് കോളേജ് അദ്ധ്യാപകർക്ക് ഗവൺമെന്റ് കോളേജ് അദ്ധ്യാപകരുടേതിന് തുല്യമായ ക്ഷാമബത്ത നൽകാനായി 5 ലക്ഷം രൂപ നീക്കിവെച്ചത് അന്നാണ്. പക്ഷേ അധികകാലം അത് നീണ്ടുനിന്നില്ല. 125 രൂപയിൽ തുടങ്ങി ആദ്യത്തെ അഞ്ചുകൊല്ലം പ്രതിവർഷം അഞ്ചുരൂപയുടെ വർദ്ധനവും പിന്നത്തെ അഞ്ചുകൊല്ലം പത്തുരൂപയുടെ വാർഷിക വർദ്ധനവുമായി മൊത്തം പത്തുകൊല്ലം പണിയെടുത്താൽ 200 രൂപ എന്ന ശമ്പളത്തിലെത്തുന്ന പ്രൈവറ്റ് കോളേജ് അദ്ധ്യാപകൻ, അയൽപക്കത്തെ സർക്കാർ കോളേജ് അദ്ധ്യാപകൻ ഇതേകാലം കൊണ്ട് 300ൽ തുടങ്ങി 660ൽ ചെന്നെത്തിനിൽക്കുന്ന കാഴ്ച ഹൃദയവേദനയോടെ (അസൂയകൊണ്ടല്ല, സ്വന്തം പരാധീനതയോർത്ത്) നോക്കിനിൽക്കേണ്ട സ്ഥിതിവിശേഷം. പ്രൈവറ്റ് കോളേജ് അദ്ധ്യാപകൻ 5 രൂപ വാർഷിക ഇംക്രിമെന്റ് വാങ്ങിക്കൊണ്ടിരുന്ന ഇതേ കാലഘട്ടത്തിൽ ഗ്രാജ്വേറ്റ് അദ്ധ്യാപകന് 7.5 രൂപയായിരുന്നു. ഇൻക്രിമെന്റ് എന്ന വസ്തുത കൂടി ഇവിടെ സ്മരണീയമാണ്. മാത്രമല്ല, അക്കാലത്ത് ക്ഷാമബത്ത നിഷേധിക്കപ്പെട്ടിരുന്ന ഇന്ത്യയിലെ ഏക വിഭാഗം ജീവനക്കാർ കേരളത്തിലെ പ്രൈവറ്റ് കോളേജ് അദ്ധ്യാപകരായിരുന്നു.

ഈ അനീതി, സാമാന്യബുദ്ധിക്ക് നിരക്കാത്ത ഈ വിവേചനം ഇന്നാട്ടിലെ ഉന്നതവിദ്യാഭ്യാസ രംഗത്ത് വളരെക്കാലം നിലനിന്നിരുന്നു. എ.കെ.പി.സി.ടി.എ. ഉടലെടുത്ത നാളുകളിൽ ഈ അനീതി അവസാനിപ്പിക്കുക എന്നതായിരുന്നു സംഘടനയുടെ മുഖ്യ കർത്തവ്യം. തുല്യജോലിക്ക് തുല്യവേതനം എന്ന തത്വം നടപ്പാക്കികിട്ടുന്നതിനായി കുറച്ചൊന്നുമല്ല നമുക്ക് അദ്ധ്വാനിക്കേണ്ടി വന്നത്. നമ്മുടെ ഐതിഹാസിക സമരങ്ങളുടെ തുടക്കവും ഇവിടെ നിന്നുതന്നെ.

സമൂഹത്തിലെ ഉന്നത ശ്രേ

ണ്ണികളിൽ മരവുന്നവരെന്ന് നമ്മെപ്പറ്റി പറയാറുള്ള സമൂഹവും ഭരണകർത്താക്കളും നമ്മുടെ പരാധീനതകളെക്കുറിച്ച് ഏറെയൊന്നും അറിഞ്ഞിരുന്നില്ല. ഇത് സംബന്ധിച്ച് നിവേദനപത്രികകളും സങ്കടഹരജികളും എഴുതി സമർപ്പിക്കുക എന്നത് നമ്മുടെ സംഘടനയുടെ നിത്യതൊഴിലായിരുന്നു. ഇതുകൊണ്ടൊന്നും ഭരണകേന്ദ്രങ്ങൾ കനിഞ്ഞില്ല. കോൺവെക്കേഷൻ വേഷത്തിൽ 1961 ഫെബ്രുവരിയിൽ നാം തലസ്ഥാന നഗരിയിൽ ഒരു മൂക പ്രകടനം നടത്തി. ചരിത്രത്തിലാദ്യമായി കോളേജദ്ധ്യാപകർ തെരുവിലിറങ്ങി പ്രകടനം നടത്തിയത് അന്നായിരുന്നു. അദ്ധ്യാപകർ വെറും 'തൊഴിലാളി'കളെപ്പോലെ തെരുവിലിറങ്ങി പ്രകടനം നടത്തിയത് യാഥാസ്ഥിതികരായ ഒരു വിഭാഗം വിക്ടോറിയൻ വിശുദ്ധന്മാർക്ക് രസിച്ചില്ല. അച്ചടക്കം പഠിപ്പിക്കേണ്ട അദ്ധ്യാപകർ അനുസരണക്കേട് കാണിക്കുന്നത് 'കലികാല വൈഭവവും', 'ധർമ്മച്യുതി'യുമായി അവർ ചിത്രീകരിച്ചു. അദ്ധ്യാപകന്റെ സ്ഥിതി എത്ര ദയനീയമാണെങ്കിലും ഇതൊന്നും അത്ര ശരിയല്ലെന്ന് ചില പത്രങ്ങളും എഴുതി. പക്ഷേ, നമ്മുടെ പ്രശ്നത്തിന് ഒരു പരിഹാരവും ഉണ്ടായില്ല. 1981ലെ മാർച്ച് പരീക്ഷാ ജോലികൾ നാം ബഹിഷ്കരിച്ചു. അനൽപമായ കുറ്റബോധത്തോടെ തന്നെ. വിശേഷിച്ച് ഒരു ഫലവുമുണ്ടായില്ല. പ്രൈവറ്റ് കോളേജ് അദ്ധ്യാപകർക്ക് രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്തെ യു.ജി.സി. ശമ്പളനിരക്കുകൾ അനുവദിക്കാമെന്ന് കേരള യൂണിവേഴ്സിറ്റി എഴുതിത്തന്ന വാഗ്ദാനങ്ങൾ വീൺവാക്കുകളായി.

ദീർഘമായ കാത്തിരിപ്പുകൊണ്ട് മനംമടുപ്പും നിസ്സഹായതയും മാത്രം കൈമുതലായി അവശേഷിച്ച അദ്ധ്യാപകർ തുല്യശമ്പളത്തിനും (Parity) മെച്ചപ്പെട്ട സേവനവ്യവസ്ഥകൾക്കും റിട്ടയർമെന്റ് ആനുകൂല്യങ്ങൾക്കും വേണ്ടി എ.കെ.പി.സി.ടി.എ.യുടെ നേതൃത്വത്തിൽ ഒരു പണിമുടക്കിലേക്ക് നീങ്ങുവാൻ തന്നെ നിർബന്ധിതമായി. 1951 നവംബർ 12ന് എറണാകുളത്തുകൂടിയ സ്റ്റേറ്റ് കൗൺസിൽ യോഗം 1962 ജനുവരി 19 മുതൽ പ്രത്യക്ഷ പരിപാടികൾ ആരംഭിക്കുവാൻ തീരുമാനിച്ചു.

പണിമുടക്കുസമരത്തിന്റെ സന്നാഹങ്ങളാരംഭിച്ചപ്പോൾ അന്നത്തെ ഉപമുഖ്യമന്ത്രിയായിരുന്ന ശ്രീ. ആർ. ശങ്കറും ചില നിയമസഭാ സാമാജികരും മുൻകൈയ്യെടുത്ത് ഒത്തുതീർപ്പ് ശ്രമങ്ങളാരംഭിച്ചു. ആയിടയ്ക്ക് തിരുവനന്തപുരത്തെത്തിയ യൂണിയൻ വിദ്യാഭ്യാസമന്ത്രി ഡോ. ശ്രീമോലിയെക്കണ്ട് എ.കെ.പി.സി.ടി.എ. പ്രതിനിധികൾ നിവേദനം നൽകി. മുഖ്യമന്ത്രി പട്ടം താണുപിള്ളയുമായി അദ്ദേഹം പ്രശ്നത്തെപ്പറ്റി സംസാരിച്ചു. കേരള യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ശ്രീ. കെ.സി.കെ.ഇ. രാജ, അദ്ധ്യാപക പ്രതിനിധികളുടെയും മാനേജ്മെന്റ്, സിൻഡിക്കേറ്റ് പ്രതിനിധികളുടെയും ഒരു സമ്മേളനം വിളിച്ചുകൂട്ടി. യു.ജി.സി. സ്കെയിലുകൾ നടപ്പിലാക്കുമ്പോൾ വരുന്ന അധികച്ചെലവിന്റെ 37 ശതമാനം ഗവൺമെന്റ് വഹിക്കാൻ തയ്യാറാണെന്ന് സമ്മതിച്ചതായി വൈസ് ചാൻസലർ അറിയിച്ചു. ചെലവിന്റെ 12.5 ശതമാനം തങ്ങൾ വഹിച്ചുകൊള്ളാമെന്ന് മാനേജർമാരും സമ്മതിച്ചു. ക്ഷാമബത്തയുടെ കാര്യത്തിൽ വ്യക്തമായ ഒരു ഉറപ്പും ലഭിക്കാത്തിടത്തോളം കാലം പണിമുടക്ക് നിർത്തിവെക്കുവാൻ സാദ്ധ്യമല്ലെന്ന് സംഘടന തീരുമാനിച്ചു. അന്നത്തെ ആഭ്യന്തരകാര്യമന്ത്രിയായിരുന്ന പി.ടി. ചാക്കോയുടെയും ഉപമുഖ്യമന്ത്രി ശങ്കറിന്റെയും പ്രത്യേക താല്പര്യവും സമ്മർദ്ദവും മൂലം മുഖ്യമന്ത്രി പട്ടം കോൺഫറൻസ് വിളിച്ചുകൂട്ടി. നമ്മുടെ പ്രശ്നങ്ങളോട് അനുഭാവമുണ്ടെന്ന് പ്രസ്താവിച്ചതോടൊപ്പം തന്നെ അദ്ധ്യാപകർ പണിമുടക്കുക എന്ന ആശയത്തെ അദ്ദേഹം അപലപിച്ചു. യു.ജി.സി. ശമ്പളനിരക്ക് അനുവദിക്കാമെന്നും, മൂന്നുമാസത്തിനുള്ളിൽ ക്ഷാമബത്ത സംബന്ധിച്ച ചട്ടങ്ങൾ ഉൾക്കൊള്ളുന്ന ഗ്രാന്റ്-ഇൻ-എയ്ഡ് കോഡ് നടപ്പാക്കാമെന്നും അദ്ദേഹം ഉറപ്പുതന്നതിന്റെ പശ്ചാത്തലത്തിൽ പൊതുപണിമുടക്ക് നാം തൽക്കാലം ഉപേക്ഷിച്ചു. കേരളത്തിലെ ഒരു പ്രൈവറ്റ് കോളേജ് അദ്ധ്യാപകൻ എന്നും കൃതജ്ഞതയോടെ ഓർക്കേണ്ട ഒരു കാര്യം ഇവിടെ കുറിക്കട്ടെ. യു.ജി.സി. നിരക്ക് ശമ്പളം നൽകുന്നതിന് സഹായകമായ തരത്തിൽ ഒരു ധനസഹായ പദ്ധതി യു.ജി.സി.യെക്കൊണ്ട് അംഗീകരിപ്പിക്കുന്നതിൽ മുഖ്യപ്രേരകശക്തിയായി വർത്തിച്ചത് കേരളം കണ്ടതിൽവെച്ച് ഏറ്റവും പ്രഗത്ഭനായ വിദ്യാഭ്യാസമന്ത്രി പ്രൊഫ. മുണ്ടശ്ശേരിയായിരുന്നു. അതിന്റെ പ്രയോക്താവോ അന്നത്തെ കേരളാ യൂണിവേഴ്സിറ്റി വൈസ് ചാൻസലറായിരുന്ന മഹാനായ ഡോ. ജോൺ മത്തായിയും.

അദ്ധ്യാപകർ പണിമുടക്ക് നോട്ടീസ് കൊടുക്കുകയും പണിമുടക്ക് സംബന്ധിച്ച് പ്രാരംഭ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യു എന്നത് പല മാനേജ്മെന്റുകൾക്കും സഹിക്കാവുന്ന ഒന്നായിരുന്നില്ല. തങ്ങളുടെ ആധിശാധികാരങ്ങളെ ചോദ്യം ചെയ്യാനും, തങ്ങളുടെ ആധികാരപ്രമത്തതയെ ചെറുത്തുനിൽക്കുവാനും പോന്ന ഒരു സംഘടിത ശക്തിയുടെ ഉദയം ചക്രവാളങ്ങളിൽ കണ്ട അവർ കലിതുള്ളിത്തുടങ്ങി. ഗത്യന്തരമില്ലാതെ പ്രത്യക്ഷ സമരത്തിന്റെ വക്കത്തെത്തിയ




അദ്ധ്യാപകരെ പണിമുടക്ക് നോട്ടീസിൽ ഒപ്പുവെച്ചതിന്റെ പേരിൽ ദ്രോഹിക്കുകയില്ലെന്ന് ഉറപ്പുതന്ന യൂണിവേഴ്സിറ്റിയെ സാക്ഷിനിർത്തിത്തന്നെ സമുദായത്തിന്റെയും മതത്തിന്റെയും ജാതിയുടെ പിൻബലമുള്ള മാനേജ്മെന്റുകൾ അദ്ധ്യാപകദ്രോഹനടപടികൾ ആരംഭിച്ചു. യു.ജി.സി. ശമ്പളനിരക്കുകൾ നടപ്പാക്കുമ്പോൾ വരുന്ന അധികച്ചെലവിന്റെ 12.5 മാനേജ്മെന്റുകൾ വഹിക്കുമെന്ന് സമ്മതിച്ചതായിരുന്നുവല്ലോ. എൻ.എസ്.എസ്. ഉൾപ്പെടെയുള്ള ചില മാനേജ്മെൻുകൾ ഈ വാഗ്ദാനം സമർത്ഥമായിത്തന്നെ നിറവേറ്റി. യു.ജി.സി. നിരക്കിലുള്ള മുഴുവൻ ശമ്പളത്തിനും ഒപ്പിട്ടു കൊടുക്കണമെന്നും 12.5 ശതമാനം കണ്ട് കുറഞ്ഞ സംഖ്യമാത്രമേ കൊടുക്കുകയുള്ളൂവെന്നും അവർ ശഠിച്ചു. പണിമുടക്ക് സന്നാഹത്തിന് നേതൃത്വം കൊടുത്ത അദ്ധ്യാപകരെ എൻ.എസ്.എസ്. മാനേജ്മെന്റ് സ്ഥലംമാറ്റം എന്ന ആയുധമുപയോഗിച്ച് നിർവീര്യമാക്കാൻ വൃഥാശ്രമം നടത്തി. മാനേജ്മെന്റിന്റെ നഗ്നമായ വാഗ്ദാനലംഘനത്തെ തുറന്നുകാട്ടിക്കൊണ്ട് ഗവൺമെന്റിനും യൂണിവേഴ്സിറ്റിക്കും ഗ്രാന്റ്സ് കമ്മീഷനും നിവേദനങ്ങൾ സമർപ്പിച്ചതിന്റെ പേരിൽ ഈ ലേഖകനെയും പെരുന്ന എൻ.എസ്.എസ്. കോളേജിൽ നിന്നും റിട്ടയർ ചെയ്ത പ്രൊഫ. രാഘവക്കുറുപ്പിനെയും പ്രതികാരനടപടിയെന്ന നിലയിൽ മലബാർ പ്രദേശത്ത് ആദ്യമായി ആരംഭിച്ച ഒറ്റപ്പാലം എൻ.എസ്.എസ്. കോളേജിലേക്ക് സ്ഥലംമാറ്റി. ഉദ്ദേശം രണ്ടായിരുന്നു. ഒന്ന്, സ്ഥലംമാറ്റം കൊണ്ട് വ്യക്തിപരവും കുടുംബപരവുമായ അസൗകര്യങ്ങളുണ്ടാക്കുക എന്ന ദണ്ഡനമുറ നടപ്പാക്കുക. രണ്ട്, പുതുതായി ആരംഭിച്ചതിനാൽ യു.ജി.സി. ശമ്പളപദ്ധതിയുടെ പരിധിയിൽ വരാത്ത ഒറ്റപ്പാലം കോളേജിലേക്ക് മാറ്റുന്നതുവഴി യു.ജി.സി. ശമ്പളനിരക്കുകൾ ഞങ്ങൾക്ക് നിഷേധിക്കുക. എ.കെ.പി.സി.ടി.എ., എൻ.എസ്.എസ്. കോളേജിലെ ഈ സ്ഥിതിവിശേഷം വൈസ് ചാൻസലറെ അറിയിച്ചു. സ്ഥലം മാറ്റുന്നത് തടയാൻ യൂണിവേഴ്സിറ്റിക്ക് അധികാരമില്ല എന്ന സാധാരണ ഒഴിവുകഴിവിന്റെ മറവിൽ ഇക്കാര്യത്തിൽ വൈസ് ചാൻസലർ നിസ്സഹായത പ്രകടിപ്പിച്ചു. സ്ഥലംമാറ്റം മൂലം യു.ജി.സി. ശമ്പളം നിഷേധിക്കപ്പെടുന്നുണ്ടെങ്കിൽ ആക്കാര്യത്തിൽ വേണ്ടതു ചെയ്യാമെന്ന് അദ്ദേഹം ഉറപ്പുതന്നു എന്നുമാത്രം. വൈരനിര്യാതനബുദ്ധിയോടെ എൻ.എസ്.എസ്. മാനേജ്മെന്റ് നടത്തിയ കൂട്ടസ്ഥലംമാറ്റങ്ങളിൽ - മൊത്തം മുപ്പതിൽ കൂടുതൽ സ്ഥലംമാറ്റങ്ങൾ നടന്നിരുന്നു- പ്രതിഷേധിച്ച് 1962 ആഗസ്റ്റ് 16-ാം തീയതി കേരളമൊട്ടാകെ കരിദിനമാചരിച്ചു.

(തുടരും)

August 2019 | KERALA PRIVATE COLLEGE TEACHER

# പലായനത്തിന്റെ ഓർമകൾ

രണ്ടായിരത്തിപ്പതിനഞ്ചിൽ ബാംഗ്ലൂർ വെച്ച് നടന്ന കബീർ ഫെസ്റ്റിവലിന്റെ അവസാനദിവസം പാടാനെത്തിയത് കറാച്ചിയിൽ നിന്നുള്ള പ്രസിദ്ധ ഖവ്വാലി ഗായകരായ ഫരിദുദ്ദീൻ അയാസും സഹോദരൻ അബ്ദുമുഹമ്മദുമാണ്. ഈ ഗായകസംഘം അന്നുപാടിയ 'Padhaaro Mhaare Des' (Come to my Country) എന്ന പാട്ട് ആഖ്യാനം കൊണ്ടും ഓർമകൾ കൊണ്ടും വികാരഭരിതമായ ആലാപുകൾ കൊണ്ടും കേൾവിക്കാരുടെ മനോനിലകളെ ഉലച്ചുകളഞ്ഞു. ഇടയ്ക്കിടെ അവരുടെ ജീവചരിത്രസൂചനകളും ദേശീയതയെ സംബന്ധിച്ച നഷ്ടസ്വപ്നങ്ങളും അലൗകികമായ ആത്മദേശത്തിനുവേണ്ടിയുള്ള കാത്തിരിപ്പുകളും നർമ്മവും ഒക്കെയായി ഭിന്നസ്ഥായികളിലേയ്ക്ക് പടർന്നുപോയി. ആസ്വാദകരുടെ മുൻനിരയിൽ ഇരുന്നിരുന്ന രാജസ്ഥാനി ഫോക് സംഗീതജ്ഞനായ മുക്തിയാർ അലി നിശബ്ദം കരഞ്ഞു. സംഗീതജ്ഞരുടെ ജനിതകങ്ങളിലെ കലർപ്പുകൾക്ക് സമാനതകളില്ല. വംശീയമോ വർഗീയമോ ദേശീയമോ ആയ അതിർത്തികൾ കൊണ്ട് അവയെ വേർതിരിക്കാനാവില്ല. പരമ്പരകളുടെ ജ്ഞാനാന്വേഷണം, അലച്ചിൽ, അധ്വാനം, ജീവിതസങ്കല്പങ്ങൾ, ആത്മീയബോധ്യങ്ങൾ, ആനന്ദലഹരികൾ അങ്ങനെ എത്രയോ അമൂർത്തഘടകങ്ങളുടെ തുടർച്ചകളിലാണ് സംഗീതജ്ഞരും ഘരാനകളും നിലനിൽക്കുന്നത്! 1947ലെ വിഭജനകാലത്ത് ഇന്ത്യ ഉപേക്ഷിച്ചുപോകേണ്ടിവന്ന അസംഖ്യം മനുഷ്യരുടെ ആത്മാലാപമായി ആ ഖവ്വാലി മാറി. വിഭജനം ഉണ്ടാക്കിയ സാംസ്കാരികശൈലിയും പല രൂപഭാവങ്ങളിൽ തുടർന്നുകൊണ്ടേയിരിക്കുന്നു. കലയുടെ ബഹുസ്വരാത്മകമായ അന്തരീക്ഷത്തെയും ഘടനയെയും തകർത്തുകൊണ്ടിരിക്കുന്നു. അവതരണവേദികൾ ഇല്ലാതാകുന്നു. ആ ദുഃഖമാണ് ഇന്നും ഖവ്വാലി

**ഡോ. എൻ. രേണുക**
എൻ.എസ്.എസ്. കോളേജ്
ചേർത്തല






സംഘങ്ങൾ ഒരു മിഷൻ പോലെ ഏറ്റെടുത്ത് ലോകമെങ്ങും പാടിയറിയിക്കുന്നത്.

നൂറ്റാണ്ടുകളുടെ ചരിത്രമുള്ള ഡൽഹിഘരാനയെ തങ്ങൾ കറാച്ചിയിലിരുന്ന് സംരക്ഷിക്കുകയാണെന്ന തികച്ചും വൈരുദ്ധ്യം നിറഞ്ഞ യാഥാർത്ഥ്യം ഫരീദുദ്ദീൻ അയാസ് അഭിമുഖത്തിനിടെ പറയുന്നുണ്ട്. ഖവ്വാലി അവതരണത്തിനിടെ അല്പം നർമ്മം കലർത്തി അവതരിപ്പിച്ച പ്രസ്താവനയിൽ പലായനം ചെയ്തവരുടെ ആത്മപ്രതിസന്ധികളുണ്ട്. 'Here I am called a Pakistan wallah, and they call me a Dilli wallah!' ദേശം കൈവെടിഞ്ഞ മനുഷ്യർ അനുഭവിക്കുന്ന വ്യഥകളാണിത്. ഖവ്വാലിയിലൂടെ അവർ നിരന്തരം അന്വേഷിച്ചുകൊണ്ടിരിക്കുന്നത് അവിഭജിതമായ ദേശമാണ്. സർവ്വതന്ത്രസ്വതന്ത്രമായ ഒരാന്തരികസ്ഥലം. അവിടേക്കുള്ള ക്ഷണമായി മാറുന്ന സംഗീതത്തിൽ അലൗകികതകളെ ഭേദിച്ചുപോകുന്ന ഇന്ത്യയുടെ രാഷ്ട്രീയചരിത്രവും സ്വത്വപ്രതിസന്ധികളും നഷ്ടസ്വപ്നങ്ങളും ഉണ്ട്. 'ഖവ്വാലി' എന്ന സൂഫി സംഗീതരൂപത്തിന്റെ ആവിർഭാവം മുതൽ മതപരവും ദേശീയവുമായ ഇടച്ചിലുകൾ നിലനിന്നിരുന്നുവെന്ന് പറയേണ്ടിവരും. അത്രത്തോളം ഭാഷാപരവും സാംസ്കാരികവുമായ കലർപ്പുകൾ ആ ഘടനയ്ക്കുണ്ട്. അതിന്റെ ആത്മീയചോദനകളാകട്ടെ വിശാലമായ വിമോചനസ്ഥലങ്ങളും. കവിത കലർന്ന ഒരു ജീവിതപദ്ധതി. പതിനൊന്നാം നൂറ്റാണ്ടു മുതൽ ആരംഭിക്കുന്ന ഖവ്വാലിയുടെ ചരിത്രത്തിൽ സാംസ്കാരികമായ ഭിന്നതകളും ഭയങ്ങളും ഇടച്ചിലുകളും തമസ്കരണങ്ങളും പുനരുജ്ജീവനശ്രമങ്ങളും ജനകീയമായ വീണ്ടെടുപ്പുകളും ഉണ്ട്. പക്ഷേ, എല്ലാക്കാലത്തും സാമാന്യമായി നിലനിന്നിരുന്ന ഒരു ഘടകം 'ഖവ്വാലി' സ്ഥാപനവത്കൃതമായ രീതികളിൽ പരിശീലിക്കപ്പെട്ടില്ല എന്നാണ്. ഒരു കാലത്ത് അത് സ്റ്റേറ്റിന്റെ പരിഗണനകളിൽ വന്നില്ല. ഇപ്പോഴും ആ പ്രതിസന്ധി നിലനിൽക്കുന്നതായി ഫരീദുദ്ദീൻ പറയുന്നുണ്ട്. ഭരണകൂടത്തിന്റെ താല്പര്യങ്ങൾക്ക് വഴങ്ങാത്ത എന്തൊക്കെയോ അംശങ്ങൾ, അതിരുകളില്ലാത്ത മാനവിക സങ്കല്പങ്ങൾ ഇപ്പോഴും ഖവ്വാലിയിൽ നിലനിൽക്കുന്നു എന്നു തന്നെയാണ് അതു തെളിയിക്കുന്നത്. അന്തഃസംഘർഷങ്ങളും അനുഭൂതികളും അനുഭവിക്കുന്ന മനുഷ്യരുടെ ശബ്ദത്തിൽ കൂട്ടായ്മയുടെ സന്ദേശമുണ്ട്. ഈ സന്ദേശം ഖവ്വാലിയുടെ ഫ്രെയിമിലും അവതരണരീതിയിലും വേദിയുടെ ജനാധിപത്യത്തിലും കാണാം. ഉസ്താദ് ഗുലാം ഫരീദുദ്ദീൻ അയാസ് ഖാൻ ഹുസേനി ഖവാൽ സഹോദരനായ അബൂമുഹമ്മദുമൊത്ത് നയിക്കുന്ന സംഗീതാവിഷ്കാരങ്ങൾക്ക് രാഷ്ട്രീയമാനമുണ്ട്. സൂഫിസത്തിന്റെ അന്തർധാരകൾ ഉൾവഹിക്കുന്ന ഈ 'രൂപം' ലോകത്തിലെ ഏറ്റവും വലിയ പ്രതിസന്ധികളിലൊന്നായ അഭയാർത്ഥിത്വത്തിന് നേരെ മനുഷ്യസാഹോദര്യത്തിന്റെയും ദേശത്തെക്കുറിച്ചുള്ള വിശാലബോധ്യങ്ങളുടെയും ശബ്ദകമാനങ്ങൾ പണിയുയർത്തുന്നു. മൗലികവാദങ്ങളെ പ്രതിരോധിക്കുന്നു. അനുഭൂതിയുടെ ഏകതാനതയിൽ മുന്നേറുന്ന ഒറ്റയാൾ ശബ്ദത്തിന് ഇതൊരിക്കലും സാധ്യമല്ല. സംഘസത്തയുടെ ശബ്ദമായും അനുഭൂതിയായും ഓർമയായും ചരിത്രമായും മാറാൻ കഴിയുന്നിടത്താണ് 'ഖവ്വാലി'യുടെ പ്രസക്തി. അമീർഖുസ്രുവിന്റെ ശിഷ്യപരമ്പരയിലെ കണ്ണികളായി അറിയപ്പെടുന്ന ഫരീദുദ്ദീൻ അയാസിന്റെ കുടുംബം

ദൽഹിയിൽനിന്നും ഹൈദരാബാദിലേയ്ക്കും അവിടെനിന്ന് കറാച്ചിയിലേക്കും കുടിയേറുകയായിരുന്നു. ഗ്വാളിയോർ ഘരാനയിൽനിന്നും ലഖ്നൗ ഘരാനയിൽ നിന്നും വ്യത്യസ്തമായി ദൽഹി ഘരാനയുടെ വ്യത്യസ്തത എന്തെന്ന് അദ്ദേഹം വിശദമാക്കുന്നുണ്ട്. അത് കുട്ടികളായ ഗായകരുടെ സംഘമായിരുന്നു എന്നതാണ്. അതിനു പുറകിൽ ഒരു ചരിത്രമുണ്ട്. ധാരാളം കഥകളും മിത്തുകളും നിറഞ്ഞ ആഖ്യാനമായി ദൽഹി ഘരാനയിലെ ഖവ്വാലിയുടെ ചരിത്രം മാറുന്നു.

ദക്ഷിണേന്ത്യൻ പണ്ഡിതനായിരുന്ന ഗോപാൽ ഒരിക്കൽ അലാവുദ്ദീൻ ഖിൽജിയുടെ കൊട്ടാരത്തിലെത്തി ബാദുഷയുമായി ദൈവശാസ്ത്രപരമായ ചില തർക്കങ്ങളിൽ ഏർപ്പെടുന്നു. അദ്ദേഹം സംഗീതരൂപത്തിൽ 28000 വാക്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു ചോദ്യാവലിയാണ് സുൽത്താന മുന്നിൽ അവതരിപ്പിച്ചത്. ഭരണകാര്യങ്ങൾ നിർവ്വഹിക്കാനുള്ളതിനാൽ പണ്ഡിതന്റെ ചോദ്യങ്ങൾക്കു മറുപടി നൽകുവാൻ അമീർ ഖുസ്രുവിനെയാണ് നിയോഗിച്ചത്. ആറു മാസത്തിനുശേഷം അമീർ ഖുസ്രു പന്ത്രണ്ടുകുട്ടികളുടെ സംഘത്തെ തയ്യാറാക്കി. പ്രധാന ശിഷ്യനായ ഷമത്ബിൻ ഇബ്രാഹിം നയിക്കുന്ന ഒരു ബാലഗായകസംഘം അമീർ ഖുസ്രു എഴുതിയ വരികൾ സംഗീതാത്മകമായി ഗോപാലിന് വ്യഖ്യാനിച്ചുകൊടുക്കുവാൻ മുന്നുകുട്ടികളെ ചുമതലപ്പെടുത്തി. അമീർഖുസ്രു രചിച്ച് കുട്ടികൾ പാടി അവതരിപ്പിച്ച ഈ സംഗീതരൂപമാണ് സാധാരണ ജനങ്ങൾക്കുവേണ്ടി ഉണ്ടായ ആദ്യ ഖവ്വാലി എന്ന് പറയപ്പെടുന്നു. ഇന്ത്യയിലും പാകിസ്ഥാനിലും പ്രബലമായ സൂഫി സംഗീതപദ്ധതിയാണിത്. വിശുദ്ധരുടെ രാജഭവനമെന്ന രീതിയിലും ഖവ്വാലി അറിയപ്പെടുന്നുണ്ട്. ആഖ്യാനവും വെളിപ്പെടുത്തലും ആദ്യകാലം മുതൽക്കേ ഖവ്വാലിയുടെ ഘടനയിലുണ്ട്.

പതിനൊന്നാം നൂറ്റാണ്ടിൽ ഷെയ്ഖ് നിസാമുദ്ദീൻ ഔലിയ എന്ന സൂഫി സന്ന്യാസി തന്റെ പ്രാർത്ഥനായോഗങ്ങൾക്കുവേണ്ടി ഖവ്വാലി ഉപയോഗിച്ചിരുന്നു. അന്നും യാഥാസ്ഥിതികരായ ഇസ്ലാംമത വിശ്വാസികൾക്കിടയിൽ ഇത് വലിയ സംഘർഷങ്ങൾ ഉണ്ടാക്കിയിരുന്നതായി പഠനങ്ങൾ സൂചിപ്പിക്കുന്നുണ്ട്. പതിമൂന്നാം നൂറ്റാണ്ടിൽ രാഷ്ട്രീയത്തിലും തത്വചിന്തയിലും സംഗീതത്തിലും ഒരുപോലെ വിദഗ്ധനായിരുന്ന അമീർ ഖുസ്രു പുതിയ ആശയാവലികൾ ഉൾക്കൊള്ളുന്ന സംഗീതപദ്ധതിയാക്കി അതിനെ വികസിപ്പിക്കുന്നുണ്ട്. പേർഷ്യയുടെയും ഇന്ത്യയുടെയും ദേശീമാതൃകകളെ സംയോജിപ്പിച്ച സാംസ്കാരികമായ കലർപ്പുകൾ ഉള്ള ഒരു രൂപം. ഇസ്ലാമിക ചരിത്രത്തിന്റെ വിവിധഘട്ടങ്ങളിൽ 'ഖവ്വാലി' പല രീതികളിലാണ് പരിഗണിക്കപ്പെട്ടത്. പലപ്പോഴും ചോദ്യംചെയ്യപ്പെട്ടു. ഒരിക്കലും കേൾക്കാത്ത ശബ്ദമായി മൺകുടീരങ്ങൾക്കകത്ത് അമർന്ന് പോകണമെന്ന് അനുശാസിച്ച ഔറംഗസീബിനെക്കുറിച്ച് കലാചരിത്രങ്ങൾ പറയുന്നുണ്ട്. പിന്നീട് ഭരണമാറ്റങ്ങൾക്കനുസൃതമായി 'ഖവ്വാലി' പരിഗണിച്ചു. അനുഭൂതിയുടെ മാത്രം കലയെന്നു പലപ്പോഴും കരുതപ്പെടുന്ന സംഗീതരൂപത്തിലേക്ക് രാഷ്ട്രീയചരിത്രം നേരിട്ട് ഇടപെടുന്നതിന്റെ തെളിവുകളാണിത്. പിന്നീട് ഹിന്ദിസിനിമകളിലൂടെ തെറ്റിദ്ധരിക്കപ്പെടുന്ന, ജൈവികമല്ലാത്ത കലാരൂപമായി 'ഖവ്വാലി' പരിണമിച്ചുവെന്ന് ഖവ്വാലിഗായകർ പരിതപിക്കുന്നുണ്ട്.






'ഖവ്വാലി' അടിസ്ഥാനപരമായി കൂട്ടായ്മയുടെ സംഗീതമാണ്. ഒന്നാം ഗായകൻ, രണ്ടാം ഗായകൻ, ഹാർമോണിയ, തബല, ചെറിയ ഗായകസംഘം എന്നിവയിലൂടെ പുരോഗമിക്കുന്ന സംഗീതത്തിൽ കേൾവിക്കാർ എന്നൊരു വിഭാഗത്തിന് പ്രത്യേകസ്ഥാനമില്ല. ഒരു ഘട്ടത്തിൽ വെച്ച് അവരും പങ്കാളികളാകുന്നു. അത്തരം രൂപാന്തരീകരണം വേദിയിൽ നടക്കുന്നുണ്ട്. ഭൗതികവും മാനസികവുമായ അകലങ്ങൾ മാഞ്ഞുപോകുന്നു. 'കേൾവിക്കുവേണ്ടിയുള്ള ഒരു കൂട്ടായ്മ' എന്നും പറയാറുണ്ട്. ആദ്യം ഒന്നാം ഗായകൻ കവിത ആലപിക്കും. മതപരമായ പ്രയോഗവിശേഷങ്ങളോടും അംഗചലനങ്ങളോടും കൂടിയുള്ള അവതരണമായിരിക്കും ഇത്. രണ്ടാം ഗായകൻ ഈ കവിതയുടെ വിവിധഛായകൾ പല താനകളിൽ മനോധർമ്മമനുസരിച്ച് വ്യഖ്യാനിക്കും. ഒന്നാം ഗായകൻ കൂടെയുള്ള ചെറിയ ഗായകസംഘത്തോട് മനസ്സിന്റെ അഗാധതലങ്ങളെ ഉണർത്തുന്നതുപോലെ പാടി വ്യാഖ്യാനിക്കാൻ ആവശ്യപ്പെടും. വൈവിധ്യപൂർണ്ണമായ മനോധർമ്മങ്ങളിലൂടെ ആവർത്തിക്കുക (Variation, Improvaisation, Repetition) എന്നതാണ് ഖവ്വാലിയുടെ രീതി. ഭാവാത്മകമായ ആവർത്തനങ്ങളിലൂടെ എത്തിച്ചേരുന്ന ഉന്മാദസദൃശമായ ഒരു തലമുണ്ട്. മാതൃരാജ്യത്തുനിന്ന് പുറത്താക്കപ്പെട്ട ദുഃഖത്തിന്റെ തീവ്രതയനുസരിച്ച് ഉന്മാദത്തിന്റെ സ്വഭാവത്തിലും വ്യത്യാസം വരുമെന്ന് നസ്രത് ഫത് അലിഖാൻ എന്ന വിഖ്യാതഗായകൻ പറയുന്നുണ്ട്. ഏതാണ് ഈ മാതൃരാജ്യം? ഭൂമിശാസ്ത്രപരവും മതപരവും സാംസ്കാരികവുമായ ദൂരങ്ങളെ ഇല്ലാതാക്കുന്ന ദൗത്യം കൂടി ഖവ്വാലിഗായകർ നിർവ്വഹിക്കുന്നുണ്ടെന്നിരിക്കെ അലൗകികമായ ആന്തരിക സ്ഥലം എന്ന മിസ്റ്റിക് വ്യഖ്യാനം മാത്രമായി ഇത് ചുരുങ്ങേണ്ടതല്ല. ആന്തരിക ഭൂഭാഗത്തോടൊപ്പം വിഭജിതസമൂഹങ്ങളുടെ പലായനവും വേദനകളും അരക്ഷിതത്വങ്ങളും 'ഖവ്വാലി'യുടെ വിഷയമാകുന്നു.

ഖവ്വാലിയുടെ പ്രാരംഭദശയിൽത്തന്നെ അതിന്റെ രൂപത്തെക്കുറിച്ചും ധർമ്മത്തെക്കുറിച്ചുമുള്ള വിശാല ബോധ്യങ്ങൾ ഉണ്ടായിരുന്നുവെന്ന് ചില ആഖ്യാനങ്ങൾ സൂചിപ്പിക്കുന്നുണ്ട്. പേർഷ്യൻ കവിയായ ഫരീദ് ഉദ്-ദിൻ അത്തർ (1177) തന്റെ ഐതിഹാസിക കാവ്യമായ 'The conference of the Birds'ൽ അവതരിപ്പിക്കുന്ന ആശയമുണ്ട്. പക്ഷികൾ അവരുടെ സ്വതന്ത്രഭൂഭാഗം തേടി കൂട്ടത്തോടെ പറക്കുകയാണ്. അവരുടേതു മാത്രമായ സാങ്കല്പികദേശം അന്വേഷിച്ചുള്ള ആ യാത്രയിൽ വർണ്ണശബളമായ തൂവലുകളോടുകൂടിയ ഒരു പക്ഷിയാണ് അവരെ നിയന്ത്രിച്ചിരുന്നത്. ഏഴ് താഴ്വരകൾ കടന്നുവേണം അവർക്ക് ആ വാഗ്ദത്ത ഭൂമിയിൽ എത്തിച്ചേരാൻ. ദാഹത്തിന്റെയും സ്നേഹത്തിന്റെയും വിജ്ഞാനത്തിന്റെയും വിരക്തിയുടെയും കൂട്ടായ്മയുടെയും ദാരിദ്ര്യത്തിന്റെയും ആരാധനയുടെയും കിടങ്ങുകളെക്കുറിച്ചുള്ള അറിവുകളിൽത്തന്നെ പലരും നിരാശരായി. എന്നിട്ടും അവർ പറന്നു. യാത്രാമധ്യേ പലരും ദാഹംകൊണ്ടും രോഗംകൊണ്ടും തളർന്നു. വിഷാദികളായി. അവസാനം മുപ്പതു പക്ഷികൾ യാത്രതുടർന്നു. പോകെപ്പോകെ ആ പക്ഷികൾ തിരിച്ചറിയുന്നുണ്ട് അവർക്ക് ഒരു വഴികാട്ടിയുടേയോ അതുവഴി എത്തിച്ചേരാവുന്ന ഒരു ദേശത്തിന്റേയോ ആവശ്യമില്ല. ഓരോരുത്തരിലും വഴികാട്ടികളുണ്ട്. എത്തിച്ചേരാനാകുന്ന സ്വതന്ത്രഇടങ്ങളുണ്ട്. അതൊരു ആത്മബോധ്യമാണ്. അന്വേഷണത്തിന്റെ സ്വകാര്യവും ഏകാന്തവുമായ വഴികളിൽ ആരാണ് ചെറിയവരും വലിയവരും? ആരാണ് വഴികളെ നിയന്ത്രിക്കുന്നത്? ഖവ്വാലികളിൽ എല്ലാ പാട്ടുകാർക്കും തുല്യനിലയാണ്. മുഖ്യഗായകനോ പിൻപാട്ടുകാരനോ ഇല്ലാതെ കേൾവിക്കാർ എന്ന സമൂഹമില്ലാതെ കൂട്ടായ ശബ്ദസംഘമായി പരിണമിക്കുന്നു. ഓരോരുത്തരും അവരുടെ ഓർമ്മകളിലൂടെയാണ് ആ സംഘത്തിൽ പങ്കുചേരുന്നത്. എത്തിച്ചേരുന്നതും അവരുടേതുമാത്രമായ സ്വപ്നഭൂമികളിൽ... പക്ഷെ, വഴികളെ ഇണക്കിനിർത്തുന്ന സാർവ്വലൗകികമായ ആർദ്രതയുണ്ട്. അതിനെ നിരാകരിക്കാനാവില്ല.

# ലോക പുനർനിർമ്മാണ സമ്മേളനം



കേരളം പുനർനിർമ്മിക്കുക എന്ന ബൃഹദ് ദൗത്യമാണ് സർക്കാർ ഏറ്റെടുത്തിരിക്കുന്നത്. പ്രളയത്തിനുമുമ്പ് ഉണ്ടായിരുന്നത് പുനഃസ്ഥാപിക്കുകയല്ല ഇതിന്റെ ലക്ഷ്യം. ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രകൃതിദുരന്തങ്ങളുടെ ആഘാതം താങ്ങാൻ ശേഷിയുള്ള ഒരു പുതിയ കേരളം നിർമ്മിക്കാനാണ് കേരള പുനർനിർമ്മാണത്തിലൂടെ ഉദ്ദേശിക്കുന്നത്.

കേരള പുനർനിർമ്മാണ ദൗത്യം ഒരു കർമ്മപദ്ധതിയായാണ് നടപ്പാക്കുന്നത്. പ്രകൃതിസൗഹൃദ നിർമ്മാണരീതികൾ, നദീജലത്തിന് കൂടുതൽ ഇടംനല്കുന്ന നയങ്ങൾ, പ്രളയത്തോടൊപ്പം ജീവിക്കുകയും അതിനെ അതിജീവിക്കുകയും ചെയ്യുന്ന ശൈലി എന്നിവയാണ് ഈ ദൗത്യത്തിന്റെ മുഖ്യഘടകങ്ങൾ.

കേരളസംസ്ഥാനത്തിന് സാമൂഹിക സുരക്ഷാനടപടികളുടെ ഒരു ദീർഘമായ ചരിത്രമുണ്ട്. ഭൂപരിഷ്കരണം, വിദ്യാഭ്യാസ-ആരോഗ്യമേഖലകളിലെ ഇടപെടലുകൾ തുടങ്ങി നിരവധി പുരോഗമനപരമായ ഇടപെടലുകൾ നടത്തിയിട്ടുള്ള സംസ്ഥാനത്തിന് ഇപ്പോഴത്തെ ദൗത്യവും ജനപങ്കാളിത്തത്തോടെ നടപ്പാക്കാൻ കഴിയുമെന്ന ശുഭപ്രതീക്ഷയുണ്ട്. ശക്തമായ വികേന്ദ്രീകൃതഭരണ സമ്പ്രദായം ഇക്കാര്യത്തിൽ നമുക്ക് വലിയ താങ്ങായിരിക്കും.'

മെയ് 13ന് ലോക പുനർനിർമ്മാണ സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തിയ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയന്റെ വാക്കുകളാണിവ.

ഇക്കഴിഞ്ഞ മെയ് 13, 14 തീയതി

**മൈന ഉമൈബാൻ**
എം.ഇ.എസ്. കോളേജ്, മമ്പാട്







കളിൽ ജനീവയിൽ വെച്ചാണ് ലോക പുനർനിർമ്മാണ സമ്മേളനം നടന്നത്. ലോകബാങ്കും ഐക്യരാഷ്ട്രസഭയും യൂറോപ്യൻ കമ്മീഷനും സംയുക്തമായാണ് ഈ സമ്മേളനം നടത്തിയത്.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ടായ ദുരന്തങ്ങൾ, ആ പ്രദേശങ്ങൾ നേരിട്ട രീതി എന്തെന്ന് അറിയുന്നതിനും പുനർനിർമാണപ്രവർത്തനങ്ങൾ ഏതുവിധത്തിലാണ് നടക്കുന്നത് എന്നും പരസ്പരം പങ്കുവയ്ക്കുന്നതിനും മനസ്സിലാക്കുന്നതിനും അതിനനുസരിച്ച് നയരൂപീകരണം നടത്തുന്നതിനുമുള്ള ആഗോള പരിസരം സൃഷ്ടിക്കുകയാണ് ലോകപുനർനിർമ്മാണ സമ്മേളനം ലക്ഷ്യം വെയ്ക്കുന്നത്. ദുരന്തപ്രദേശങ്ങളിലെ സർക്കാർ സംവിധാനം, പുനർനിർമാണത്തിന് രൂപരേഖ ഉണ്ടാക്കുകയും അതിനനുസരിച്ച് പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ടാവാമെങ്കിലും സമ്മേളനത്തിൽനിന്ന് കിട്ടുന്ന പുതിയ അറിവുകൾ കൂടി ഉൾപ്പെടുത്തി മെച്ചപ്പെട്ട നയരേഖ ഉണ്ടാക്കാൻ സാധിക്കുന്നു.

വിവിധ പ്രദേശങ്ങളിലെ ഭരണകർത്താക്കൾ, ഉദ്യോഗസ്ഥർ, സംഘടനാപ്രവർത്തകർ, ഗവേഷകർ, യുവജനങ്ങൾ, ദുർബലവിഭാഗത്തിൽ ഉൾപ്പെട്ടവർ തുടങ്ങി താല്പര്യമുള്ളവർക്ക് ഈസമ്മേളനത്തിൽ പ്രതിനിധികൾ ആവാം. ആറായിരത്തോളം പേരാണ് ഇത്തവണ സമ്മേളനത്തിൽ പങ്കെടുത്തത്.

ദുരന്തം എപ്പോൾ വേണമെങ്കിലും സംഭവിക്കാം. എന്നാൽ വിപൽകാലാവസ്ഥാനിർവ്വഹണത്തിലൂടെ (climate risk management) സുസ്ഥിരവികസനം ലക്ഷ്യമാക്കുന്ന കോൺഫറൻസ്. സുസ്ഥിരവികസനം നടപ്പിൽ വരുത്തേണ്ടത് ദുരന്തത്തേയും വിപൽകാലാവസ്ഥയേയും എങ്ങനെ നേരിടാം എന്നാലോചിച്ചുകൊണ്ടാവണം. ദുരന്തം മുൻകൂട്ടി കാണുവാനും വിലയിരുത്തുവാനും അതിനനുസരിച്ച് ദുരന്തലഘൂകരണം നടത്തുവാനുമുള്ള പദ്ധതി ആസൂത്രണം ചെയ്യുവാനും കഴിയേണ്ടതുണ്ട്. ദുരന്തം മൂലമുണ്ടായേക്കാവുന്ന സാമൂഹ്യ-സാമ്പത്തിക നഷ്ടം കുറയ്ക്കുവാനും പാരിസ്ഥിതിക തകർച്ചകുറയ്ക്കുന്നതരത്തിലുമാവണം പുനർനിർമ്മാണപ്രവൃത്തികൾ നടത്തേണ്ടത്.

ഇത്തവണത്തെ വിഷയം 'inclusion for resilient recovery' എന്നതായിരുന്നു. ഏറ്റവും ദുർബലരായ വിഭാഗങ്ങളെ ഉൾപ്പെടുത്തി പുനർനിർമാണം നടത്തുക എന്നതാണ് സമ്മേളനത്തിന്റെ പ്രധാന ആശയം.

എല്ലാ വ്യക്തികളെയും സമൂഹത്തിന്റെ ഭാഗമാക്കുകയാണ് ലക്ഷ്യം. അതിനുവേണ്ടി ഓരോരുത്തരുടേയും കഴിവ് മെച്ചപ്പെടുത്തുക, കൂടുതൽ അവസരങ്ങൾ നൽകുക, ആദരം നൽകുക, വ്യക്തികളിലെ കുറവുകളെ പരിഹരിച്ച് സമൂഹത്തിന്റെ ഭാഗമാക്കുക തുടങ്ങിയവയാണ് സമ്മേളനം വിഭാവനംചെയ്യുന്നത്.

മറ്റുള്ളവരുടെ അനുഭവങ്ങളും കാര്യക്ഷമമായ പരിഹാരമാർഗ്ഗങ്ങളും മനസ്സിലാക്കുന്നതിലൂടെ മെച്ചപ്പെട്ട ആശയങ്ങൾ ലഭിക്കുന്നതിനും അതിലൂടെ കൂടുതൽ മെച്ചപ്പെട്ട പുനർനിർമ്മാണപ്രവർത്തികൾ നടത്തുന്നതിനും സാധിക്കും.

സമ്മേളനം തുടങ്ങുന്നത് ഓപ്പണിങ് പ്ലീനറിയോടെയാണ്. കൂടാതെ, സമ്മേളനദിവസങ്ങളിലുള്ള മൂന്നോ നാലോ പ്ലീനറിസെഷൻ, ഒരേസമയം പലഹാളുകളിൽ നടക്കുന്ന സമാന്തര സാങ്കേതിക സമ്മേളനങ്ങൾ ഇങ്ങനെയാണ് സമ്മേളനത്തിന്റെ രീതി. ഓപ്പണിംഗ് പ്ലീനറിയിൽ മുഖ്യപ്രഭാഷണം നടത്താനുള്ള അവസരമാണ് നമ്മുടെ മുഖ്യമന്ത്രിക്ക് ലഭിച്ചത്. ഇന്ത്യയിലെ മറ്റൊരു മന്ത്രിക്കോ മുഖ്യമന്ത്രിക്കോ ഇങ്ങനെയൊരു അവസരം ലഭിച്ചിട്ടില്ല.

2018 ഓഗസ്റ്റിലുണ്ടായ പ്രളയം കേരളജനത ഒറ്റക്കെട്ടായി നിന്നുകൊണ്ടാണ് അതിജീവിച്ചത് എന്ന് മുഖ്യമന്ത്രി പറഞ്ഞു.

പ്രത്യേകിച്ച് യുവാക്കളും വിദ്യാർത്ഥികളും അസാധാരണമായ ഇച്ഛാശക്തിയോടെ പ്രവർത്തിച്ചു. കേരളസമൂഹത്തിൽ വേരൂന്നിയ നവോത്ഥാനമൂല്യങ്ങൾ ഉൾക്കൊണ്ടതുകൊണ്ടാണ് അവർക്കിത് സാധ്യമായത്. കേരളത്തിലെ പൊതുസമൂഹവും സർക്കാരും ഐക്യത്തോടെയും പെട്ടെന്നും ഉണർന്ന് പ്രവർത്തിച്ചു. കടലിനോട് മല്ലടിച്ച് നിത്യവൃത്തി കഴിക്കുന്ന മത്സ്യത്തൊഴിലാളി സമൂഹത്തോട് നമ്മൾ പ്രത്യേകം കടപ്പെട്ടിരിക്കുന്നു എന്നും അവരുടെ സമയോചിതമായ ഇടപെടൽ ഇല്ലായിരുന്നെങ്കിൽ ഇതിലുമധികം ജീവനുകൾ പ്രളയത്തിൽ നഷ്ടപ്പെട്ടുമായിരുന്നു എന്നും അദ്ദേഹം എടുത്തുപറയുകയുണ്ടായി.

പ്രളയം നേരിട്ട പ്രദേശമെന്ന നിലയിൽ കേരളത്തിന് പ്രത്യേക സെഷൻ ഉണ്ടായിരുന്നു. ഐക്യരാഷ്ട്രസഭ ദുരന്തലഘൂകരണവിഭാഗം സീനിയർ ഉപദേശക ഡോ. കരേൻ സുദ്മീർ മോഡറേറ്ററായി

# World Reconstruction Conference 4

**Inclusion for Resilient Recovery**
**Geneva, Switzerland | May 13-14, 2019**

ശ്രീ. ഡോ. വേണുവാസുദേവൻ (CEO, Rebuild Kerala Initiative) ഡോ. ടിഎൻ സീമ (ഹരിതകേരളം മിഷൻ) പീറ്റർപോൾവാൻമീൽ (advisor, integrated water resources manager, the Netherlands) ശ്രേയാംസ്കുമാർ (Joint Managing Director, Mathrub -humi) ആർക്കിടെക്ട് ജി. ശങ്കർ (ഹാബിറ്റാറ്റ് ടെക്നോളജീസ്) തുടങ്ങിയവർക്കൊപ്പം ഈ ലേഖികയും സംസാരിച്ചു.

എങ്ങനെയാണ് പ്രളയത്തെ നേരിട്ടത് എന്നും നവകേരളം എന്ന് പേരിട്ടിരിക്കുന്ന പുനർനിർമ്മാണ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത് എങ്ങനെയെല്ലാമാണെന്നുമാണ് ഡോ. വേണു വിശദീകരിച്ചത്.

പ്രളയത്തിൽ നിന്നുള്ള പാഠം ഉൾക്കൊണ്ടുകൊണ്ട് ഓരോ വില്ലേജിലും ദുരന്തലഘൂകരണത്തിന് സെൽ രൂപീകരിക്കുക, ഏതുകാലാവസ്ഥയെയും താങ്ങാൻശേഷിയുള്ള കെട്ടിടങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുക, സന്നദ്ധപ്രവർത്തകരെ സജ്ജരാക്കുക തുടങ്ങിയവയാണ് പ്രധാനലക്ഷ്യം. കേരളത്തെ പൂർവ്വസ്ഥിതിയിൽ ആക്കുക എന്നതല്ല മറിച്ച് മെച്ചപ്പെട്ട സൗകര്യങ്ങളോടെ നവകേരളം സൃഷ്ടിക്കുകയാണ് ലക്ഷ്യമെന്നും അത് സാധ്യമാണെന്ന ശുഭാപ്തിവിശ്വാസവും ഔത്സുക്യവുമുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

തണ്ണീർ തടങ്ങളില്ലാതായതും പുഴകളുടെയും തോടുകളുടെയും ജലനിർഗമനമാർഗങ്ങൾ അടഞ്ഞുപോയതും വനമേഖലയിലെ ജലസംഭരണശേഷി കുറഞ്ഞതും മറ്റുമാണ് പ്രളയത്തിന്റെ തീവ്രത വർധിപ്പിച്ചത്. ഈ നിലയിലുള്ള പാരിസ്ഥിതിക തകർച്ചയെ തിരുത്തുക എന്നത് പുനർനിർമ്മാണ പ്രക്രിയയിൽ പ്രധാനമാണ്. സുസ്ഥിര പാരിസ്ഥിതികവികസനം ഉറപ്പാക്കുന്നവയാവണം പുനർനിർമ്മാണപ്രോജക്റ്റുകൾ എന്ന് ഡോ. ടി.എൻ. സീമ പ്രളയവും പരിസ്ഥിതിയും എന്ന വിഷയം അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചു.

പോൾവാൽമീൽ സംസാരിച്ചത് വാട്ടർമാനേജ്മെന്റ് സിസ്റ്റത്തെക്കുറിച്ചായിരുന്നു. നദികളുടെയും ജലാശയങ്ങളുടെയും ആഴം വർധിപ്പിക്കാനും സ്വഭാവിക നീരൊഴുക്ക് തടസപ്പെടാതെ വെള്ളത്തിന്റെ വാഹകശേഷി വർധിപ്പിക്കാനും കഴിയുന്ന രീതിയാണ് 'റൂം ഫോർ റിവർ'. സമുദ്രനിരപ്പിന് താഴെയുള്ള ഭൂപ്രദേശമായതിനാൽ കൃഷി, മനുഷ്യവാസം, ആവാസവ്യവസ്ഥ തുടങ്ങിയ കാര്യങ്ങളിലെല്ലാം പ്രത്യേകശ്രദ്ധ നൽകേണ്ടതാണ്. നെതർലൻഡ്സിലെ ഗണ്യമായ പ്രദേശം സമുദ്രനിരപ്പിൽ നിന്ന് അഞ്ചുമീറ്റർ വരെ താഴെയാണ്. ദശാംശം ആറുമുതൽ മൂന്നുമീറ്റർവരെ താഴെയാണ് കുട്ടനാട്. യൂറോപ്പിലെ വടക്കേ പടിഞ്ഞാറൻ രാജ്യമായ നെതർലൻഡ്സ് ജലപരിപാലനരംഗത്ത് ലോകത്തിന് മാതൃകയാണ്. ഈ രംഗത്തുള്ള അവരുടെ ശാസ്ത്രീയ അറിവുകൾ കുട്ടനാട്ടിലെ കൃഷിയിലും മനുഷ്യജീവിതത്തിലും പ്രയോജനപ്പെടുത്താനുള്ള കർമപദ്ധതി തയ്യാറാക്കണമെന്ന് നിർദേശിച്ചു അദ്ദേഹം.

റികൺസ്ട്രക്ഷൻ ആന്റ് ജൻഡർ ഇൻക്ലൂഷൻ എന്നവിഷയമായിരുന്നു എനിക്ക് കിട്ടിയത്.

മാനവവികസന സൂചികയിൽ വികസിതരാജ്യങ്ങൾക്കൊപ്പം നേട്ടം ഉണ്ടെങ്കിലും കേരളത്തിലെ സ്ത്രീയുടെ അവസ്ഥ അത്ര മികച്ചതല്ല. വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ രംഗത്ത് വൻനേട്ടമുണ്ടെങ്കിലും ജൻഡർ സെൻസിബിലിറ്റി കുറഞ്ഞ സമൂഹമാണ് കേരളം. ഗാർഹിക പീഡനങ്ങളും മാനസികാഘാതങ്ങളും ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു. സമ്പൂർണ്ണസാക്ഷരരായിരുന്നിട്ടും തൊഴിൽ പങ്കാളിത്തത്തിലും രാഷ്ട്രീയപങ്കാളിത്തത്തിലും ദേശീയശരാശരിയേക്കാൾ പിന്നിലാണ്കേരളം.

പ്രളയസമയത്ത് സ്ത്രീകളുടെ കൂട്ടായ്മയായ കുടുംബശ്രീ, അധ്യാപകർ, അംഗനവാടി ജീവനക്കാർ തുടങ്ങി സ്ത്രീകൾ രക്ഷാപ്രവർത്തനങ്ങളിൽ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്.

വീടുകളിലെ കാണാപണികളിൽ കുറവുവരുത്തുക, തൊഴിലിടങ്ങളിൽ ഡേകെയർ സംവിധാനമൊരുക്കുക, തൊഴിലിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധമുണ്ടാക്കുക,

തൊഴിൽ സാധ്യതകൾ ഉണ്ടാക്കുക, പീഡനങ്ങൾ തടയുക, വീട്ടുപോലുള്ളവയിലെ ഉടമസ്ഥാവകാശം തുല്യതയിലെത്തിക്കുക, നയപരമായ തീരുമാനങ്ങളെടുക്കുന്ന രംഗത്തേക്ക് സ്ത്രീകളെ ഉയർത്തുക, സമത്വത്തെക്കുറിച്ചുള്ള ബോധ്യമുണ്ടാക്കുക തുടങ്ങിയവയാണ് ലിംഗനീതി ഉറപ്പാക്കാൻ ചെയ്യേണ്ടത് എന്നാണ് പ്രധാനമായി സംസാരിച്ചത്.

പ്രളയകാലത്ത് മാധ്യമങ്ങൾ വഹിച്ച പങ്കിനെക്കുറിച്ചാണ് എം.വി ശ്രേയാംസ്കുമാർ സംസാരിച്ചത്.

പുനർനിർമ്മാണ പ്രവൃത്തികളിൽ ആർക്കിടെക്ടുകളുടെ സേവനം ഉൾക്കൊള്ളിക്കണമെന്ന് ജി ശങ്കർ പറഞ്ഞു.

കേരളത്തിന്റെ അതിജീവനത്തിന്റെ പ്രതീകമായ ചേക്കുട്ടിപ്പാവകളെക്കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശിപ്പിക്കുകയും അത് വലിയ ശ്രദ്ധനേടുകയും ചെയ്തു.

കേരളാ സെഷന്റെ ചുക്കാൻ പിടിച്ചത് ഐക്യരാഷ്ട്രസഭ പരിസ്ഥിതി പ്രോഗ്രാം ദുരന്ത ലഘൂകരണവിഭാഗം തലവനായ ഡോ. മുരളി തുമ്മാരുകുടിയാണ്.

അതിജീവനശ്രമങ്ങളിൽ, പുനർനിർമ്മാണ പ്രവർത്തിയിൽ കേരളം ഏറെ മുന്നിലാണെന്നാണ് പൊതുവേ ഉണ്ടായ വിലയിരുത്തൽ.

സമ്മേളന ഹാളുകളിൽ ചക്രക്കസേരകൾക്കുള്ള സ്ഥാനം മുന്നിൽതന്നെ ഒരുക്കിയിരുന്നു. ദുർബലവിഭാഗത്തെ എങ്ങനെ ഉൾക്കൊള്ളണം എന്നതിനുള്ള സാക്ഷ്യപ്പെടുത്തലായിരുന്നു അത്. ചക്രക്കസേരകളിൽ സഞ്ചരിക്കുന്നവർ, മറ്റുള്ളവരുടെ സഹായത്തിൽ നടക്കുന്നവർ, കൈത്തൊട്ടിലിൽ കുഞ്ഞുങ്ങളുമായെത്തിയ യുവതികൾ തുടങ്ങിയവ കൗതുകകരമായിരുന്നു. ഇവർ അപൂർവ്വതയായിരുന്നില്ല. എല്ലായിടത്തും അവരുടെ സാന്നിദ്ധ്യമുണ്ടായിരുന്നു. സുഹൃത്തുക്കളുടെ സഹായത്താൽ അഫ്ഗാൻപോലുള്ള വിദൂരസ്ഥലങ്ങളിലിരുന്ന് വിർച്ച്വൽ കോൺഫറൻസ് റിയാലിറ്റി അനുഭവവേദ്യമാക്കിയത് വിസ്മയത്തോടെയാണ് കണ്ടുനിന്നത്. അവർ കോൺഫറൻസ് വേദിയിൽ നടക്കുന്ന പരിപാടികൾ വീക്ഷിക്കുക മാത്രമല്ല വേദിക്ക് പുറത്ത് അലഞ്ഞു നടക്കുന്ന പ്രതിനിധികളുമായി വരെ സംവദിക്കുന്നുണ്ടായിരുന്നു.




കേരളത്തിൽ നിന്ന് പങ്കെടുക്കുന്ന വ്യക്തി എന്നനിലയിൽ എന്നെ അത്ഭുതപ്പെടുത്തിയ മറ്റൊന്ന് സ്ത്രീകളുടെ പ്രാതിനിധ്യമായിരുന്നു. നേർ പകുതിയോളം സ്ത്രീകളുണ്ടായിരുന്നു – പെൺകുട്ടികൾ മുതൽ വടിയുടെ സഹായത്തിൽ നടക്കുന്ന വൃദ്ധർ വരെ. വിവിധ രാജ്യങ്ങളിൽ നിന്നുള്ളവർ, വംശത്തിലുള്ളവർ, പലനിറങ്ങളിലുള്ളവർ, പലവേഷക്കാർ ഒഴുകിനടക്കുന്നു. ലോകപുനർനിർമ്മാണ സമ്മേളനത്തിന്റെ രണ്ടാംപതിപ്പിൽ മുപ്പത്ശതമാനമായിരുന്ന സ്ത്രീപ്രാതിനിധ്യമെങ്കിൽ മൂന്നാംപതിപ്പിൽ നാൽപ്പത് ശതമാനമായിരുന്നെന്നാണ് ഐക്യരാഷ്ട്രസഭ റിപ്പോർട്ട് ചെയ്തത്. ഇക്കഴിഞ്ഞ നാലാം സമ്മേളനത്തിൽ പകുതിയോളമെത്തുന്ന സ്ത്രീപ്രാതിനിധ്യം സ്ത്രീകളുടെ ഭാവിയെ സംബന്ധിച്ച ശുഭോദർക്കമായ സൂചനയാണ് നൽകുന്നത്. സഹസ്രാബ്ദങ്ങളായി നിലനിന്നിരുന്ന അടിമത്തത്തിൽ നിന്ന് മോചനത്തിലേക്ക് നടന്നുവരുന്ന കാഴ്ച അത്ഭുതത്തോടെയാണ് നോക്കിനിന്നത്. സ്ത്രീ മുന്നോട്ടു തന്നെയാണ്. നാളെ അവരുടെ കൈകളിലാണ് ലോകം എന്ന് ഉറച്ച് വിശ്വസിക്കാൻ പ്രേരിപ്പിക്കുന്നു.

വ്യക്തിപരമായി സ്ത്രീ എന്ന നിലയിൽ മനുഷ്യജീവി എന്ന നിലയിൽ എന്നെ തന്നെ പുനർനിർമ്മിക്കുന്നതായിരുന്നു ഈ സമ്മേളനം !

# പത്താമത്തെ പക്ഷി

അവസാനത്തെ തവണ അത്യാവശ്യ സാധനങ്ങൾ വീട്ടിൽ നിന്നുമെടുത്ത് തറവാട്ടിലേക്ക് കൊണ്ടുപോകാൻ വന്നപ്പോഴാണ് പൊടുന്നനെ ആ കിളിക്കൂട് ജോസഫിന്റെ ശ്രദ്ധയിൽ പെടുന്നത്.

പിന്നാമ്പുറത്ത് വർക്ക് ഏരിയയിൽ നിലം തുടക്കാനുള്ള തുണികൾ പിഴിഞ്ഞ് വിരിച്ചിടാൻ കെട്ടിയ ചെറിയ ഒരു അയക്കയറിലായിരുന്നു കിളിക്കൂട് തൂങ്ങിക്കിടന്നിരുന്നത്.

വർക്ക് ഏരിയ വീടിന്റെ തറ നിരപ്പിനേക്കാൾ ഒന്നരയടിയോളം താഴ്ത്തിയാണ് കെട്ടിയിരുന്നത്. അതുകൊണ്ട് അവിടെ മുട്ടിന് താഴെ വെള്ളമായിക്കഴിഞ്ഞിരുന്നു. കഴുകി കമഴ്ത്തി വച്ചിരുന്ന വലിയ കലങ്ങളും മറ്റ് പാത്രങ്ങളും വെള്ളത്തിൽ ഒഴുകി നടക്കാൻ തുടങ്ങിയിരുന്നു. "ഒക്കെ ഒഴുകി നടക്കട്ടെ. ഏതായാലും ഈ അരച്ചുമരിനും അതിന് മുകളിലെ ചെറിയ അഴികളുള്ള ഗ്രില്ലിനുമപ്പുറത്തേക്ക് ഇതൊന്നും ഒഴുകിപ്പോവില്ലല്ലോ? ജോസഫ് മനസ്സിലോർത്തു.

വെറും മൂന്ന് ദിവസങ്ങൾകൊണ്ട് തനിക്കിത്രയും ലാഘവ ബുദ്ധി എങ്ങനെ വന്നു എന്ന് പെട്ടെന്നുതന്നെ അയാൾ അതിശയിച്ചു. ഓരോ ചെറിയ കാര്യത്തിനും എത്ര ടെൻഷനടിക്കുന്ന ആളാണ് താനെന്ന് സോഫി എപ്പോഴും പരിഭവിക്കാറുള്ളതാണ്...

വർക്ക് ഏരിയയിൽ മാത്രമല്ല, വീടിനുള്ളിലും കണങ്കാലിന് താഴെ വെള്ളമായിക്കഴിഞ്ഞിരുന്നു. ഉപ്പിൽ

**ജെയ്സൺ ജോസ്**
സെന്റ് അലോഷ്യസ് കോളേജ്, തൃശ്ശൂർ





നിന്ന് ലേലത്തിൽപ്പിടിച്ച തേക്ക് തടികൊണ്ട് മരപ്പണിക്കാരെ ഇരുത്തിപ്പണിയിച്ച് വീണ്ടും മാസങ്ങളോളം ഉരച്ച്, മിനുക്കി, പോളീഷ് പൂശി ഭംഗിയിൽ പണിതുണ്ടാക്കിയ വുഡൻ ഷെൽഫുകൾ എല്ലാ മുറികളിലുമുണ്ടായിരുന്നു. ഇനി ഇഞ്ചുകൾ മാത്രം വെള്ളം പൊന്തിയാൽ മതി, തന്റെ പ്രിയപ്പെട്ട വാൾ ഷെൽഫുകളെല്ലാം നനഞ്ഞ്, ചീർത്ത് നശിക്കുവാൻ...

മരണം തീർച്ചപ്പെടുത്തിയ ഒരാളുടെ മരവിച്ച നിസ്സംഗത ജോസഫിനെ ഗ്രസിക്കുവാൻ തുടങ്ങിയിരുന്നു. അതാകട്ടെ, മലവെള്ളം പോലെ പതിയെപ്പതിയെ പൊങ്ങി വരികയുമായിരുന്നു.

വീട്ടിനുള്ളിൽ വെള്ളം കയറുമെന്ന് ഏതാണ്ട് ഉറപ്പായിക്കഴിഞ്ഞത് മുതൽ അവർ താഴത്തെ നിലയിൽ നിന്ന് സാധനങ്ങൾ ഒന്നൊന്നായി എടുത്ത് മേലത്തെ നിലയിലേക്ക് വക്കാൻ തുടങ്ങിയിട്ടുണ്ടായിരുന്നു. കനമുള്ള സാധനങ്ങൾ, ഫ്രിഡ്ജ്, വാഷിംഗ് മെഷീൻ തുടങ്ങിയവ എടുത്ത് കട്ടിലിനോ ടേബിളിനോ മുകളിലായി കയറ്റി വച്ചിരുന്നു.

വീട്ടുമുറ്റത്ത് പൊന്തിയ വെള്ളം മുട്ടോളമാകാൻ തുടങ്ങിയ തലേന്ന് രാത്രി തന്നെ അയാൾ സോഫിയെയും അലീനമോളെയും കൂട്ടി തറവാട്ടിലേക്ക് താമസം മാറ്റിയിട്ടുണ്ടായിരുന്നു.

"ഈ കിഴക്കൻ ദേശത്ത് പറമ്പുകൾ തട്ടുകളായിക്കിടക്കുന്നത് നന്നായി; അല്ലെങ്കിൽ, നമുക്ക് മാറിപ്പോകാൻ വേറൊരു വീടില്ലാതായിപ്പോയേനെ." സോഫി പറഞ്ഞു.

അവൾ തീരദേശക്കാരിയാണ്. 'കിഴക്കൻ മലമ്പൂളികൾ' എന്ന് പറഞ്ഞ് ഈ പ്രദേശത്തുകാരെ കളിയാക്കുന്നവൾ. എത്ര വേഗത്തിലാണ് അവൾക്ക് കിഴക്കൻ ദിക്കിലെ കയറ്റിറക്കങ്ങൾ നല്ലതായി തോന്നിയത്!

'ഒരൊറ്റ മഴ മതി,' ജോസഫ് മനസ്സിലോർത്തു. 'മനോഗതിയൊക്കെ മാറ്റിയെടുക്കുവാൻ!'

പെരുമഴയുടെ മൂന്നാംനാൾ തറവാട്ടിലെ തെക്കെ മുറിയിൽ മഴയോടൊപ്പം തുടികൊട്ടുന്ന മനസ്സുമായി ഉറക്കമില്ലാതെ കിടന്ന രാത്രിയും കഴിഞ്ഞ് നേരം വെളുത്തപ്പോഴേക്കും രണ്ട് തട്ടുകൾക്ക് താഴെ അവരുടെ വീട്ടുമുറ്റത്ത് മൂന്നടിയോളം പൊക്കത്തിൽ വെള്ളം കയറിക്കഴിഞ്ഞിരുന്നു. വീടിനുള്ളിലും കണങ്കാലിനു താഴെ വെള്ളമായിക്കഴിഞ്ഞിരുന്നു.

അങ്ങനെയാണ് അയാൾ വീടിനുള്ളിൽ നിന്നും വിലപിടിപ്പുള്ള സാധനങ്ങളും അത്യാവശ്യരേഖകളും കുറച്ച് വസ്ത്രങ്ങളും പുതപ്പ്, തലയിണ തുടങ്ങിയ സാധനങ്ങളും കുറേശ്ശെയായി ഭാണ്ഡം കെട്ടിയെടുത്ത് തറവാട്ടിലേക്ക് മാറ്റാൻ തുടങ്ങിയത്. നാളെയിനി വീടിന്റെ മുകളിലെ നിലയിലേക്കും വെള്ളം പൊന്തില്ലെന്ന് പറയാനാകില്ലല്ലോ! മുറ്റത്ത് അരയോളം വെള്ളമായിക്കഴിഞ്ഞതിനാൽ സോഫിയെയും അലീനമോളെയും അയാൾ ഒപ്പം കൂട്ടിയില്ല. മഴയാണെങ്കിൽ അപ്പോഴും തോരാതെ പെയ്യുകയുമായിരുന്നു.

പൂന്തോട്ടത്തിലെ ചെടികളെല്ലാം അപ്പോഴേക്കും വെള്ളത്തിൽ മുങ്ങിക്കഴിഞ്ഞിരുന്നു. തെക്ക് വശത്തെ

മതിലിനോട് ചേർന്ന് നിന്നിരുന്ന ചെമ്പരത്തിച്ചെടിയുടെ തലപ്പുകൾ മാത്രം വെള്ളത്തിന് മുകളിൽ പൊന്തി നിന്നു. ചെമ്പരത്തിപ്പൂവുകൾ ഏതോ അത്യാഹിതത്തിന്റെ അടയാളംപോലെ മലവെള്ളത്തിന്റെ കലക്കലിലും ചുവന്ന് പ്രതിബിംബിച്ചു.

പിന്നാമ്പുറത്ത് കിണറ് നിന്നിരുന്ന സ്ഥലം മുഴുവനും വെള്ളം വന്ന് മൂടിയിരുന്നു. ചുറ്റുമതിലും മോട്ടോർപ്പുരയും കൂടി വെള്ളത്തിൽ മറഞ്ഞ് കഴിഞ്ഞു. തുടിക്കാലിന്റെയറ്റത്തെ കപ്പിയും കയറിന്റെ ഒരു വാരയും മാത്രം ഒരു ചോദ്യചിഹ്നം കണക്കെ വെള്ളത്തിലൊറ്റക്ക് നിന്നു. വൈദ്യുതി ഇല്ലാതായിട്ട് അന്നേക്ക് മൂന്ന് ദിവസമായിരുന്നു, മൊബൈൽ നെറ്റ് വർക്ക് ഇല്ലാതായിട്ട് രണ്ടാം ദിവസവും.

പലതവണയായി അത്യാവശ്യ സാധനങ്ങളെല്ലാം തറവാട്ടിലെത്തിച്ച് ഒടുവിൽ വീട് പൂട്ടുവാൻ വന്നതായിരുന്നു അയാൾ. വെള്ളം വലയം ചെയ്ത ആ വീടിനെ താഴിട്ട് പൂട്ടുന്നതിലെ മൗഢ്യമോർത്ത് അയാൾ സ്വയം ചിരിച്ചു. എന്നിട്ട് പതിയെ എല്ലാ മുറികളിലും കയറിയിറങ്ങി. ഇതൊക്കെ ഇങ്ങനെ അവസാനമായി കാണുന്നതാണെങ്കിലോ! മഴ നിർത്താതെ പെയ്യുകതന്നെയായിരുന്നല്ലോ.

അപ്പോഴാണ് പൊടുന്നനെ വർക്ക് ഏരിയയിലെ ആ കിളിക്കൂട് അയാളുടെ ശ്രദ്ധയിൽപ്പെട്ടത്. അയയിൽ തൂങ്ങിക്കിടന്നിരുന്ന ആ കിളിക്കൂട് വേർപ്പെടുത്തിയെടുക്കാനാകാത്ത വിധത്തിൽ ആ കയറിനോട് ചേർത്ത് നെയ്തെടുത്തതായിരുന്നു. അതിനടുത്തായി ചെറിയൊരു കാർഡ് ബോർഡ് കഷ്ണം സേഫ്റ്റി പിന്നുകൊണ്ട് കോർത്ത് കയറിൽ തൂക്കിയിരുന്നു. അതിൽ മാർക്കർ പേനകൊണ്ട് കറുത്ത മഷിയിൽ 9th bird എന്നെഴുതിയിരുന്നു.

ഇരുവശത്തെയും ഗ്രില്ലുകളിലായി വലിച്ച് കെട്ടിയിരുന്ന കയർ അയാൾ ശ്രദ്ധാപൂർവ്വം അഴിച്ചെടുത്തു. കൂട്ടിൽ നിന്ന് ശബ്ദങ്ങളൊന്നുമില്ല. കുഞ്ഞ് തളർന്നുറങ്ങുകയാവും. കൂടിന് കേടുവരാതെ അയാൾ ശ്രദ്ധിച്ച് കയറടക്കം ചുരുട്ടിപ്പിടിച്ചു. 9th bird എന്നെഴുതിയ കാർഡ് ബോർഡ് കഷ്ണം പറിച്ച് താഴെ വെള്ളത്തിലിട്ടു.

**ഒമ്പതാമത്തെ പക്ഷി.**

അത് അലീനമോൾ എഴുതിയതായിരുന്നു. ഏതാണ്ട് ഒന്നരയോ രണ്ടോ വർഷങ്ങൾക്ക് മുമ്പാകണം ഇണക്കുരുവികൾ അവരുടെ പിന്നിറക്കോലായിൽ ആദ്യമായി കൂട് കൂട്ടുന്നത്. പിന്നിലെ വർക്ക് ഏരിയയിലെ കറുത്ത പെയിന്റടിച്ച ഗ്രില്ലുകൾക്ക് നല്ല ഇഴയടുപ്പമാണ്. ഒരു തൂക്കണാം കുരുവിക്കോ അടക്കാപക്ഷിക്കോ അപ്പുറം മറ്റൊരു പക്ഷിക്കോ, പൂച്ചയ്ക്കോ, മറ്റിരപിടിയന്മാർക്കോ അതിലൂടെ കടക്കുക സാദ്ധ്യമല്ല. ഇത്തരമൊരു സുരക്ഷിതസ്ഥാനമായതിനാലാവണം അവരായിടം തിരഞ്ഞെടുത്തത്.

ആദ്യമൊക്കെ വീട്ടിലെയാരെങ്കിലും വർക്ക് ഏരിയയിലേക്ക് കടന്ന് വരുന്നത് കാണുമ്പോൾ ആ കുരുവികൾ പറന്നകലുമായിരുന്നു. പിന്നെപ്പിന്നെ അവയുടെ പേടി മാറി. കൂട് കാണെക്കാണെ പൂർത്തിയായി. മുട്ടയിട്ടു. അടയിരുന്നു. കുഞ്ഞുങ്ങൾ വിരിഞ്ഞ് പുറത്തിറങ്ങി.

നിങ്ങളിത് കാണുന്നുണ്ടോ? സോഫി അന്നൊരിക്കൽ കളിയായി പറഞ്ഞു. നോക്കിയിരിക്കുമ്പോഴേക്ക് ഇവറ്റകളുടെ വീട് പണി കഴിഞ്ഞു. നമ്മളോ, ഓരൊന്നൊന്നര വർഷമെടുത്ത് എത്ര ബാങ്കീന്ന് ലോണെടുത്താണ് ഈയ്യൊരു വീട് പണിതുണ്ടാക്കിയത്!

മുട്ടവിരിഞ്ഞ് കുഞ്ഞുങ്ങൾ പുറത്ത് വന്നതോടെ സ്വിച്ചിട്ടതുപോലെ തള്ളക്കിളിയും തന്തക്കിളിയും പണി തുടങ്ങി. അവർ മാറി മാറി തീറ്റകൊണ്ടുവന്ന് കൊടുത്തു. കാറ്റടിച്ച് വീർത്തതുപോലെ കുഞ്ഞുങ്ങൾ വലുതായി. പപ്പും തൂവലും വന്നു. ഒരു സുപ്രഭാതത്തിൽ കൂട് വിട്ട് അവ പറന്ന് പോയി.

"വാട്ട്സ് ആപ്പിലെ ചെറിയ ആനിമേഷൻ വീഡിയോകൾ കാണുന്നത് പോലുണ്ട്: അല്ലേ, പപ്പാ?" അലീന മോൾ പറഞ്ഞു. "നോക്കിയിരിക്കുമ്പോഴേയ്ക്ക് കുറേ കാര്യങ്ങൾ ടപ്പടപ്പാന്ന് നടക്കലും വീഡിയോ തീരലും കഴിഞ്ഞു!"

വീട്ടിലെ മുതിർന്നവർ ഉപദ്രവകാരികളല്ലെന്നും ആകെയുള്ള ഒരു കുട്ടി ചെറിയ കൗതുകങ്ങൾ മാത്രമുള്ള, ഒട്ടും വികൃതിയില്ലാത്ത ഒരു പാവമാണെന്നും നന്നായി മനസ്സിലാക്കിയിട്ടാവണം ആ കിളിക്കൂടിനെ അവ ഒരു സ്ഥിരം സംവിധാനമാക്കിയിട്ടുണ്ടാവുക.

പിന്നീട് മാസങ്ങൾക്കുശേഷം അവ രണ്ടാമതുമെത്തി. അതേ കൂട്ടിൽ മുട്ടയിട്ടു. വിരിഞ്ഞു. കുഞ്ഞുങ്ങൾക്ക് നിർത്താതെ തീറ്റ കൊടുത്തു. അവ പറക്കമുറ്റി പറന്ന് പോയി.

തുടരെത്തുടരെ അവ വന്നു തുടങ്ങിയപ്പോഴാണ് അലീനമോൾ കൂടിന്നടുത്തായി കട്ടിക്കടലാസിൽ 4th bird പിന്നെ 5th bird എന്നിങ്ങനെ കൃത്യമായി എഴുതി തൂക്കിയിടാൻ തുടങ്ങിയത്. അവൾ അങ്ങനെയാണ്, എന്തിനുമേതിനും ഒരു കൈയ്യും കണക്കുമൊക്കെയുണ്ട്.

"ഇത്രവേഗത്തിൽ ഇവറ്റ രണ്ടാമതും മുട്ടയിടുമോ?"

ജോസഫ് തികച്ചും പുരുഷസഹജമായ നിഷ്കളങ്കതയോടെ ഒരിക്കൽ ഒരു സംശയം പ്രകടിപ്പിച്ചു.

"ഈ വരുന്നതെല്ലാം ഒരേ ജോഡി പക്ഷികളാണെന്നാണോ വിചാരിച്ചിരിക്കുന്നത്?" സോഫി ഒരു ചെറുചിരിയോടെ പറഞ്ഞു.

"ഇതൊക്കെ തലമുറകളാണ്. അമ്മ, മകൾ, ചെറുമകൾ... അങ്ങനെ മാറി മാറി വന്ന് മുട്ടയിടുകയാണ്. പണ്ടത്തെക്കാലത്ത് വീടുകളിൽ അമ്മയും പെൺമക്കളും മാറി മാറി പ്രസവിച്ചിരുന്നതുപോലെ!"

സോഫി ഒരു കുസൃതിച്ചിരി ചിരിച്ചുകൊണ്ട് പറഞ്ഞു.

"ഈ പപ്പയ്ക്ക് ഒന്നും അറിഞ്ഞുകൂടാ. അല്ലേ മോളേ!" എന്നിട്ടവൾ അലീനമോളെ നോക്കി കണ്ണിറുക്കി.

അലീന എല്ലാം മനസ്സിലായെന്ന ഭാവത്തിൽ തലയാട്ടി.

'ഈ പെണ്ണുങ്ങളുടെ ഒരു കാര്യം!' അയാൾ മനസ്സിലോർത്തു.

'അങ്ങനെ കഷ്ടിച്ച് രണ്ട് വർഷം മുമ്പ് ആദ്യത്തെ ജോഡി ഇണക്കുരുവികൾ ചെറുനാരുകൾ കൊണ്ട് കെട്ടിയുണ്ടാക്കിയ ഈ കിളിക്കൂട് ഒരു തറവാടായിത്തീർന്നിരിക്കുന്നു.' ജോസഫ് മനസ്സിൽ പറഞ്ഞു. 'തലമുറകൾക്ക് പിറന്ന് പറക്കമുറ്റിപ്പോകാനുള്ള ഒരിടം.' എന്നിട്ടയാൾ ഗ്രില്ലിനുള്ളിലൂടെ രണ്ട് തട്ടുകൾക്ക് മേലെ അതേ വളപ്പിൽ ഉയർന്ന് നിൽക്കുന്ന തന്റെ പഴയ തറവാട് വീടിനെ വെറുതെ ഒന്ന് പാളി നോക്കി.

9th bird എന്ന ബോർഡ് തൂക്കിയിട്ട് അധികം കഴിയുന്നതിന് മുമ്പേ ആ

ബാച്ച് മുട്ടകളും വിരിഞ്ഞിറങ്ങി. പക്ഷേ, പതിവിന് വിപരീതമായി ഇത്തവണ ഒരൊറ്റ കിളിക്കുഞ്ഞേ ഉണ്ടായിരുന്നുള്ളൂ. മറ്റു രണ്ടു മുട്ടകളും കെട്ടുപോയി.

"ഇത്തവണ ഈ കിളിക്കുഞ്ഞ് ഡബിൾ സ്പീഡിൽ വളരും. ഇല്ലേ പപ്പ? അപ്പനുമമ്മയും കൊണ്ടുവരുന്ന തീറ്റ മുഴുവൻ ഈ ആർത്തിക്കാരിയല്ലേ ഒറ്റയ്ക്ക് വെട്ടിവിഴുങ്ങുന്നത്!"

സ്വാതന്ത്ര്യദിനാഘോഷത്തിന് മോണിംഗ് അസംബ്ലിയിൽ പറയാനുള്ള ഇംഗ്ലീഷ് പ്രസംഗം ആംഗ്യവിക്ഷേപങ്ങൾ സഹിതം പിന്നിറക്കോലായിൽ നിന്നും, നടന്നും പഠിക്കുന്നതിനിടയിൽ അലീനമോൾ കുറച്ചുറക്കെത്തന്നെ പറഞ്ഞു.

സ്വാതന്ത്ര്യദിനത്തിന്റെയന്ന് രാവിലെ കോരിച്ചൊരിയുന്ന മഴയായിരുന്നു. വളരെ കുറച്ച് കുട്ടികളേ അന്ന് സ്കൂളിൽ വന്നുള്ളൂ.

ഓപ്പൺ അസംബ്ലി ഉണ്ടായില്ല. വരാന്തയിൽപ്പോലും ഭയങ്കര കാറ്റടിയായിരുന്നു. കുട ചൂടി നിന്നാണ് പ്രിൻസിപ്പൽ ഫാദർ ഫ്ളാഗ് ഹോയിസ്റ്റ് ചെയ്തത്. പിന്നെ പ്രയറും സ്പീച്ചും നാഷ്ണൽ ആന്തവും എല്ലാം കുട്ടികൾ ക്ലാസിൽ നിന്ന് മൈക്കിലൂടെയാണ് കേട്ടത്." അലീനമോൾ പരിഭവം കാറ് കെട്ടിയ മുഖത്തോടെ പറഞ്ഞു.

മഴ തോരാതെ പെയ്തുകൊണ്ടിരുന്നു. വൈകുന്നേരമാവുമ്പോഴേയ്ക്കും രണ്ട് പറമ്പുകൾക്കപ്പുറത്തെ പാടത്ത് വെള്ളം നിറഞ്ഞു. തോട്ടിലെ വെള്ളം കര കവിഞ്ഞ് പാടത്തിന് നടുവിലൂടെ പോകുന്ന ടാറിട്ട റോഡിനെ മുത്തമിടാൻ തുടങ്ങിയിരുന്നു. പാടം എന്നത് പഴയൊരു വഴക്കം കൊണ്ട് പറയുന്നതാണ്. പഴയ നെൽപ്പാടങ്ങൾ ഏതാണ്ട് മുഴുവനായിത്തന്നെ ഇല്ലാതായിക്കഴിഞ്ഞിരിക്കുന്നു. സമീപത്തെ കുന്നുകൾ പലപ്പോഴായി ഇടിച്ചുനിരത്തി മണ്ണെല്ലാം പാടത്ത് നിറച്ചു. ആദ്യം വാഴ, പിന്നെ തെങ്ങ്, പിന്നീട് പുരകൾ എന്നീ ക്രമത്തിൽ പഴയ പാടത്തിന് ഒരു പതിറ്റാണ്ടിനുള്ളിൽ പരിണാമം സംഭവിച്ചിരിക്കുന്നു.

"നിങ്ങളൊന്നുകൊണ്ടും പേടിക്കേണ്ട. നമ്മുടെ വീടിരിക്കുന്ന തട്ടിനും രണ്ട് തട്ടുകൾ അപ്പുറം പിന്നെയുമെത്ര താഴ്ന്നാണ് തോടും പാടവും. ഒരു എട്ടുപത്തടിയെങ്കിലും താഴെ! എന്തായാലും ഇത്രയുമുയരത്തിൽ വെള്ളമൊന്നും പൊന്താൻ പോവുന്നില്ല." പ്രകടമായ ആത്മവിശ്വാസത്തോടെ അയാൾ അത് പറയാൻ ശ്രമിച്ച് നോക്കി. കാരണം ആകുലതകളുടെ കാറും കോളും തന്റെ വീടിന്റെയാകാശങ്ങളിൽ പരക്കുന്നത് അയാൾ അറിയുന്നുണ്ടായിരുന്നു.

മഴയുടെ തോരാപ്പെയ്ത്ത് ഊതിനിറച്ച ആധികൾക്കിടയിൽ തള്ളക്കിളിയും തന്തക്കിളിയും തീറ്റയും കൊണ്ട് വരാതായത് അവരാരും തന്നെ ശ്രദ്ധിക്കുന്നുണ്ടായിരുന്നില്ല. തിരക്കിൽ എന്തോ കുനിഞ്ഞെടുത്ത് പെട്ടെന്ന് നിവർന്നപ്പോൾ സോഫിയുടെ തല അറിയാതെ ആ കൂട്ടിലൊന്നു മുട്ടിയതും കിളിക്കുഞ്ഞ് തല പുറത്തിട്ട് ചുവന്ന അണ്ണാക്ക് മുഴുവനും പൊളിച്ച് വലിയ വായിൽ നിലവിളിക്കാൻ തുടങ്ങി. അപ്പോൾ മാത്രമാണ് കുരുവികളെ കുറെയേറെ നേരമായി, അഥവാ കഴിഞ്ഞ ഒരു ദിവസം തന്നെയായി കാണാനില്ല എന്ന കാര്യം അവരോർക്കുന്നത്. പെരുമഴയത്ത് മനുഷ്യന് മാത്രമല്ല, പക്ഷികൾക്കും പുറത്തിറങ്ങാൻ സാധിക്കുമായിരിക്കില്ല.

"ഇതിന് വിശന്നിട്ടാണ്. പാവം! നമുക്കിതിന് എന്തെങ്കിലും കൊടുത്താലോ?" സോഫി ചോദിച്ചു.

നാലഞ്ച് വറ്റ് ചോറ് ഒരു പിഞ്ഞാണത്തിലിട്ട് കൊണ്ട് വന്നത് സോഫിതന്നെയായിരുന്നു. കൂട്ടിൽ ചെറുതായൊന്നു മുട്ടിയപ്പോഴേക്കും കിളിക്കുഞ്ഞ് ചുവന്ന അണ്ണാക്ക് പിളർത്തിക്കൊണ്ട് തല നീട്ടി. ജോസഫ് വേഗം തന്നെ ഒരു വറ്റ് ചോറ് അതിന്റെ വായിലേക്കിട്ട് കൊടുത്തു.

കിളിക്കുഞ്ഞ് പൊടുന്നനെ കൊക്കുപൂട്ടി തല ഉള്ളിലേക്കിട്ടു. തീറ്റ തന്നത് തന്റെ മാതാപിതാക്കളല്ല എന്ന് അത് മനസ്സിലാക്കിക്കഴിഞ്ഞിരിക്കണം. പിന്നീട് എത്ര തവണ മുട്ടിയിട്ടും അത് തല പുറത്തിടുകയോ കൊക്ക് പിളർക്കുകയോ ചെയ്തില്ല.

"അതിന് ഇഷ്ടായിട്ടുണ്ടാവില്ല." അലീനമോൾ പറഞ്ഞു.

"എന്തൊക്കെയോ പുഴുക്കളോ നമുക്കറിയാത്ത സാധനങ്ങളുമൊക്കെയാണ് ഇവറ്റകളുടെ ഭക്ഷണം." സോഫി നെടുവീർപ്പോടെ പറഞ്ഞു.

ജോസഫിന്റെ പ്രവചനങ്ങളെല്ലാം മുക്കിക്കളഞ്ഞ് കൊണ്ട് മഴ പെയ്തിറങ്ങിക്കൊണ്ടിരുന്നു. അന്ന് രാത്രി താഴത്തെ രണ്ടു തട്ടുകളും കവിഞ്ഞ് വീട്ടുമുറ്റത്തേക്ക് വെള്ളം കയറാൻ തുടങ്ങിയപ്പോൾത്തന്നെ അയാൾ സോഫിയേയും അലീനമോളേയും കൂട്ടി മേലെ തറവാട്ട് വീട്ടിലേക്ക് താമസം മാറ്റി.

വർക്ക് ഏരിയയിൽ നിന്നും അഴിച്ചു കൊണ്ട് വന്ന അയക്കയർ അയാൾ ശ്രദ്ധയോടെ തറവാട് വീടിന്റെ പിന്നിറക്കോലായിൽ വലിച്ച് കെട്ടി. മഴ കുറയുമ്പോൾ കുരുവികൾ അവറ്റകളുടെ കുഞ്ഞിനെയന്വേഷിച്ച് വന്നോളും എന്ന് അയാളുടെ അപ്പനമ്മമാരും അവരെ സമാധാനിപ്പിച്ചു.

പക്ഷേ മഴ കുറഞ്ഞില്ല.

മനസ്സിന്റെ ധൈര്യം ചോരുന്ന ഇടനാഴികളിൽ ഭയമിറ്റിച്ച് അത് നിർത്താതെ പെയ്തുകൊണ്ടിരുന്നു.

നാലാം നാൾ രാവിലെ ഒരു ചെറിയ സ്പൂണിൽ ഇളം ചൂടുള്ള പാലുമായി അലീനമോൾ കൂടിനരികിലേക്ക് ചെന്നു. ജോസഫും സോഫിയും ഒപ്പം ചെന്നു. എങ്ങനെയെങ്കിലും അതൊന്ന് വാ പിളർന്നു കാണിച്ചാൽ അതിലേക്ക് കുറച്ച് പാലിറ്റിക്കാം എന്നവർ വിചാരിച്ചു.

പക്ഷേ, എന്തു ചെയ്തിട്ടും കിളിക്കുഞ്ഞ് തല പുറത്തേക്കിട്ടില്ല. അവസാനം അയാൾ കൂടിന്റെ മുൻവശത്തെ ചെറിയ പൊത്തിലൂടെ കൈവിരൽ കടത്തി പരതി നോക്കി.

എങ്ങുമെത്തുന്നില്ല. പുറമേ നിന്ന് ഒരു ജീവിക്കും എളുപ്പത്തിൽ കടക്കാനാകാത്ത വിധം സങ്കീർണ്ണമായിരുന്നു അതിന്റെ വാസ്തുവിദ്യ.


"ഈ കൂട് പൊളിക്കാതെ മറ്റ് മാർഗ്ഗമില്ല." ജോസഫ് പറഞ്ഞു. സോഫിയും അലീനമോളും നിസ്സഹായതയോടെ തലയാട്ടി.

ഒമ്പത് തലമുറകൾക്ക് ഈറ്റില്ലമായിരുന്ന ആ കിളിക്കൂട് അയാൾ പതിയെ വലിച്ച് കീറി. നാരുകളുടെ പതുപതുത്ത ഭിത്തിയടർന്നപ്പോൾ ഉള്ളിൽ പാതിമാത്രം മുളച്ച ചെറുതൂവലുകളുടെ അൽപവസ്ത്രത്തിൽ ആ കുഞ്ഞ് തല പൂഴ്ത്തി കിടന്നിരുന്നു. അത് ചത്തുകഴിഞ്ഞിട്ടുണ്ടായിരുന്നു.

സോഫിയുടെ മുഖത്ത് മഴക്കാറു പോലെ ദുഃഖം പടരുന്നതും അലീനമോൾ ചെറുചാറ്റലായി വിതുമ്പാൻ തുടങ്ങുന്നതും അയാൾ കണ്ടു.

അപ്പോൾ തന്റെ കുട്ടിക്കാലത്ത് ലോറിയിടിച്ച് ചത്തുപോയ വളർ

ത്തുനായയുടെ കുഴിമാടത്തിൽ രണ്ട് ഉണക്കക്കമ്പുകൾ കൂട്ടിക്കെട്ടി കുരിശുണ്ടാക്കി നാട്ടിയതും അതിനരികിലിരുന്ന് താൻ കരഞ്ഞ് പ്രാർത്ഥിച്ചതും ജോസഫ് ഓർത്തു.



അലീനമോളുടെ കവിളിലൂടെ ഒലിച്ചിറങ്ങിയ കണ്ണീർ അവളുടെ കയ്യിലെ പിഞ്ഞാണത്തിലെ പാലിൽ ഇറ്റ് വീണ് കലരുന്നത് കണ്ടുനിൽക്കാനാകാതെ അയാൾ മുഖം തിരിച്ചു.


"നമുക്കിതിനെ കുഴിച്ചിടാം." കരച്ചിലടങ്ങിയപ്പോൾ അലീനമോൾ പറഞ്ഞു.

"ഇല്ല നമുക്കിതിനെ ഈ നശിച്ച പ്രളയത്തിന് തന്നെ കൊടുക്കാം. കൊണ്ടോയ് തിന്നട്ടെ!" അയാളുടെ സ്വരത്തിലെ കനത്ത ശൈത്യം തിരിച്ചറിഞ്ഞിട്ടാകാം സോഫിയും അലീനമോളും ഒന്നും മറുപടി പറഞ്ഞില്ല.

അയാൾ ചീന്തിപ്പൊളിച്ച ആ കിളിക്കൂടും അതിലെ ചത്ത കിളിയെയുമെടുത്ത് കുടപോലുമെടുക്കാതെ പുറത്തെ മഴയിലേക്കിറങ്ങി നടന്നു. താഴത്തെ തട്ടിലെ നിറഞ്ഞ് കവിഞ്ഞ മലവെള്ളത്തിലേക്ക് അതിട്ട ശേഷം വല്ലാത്തൊരു ഭാവത്തോടെ തിരിച്ച് തറവാട്ടിലേക്ക് നടന്നു. പ്രളയം അതിന്റെ ശൈത്യം ചുറ്റും പടർത്താൻ തുടങ്ങിയത് സോഫി ഒരു വിളർച്ചയോടെ അറിഞ്ഞു.

പ്രളയം കഴിഞ്ഞ് ആകാശങ്ങളടഞ്ഞു. പിന്നീടങ്ങോട്ട് ദിവസങ്ങൾ, ആഴ്ചകൾതന്നെയും മഴ പെയ്യാൻ മാനം മറന്നുപോയി. അപ്പോൾ പ്രളയദിനങ്ങളിലെ കേരളത്തിന്റെ കഥകൾ പെരുമഴയായി ലോകമെങ്ങും പെയ്തിറങ്ങി.

മഴ നിന്ന് വെള്ളമിറങ്ങിപ്പോയതിന്റെ മൂന്നാംപക്കം വീടാകെ അടിച്ച് കഴുകി ജോസഫും കുടുംബവും തറവാട്ടിൽ നിന്ന് തിരിച്ച് വീട്ടിലേക്ക് താമസം മാറ്റി. ഭാഗ്യത്തിന് കണങ്കാലിനപ്പുറം വീട്ടിൽ വെള്ളം പൊങ്ങിയിരുന്നില്ല. മരയലമാരികൾ ഉൾപ്പെടെ ഒന്നിനും കേടുപാടുകളുണ്ടായില്ല. മലവെള്ളം മലിനമാക്കിയ



വീട്ടുകിണറ്റിലെ വെള്ളം ഉപയോഗിക്കുന്നതിന് മാത്രം പിന്നേയും കുറെ ദിവസങ്ങൾ കഴിയേണ്ടി വന്നു എന്നുമാത്രം.

തറവാടിന്റെ പിന്നിറക്കോലായിൽ നിന്നും അഴിച്ചുകൊണ്ടുവന്ന് വീടിന്റെ വർക്ക് ഏരിയയിൽ വീണ്ടും കെട്ടിയിട്ട അയക്കയറിൽ സോഫി തുടക്കാനുള്ള തുണികൾ വീണ്ടും ഉണക്കാനിടാൻ തുടങ്ങി. എന്നിട്ടും ആ കയറിന്റെ നടുവിലെവിടെയോ ആയി ഇല്ലാതിരുന്ന ഒരു കിളിക്കൂട് അതിന്റെ ശൂന്യതകൊണ്ട് പ്രളയത്തിന്റെ നഷ്ടദിനങ്ങളെ നിശ്ശബ്ദമായി ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു.

അധികം വൈകാതെ ദുരിതാശ്വാസ ക്യാമ്പുകളായിരുന്ന വിദ്യാലയങ്ങൾ വീണ്ടും തുറക്കുകയും അവർ മൂവ്വരും പഠിക്കാനും പഠിപ്പിക്കാനുമായി പോയ്ത്തുടങ്ങുകയും ചെയ്തു. ജീവിതം ചെറുനാമ്പുകൾ നീട്ടി വീണ്ടും വളരാൻ തുടങ്ങുകയായിരുന്നു.

എങ്കിലും തന്റെ വീട്ടിനുള്ളിൽ പ്രളയജലത്തിന്റെ ഇനിയും വിട്ടൊഴിയാത്ത ശൈത്യമൂറിക്കിടക്കുന്നതായി ചിലപ്പോഴൊക്കെ ജോസഫിന് തോന്നാറുണ്ട്. അലീനമോൾ പഴയതുപോലെ പിന്നിൽ വർക്ക് ഏരിയയിൽ ഇരുന്ന് പഠിക്കാറില്ല; അവൾ മിക്കവാറുമെപ്പോഴും വാതിലടച്ച് മുറിക്കുള്ളിലാണ്. സോഫിയാകട്ടെ അവളുടെ ആക്ഷേപഹാസ്യവും ചെറുതർക്കങ്ങളുമെല്ലാം നിർത്തിയിരിക്കുന്നു. കിളിയൊഴിഞ്ഞ് പോയ ഒരു കിളിക്കൂട് പോലെ മൗനം ഘനീഭവിച്ച ഒരു കൂടാണ് തന്റെ വീടെന്ന് ചിലപ്പോൾ ജോസഫിന് തോന്നും.

"പപ്പാ, അമ്മേ ഓടിവായോ!"

അന്നൊരു ഞായറാഴ്ച അപരാഹ്നത്തിന്റെ ആലസ്യത്തിലേക്ക് അലീനമോളുടെ ഉദ്വേഗം നിറഞ്ഞ ശബ്ദം അവരെ വിളിച്ചുണർത്തി.

പിന്നാമ്പുറത്ത് വർക്കേരിയയിലെ അയക്കയറിന്റെ നടുവിലായി ചെറിയൊരു മുഴകണക്കേ ചകിരിനാരുകളും കരിയിലത്തുണ്ടുകളും പറ്റിപ്പിടിച്ചിരുന്നു.

വിടർന്ന കണ്ണുകളാൽ ജോസഫും സോഫിയും നോക്കിനിൽക്കുമ്പോൾ തന്നെ എണ്ണക്കറുപ്പുള്ള ആൺകിളിയും അടക്കപോലെ ഉരുണ്ട പെൺകിളിയും ഗ്രില്ലിന്റെ അഴികൾക്കിടയിലൂടെ പറന്ന് നാരുകൾ കൊണ്ടുവന്ന് കയറിനു നടുവിൽ കോർത്തിട്ടുകൊണ്ടിരുന്നു.

അടുത്ത കിളിക്കൂടിന്റെ പണി തുടങ്ങിക്കഴിഞ്ഞു!

പെട്ടെന്ന് വീശിയടിച്ച കുളിർക്കാറ്റിൽ നാളുകളായി പിന്നിറക്കോലായിൽ തളം കെട്ടി നിന്നിരുന്ന നരച്ച ശൂന്യത പാറിപ്പറന്ന് പോകുന്നതുപോലെ ജോസഫിന് തോന്നി.

അപ്പോൾ മാത്രമാണ് തേൻ കുരുവികൾ കൂട് കൂട്ടിയിരുന്നത് പിന്നാമ്പുറത്തായിരുന്നില്ല, മറിച്ച് തന്റെ കുടുംബത്തിന്റെ മനസ്സിന്റെ അകത്തളത്തിലായിരുന്നു എന്നത് ഒരു വെളിപാടുപോലെ ജോസഫിന് മനസ്സിലാകുന്നത്.

ആഴ്ചകൾക്കുശേഷം സോഫിയുടെ മുഖവും പെയ്തുതെളിഞ്ഞ ആകാശമാകുന്നത് ജോസഫ് കണ്ടു. ചെറുകലഹങ്ങളും കുസൃതികളും കുറുമ്പുകളും വെൺമേഘത്തുണ്ടുകൾപോലെ അവിടെ ചേക്കേറുന്നത് വലിയൊരാശ്വാസത്തോടെ അയാൾ അറിഞ്ഞു.

അലീനമോൾ പകൽസമയങ്ങളിലെ പഠനം വീണ്ടും വർക്ക് ഏരിയയിലേക്ക് മാറ്റിക്കഴിഞ്ഞു.

10th bird എന്നെഴുതിയ പുതിയൊരു കാർഡ് തയ്യാറാക്കി വച്ചിട്ടുണ്ട് അവൾ. കൂടിന്റെ പണി തീരുന്നതോടെ അവളത് അയയിൽ തൂക്കിയിടും.

"നിങ്ങളുടെ മുഖ്യമന്ത്രി സഖാവിനോട് നമ്മുടെ പിന്നാമ്പുറത്ത് വന്ന് ഒന്നു കാണാൻ പറയൂ." പിറ്റേന്ന് കാലത്ത് പിന്നിറക്കോലായിരുന്ന് ചൂടുകാപ്പി മൊത്തുന്നതിനിടയിൽ സോഫി പറഞ്ഞു.

"നവകേരളം പണിയും എന്ന് വെറുതെ വീമ്പിളിക്കിയാൽ മാത്രം പോരാ. ദാ... ഇതുപോലെ ഈ കുരുവികൾ കൂട് കൂട്ടുന്നപോലെ ടപ്പടപ്പാന്ന് പണിതു കാണിക്കണം!" അവളൊരു തർക്കത്തിനുള്ള തയ്യാറെടുപ്പിലാണ്.

"നിങ്ങളുടെ മുഖ്യമന്ത്രിയോ?" അലീനമോൾ തികച്ചും നിഷ്കളങ്കമായി ചോദിച്ചു.

"നമ്മുടെ മുഖ്യമന്ത്രി എന്നല്ലേ പറയേണ്ടത്?"

അപ്പോൾ സോഫി മറുപടി പറയാതെ ജോസഫിനെ നോക്കി കണ്ണിറുക്കി പഴയതുപോലെ ഒരു കുസൃതിച്ചിരി ചിരിച്ചു. പിന്നിറക്കോലായിലെ ഊഷ്മളത ആ ചിരിയോടൊപ്പം വീടിനുള്ളിലേക്ക് പടരുന്നതായി ജോസഫിന് തോന്നി.

തന്തക്കിളിയും തള്ളക്കിളിയും ഇതൊന്നും ശ്രദ്ധിക്കാതെ പറന്ന് നടന്ന് എങ്ങുനിന്നൊക്കെയോ നാരുകൾ കൊണ്ടുവന്ന് വേഗത്തിൽ കൂട് പണിയുകയായിരുന്നു.



# ഗിരോലാമോ കർദാനോ

**ഡോ. ഇന്ദുലാൽ ജി.**
സെന്റ് അലോഷ്യസ് കോളേജ്, എടത്വ



ഒരു ബഹുപദഗണിതസമവാക്യത്തെ (polynomial equation), നിർദ്ധാരണം ചെയ്യാനാകുമോ എന്നത് നൂറ്റാണ്ടുകളായി ഗണിതജ്ഞരെ കുഴക്കിയ പ്രശ്നമായിരുന്നു. ത്രിമാനസമവാക്യത്തിന്റെ നിർദ്ധാരണത്തിലൂടെ പ്രശസ്തനായ ഗിരോലാമോ കർദാനോയെപ്പറ്റിയാണ് ഈ ലേഖനം.

ജ്യാമിതീയപ്രശ്നങ്ങളിൽ പരിഹാരത്തിനും നിർദേശങ്ങൾക്കുമായി ലിയോനാർഡോ ഡാവിഞ്ചി സമീപിച്ചിരുന്ന ഫാസിയോ കർദാനോയുടെ, നിയമാനുസൃതമല്ലാത്ത മകനായി 1501 ൽ ജനിച്ച കർദാനോ, പിതാവിന്റെ എതിർപ്പുകളെ കണക്കിലെടുക്കാതെ വൈദ്യശാസ്ത്രപഠനത്തിലാണ് ശ്രദ്ധാലുവായത്. യുദ്ധം പൊട്ടിപ്പുറപ്പെട്ട സമയത്ത് ഇറ്റലിയിലെ പാദുവാ സർവകലാശാലയിലേക്ക പഠനം മാറ്റിയ കർദാനോ

അതീവവൈകാരികമനോനിലയുള്ളവനും എടുത്തുചാട്ടക്കാരനുമായിരുന്നു. അന്നു നിലവിലിരുന്ന രാഷ്ട്രീയപരിതസ്ഥിതിയിൽ ശക്തമായി ഇടപെട്ട് തന്റെ സാന്നിദ്ധ്യമറിയിക്കുന്നതിൽ കർദാനോ വിജയിച്ചു. ആരെയും അനുസരിക്കാതിരുന്ന , ധൂർത്തനായ അദ്ദേഹം പിതാവിന്റെ പാരമ്പര്യസ്വത്ത് നിശേഷം ഇല്ലാതാക്കുകയും തന്റെ ജീവിതച്ചെലവുകൾക്കായി ചൂതുകളി, വാതുവെയ്പ്പ് എന്നിവ പോലെയുള്ളവയെ ആശ്രയിക്കുകയും ചെയ്തു. സംഭാവ്യതാ സിദ്ധാന്തത്തിൽ (probability theory) അഗാധപാണ്ഡിത്യമുണ്ടായിരുന്ന കർദാനോയ്ക്ക് ഇത്തരം കളികളിൽ പരാജയം നേരിടേണ്ടിവന്നതുമില്ല.

1525 ൽ വൈദ്യശാസ്ത്രബിരുദം നേടിയ കർദാനോയ്ക്ക് മറ്റുള്ളവരെ വെറുപ്പിക്കുന്ന സ്വഭാവ സവിശേഷതകാരണം, ഒരു സ്ഥാപനത്തിലും ജോലി തരപ്പെടുത്താനായില്ല. സ്വന്തമായി ഒരു ക്ലിനിക് തുടങ്ങിയെങ്കിലും നിത്യവൃത്തിക്കുപോലും ബുദ്ധിമുട്ടുന്ന അവസ്ഥയിലേക്ക് കർദാനോ കുടുംബം താമസിയാതെ ചെന്നെത്തി. എന്നാൽ ഗണിതത്തിലുണ്ടായിരുന്ന തന്റെ മികവുമൂലം മിലനിലെ പിയാറ്റി കലാലയത്തിൽ ഒരു ഗണിതശാസ്ത്രാദ്ധ്യാപകന്റെ ജോലിയിൽ പ്രവേശിക്കാൻ കർദാനോയ്ക്കു കഴിഞ്ഞത് അദ്ദേഹത്തിന്റെ ജീവിതത്തിലെ വഴിത്തിരിവായി. ഇടവേളകളിൽ രോഗികളെ പരിശോധിച്ച് അദ്ദേഹത്തിന് ആ മേഖലയിലും തന്റെ കഴിവു തെളിയിക്കാനായി.

രോഗികളുമായി ഇടപെടുന്നതിലെ കർദാനോയുടെ പ്രാഗത്ഭ്യത്തെ മാനിച്ച് മിലനിലെ കോളേജ് ഓഫ് ഫിസിഷ്യൻസിൽ അദ്ദേഹത്തിന് 1539ൽ അംഗത്വം ലഭിക്കുകയുണ്ടായി. ഇതിനോടകം വൈദ്യശാസ്ത്രം, തത്ത്വചിന്ത, ഗണിതം, ജ്യോതിശാസ്ത്രം എന്നിവയിൽ അതിപ്രശസ്തങ്ങളായ പ്രബന്ധങ്ങളും പുസ്തകങ്ങളും കർദാനോ പ്രസിദ്ധീകരിച്ചു.



പതിയെപ്പതിയെ അദ്ദേഹം പ്രശസ്തിയുടെ നെറുകയിലെത്തി. ഇനിയാണ് കർദാനോയുടെ ഏറ്റവും മികച്ചതെന്നു കരുതുന്ന ത്രിമാനസമവാക്യനിർദ്ധാരണവുമായി ബന്ധപ്പെട്ട സംഭവം പറയാൻ പോകുന്നത്.

ത്രിമാനസമവാക്യനിർദ്ധാരണത്തിന്റെ പിതാവെന്നു ലോകം കരുതുന്ന കർദാനോ, ഇതു നേരത്തേതന്നെ കണ്ടുപിടിക്കുകയും എന്നാൽ പരസ്യപ്പെടുത്തുകയോ പ്രസിദ്ധീകരിക്കുകയോ ചെയ്യാതെയുമിരുന്ന ടാർടാഗ്ലിയ എന്ന ഗണിതജ്ഞനിൽനിന്ന്, തന്റെ കുശാഗ്രബുദ്ധിയുപയോഗിച്ച് ആ വിദ്യ സ്വായത്തമാക്കി. അറിവു സമ്പാദനമെന്ന നിഷ്കളങ്കമായ ആഗ്രഹമേ തനിക്കുള്ളൂവെന്നും താൻ ഇതിന്മേൽ ഗവേഷണമോ മറ്റു പഠനങ്ങളോ നടത്തുകയില്ലെന്നും ഒരുകാലത്തും ഇതുമായി ബന്ധപ്പെട്ട തന്റെ നിരീക്ഷണങ്ങൾ പ്രസിദ്ധപ്പെടുത്തുകയില്ലെന്നുമുള്ള കർദാനോയുടെ പൊള്ളയായ വാഗ്ദാനത്തിൽ വിശ്വസിച്ച ടാർടാഗ്ലിയ വളരെക്കാലത്തെ ശ്രമഫലമായി താൻ കണ്ടുപിടിച്ച ഈ ഗണിതഗവേഷണഫലം കർദാനോയ്ക്ക് കൈമാറി. തന്റെ മരണശേഷം ഇതിനെപ്പറ്റി ആരും അറിയാതിരിക്കാൻ ഗൂഢലിപികളിലേ താൻ ഇതു സൂക്ഷിച്ചുവയ്ക്കൂവെന്നും കർദാനോ ടാർടാഗ്ലിയായ്ക്കുമുന്നിൽ പ്രതിജ്ഞചെയ്തു.

എന്നാൽ ഈ പ്രതിജ്ഞയെ കാറ്റിൽ പറത്തിക്കൊണ്ട് കർദാനോ ത്രിമാനസമവാക്യത്തിൽ ആറുവർഷംനീണ്ട ഗവേഷണങ്ങൾ നടത്തുകയും ടാർടാഗ്ലിയായുടെ വഴിയിലൂടെ അനേക കാതം മുൻപോട്ടു സഞ്ചരിക്കുകയും അവസാനം അവാസ്തവസംഖ്യകൾ(complex numbers) ഉൾപ്പെടുന്ന നിർദ്ധാരണം കണ്ടെത്തുകയും ചെയ്തു. 1545 ൽ ടാർടാഗ്ലിയായെ എക്കാലത്തേക്കും നിഷ്പ്രഭനാക്കിക്കൊണ്ട് കർദാനോ ഈ ഗവേഷണനേട്ടം ആർസ് മാഗ്ന എന്ന തന്റെ ബീജഗണിതാടിസ്ഥാനത്തിലുള്ള പ്രബന്ധത്തിൽ പ്രസിദ്ധീകരിച്ചു.

കർദാനോയുടെ നിർദ്ധാരണരീതി പിന്തുടർന്ന ലോഡോവിനോ ഫെറാരി എന്ന അദ്ദേഹത്തിന്റെ

ശിഷ്യൻ പിന്നീട് ചതുർമാനസമവാക്യങ്ങൾ ഒരു ത്രിമാനസമവാക്യമുപയോഗിച്ച നിർദ്ധാരണം ചെയ്യുന്ന മാർഗം കണ്ടുപിടിച്ച് പ്രസിദ്ധീകരിച്ചു. ഇതിനോടകം ഈ കണ്ടുപിടിത്തത്തിലൂടെയും തന്റെ ഗവേഷണപ്രബന്ധങ്ങളിലൂടെയും പ്രഭാഷണപരമ്പരകളിലൂടെയും കർദാനോ അതിപ്രശസ്തനായി. എന്നാൽ ഈ നേട്ടങ്ങളൊന്നും പരുക്കനും കഠിനഹൃദയനും ധിക്കാരിയുമായ അദ്ദേഹത്തിന്റെ സ്വഭാവത്തിൽ അല്പം പോലും മാറ്റം വരുത്തിയില്ല. ഗണിതലോകത്ത് ഏറെ പ്രശസ്തനായിട്ടും തന്റെ വഴിവിട്ട, അസാധാരണപെരുമാറ്റങ്ങൾകൊണ്ട് മറ്റുള്ളവരെ എന്നേയ്ക്കുമായി വെറുപ്പിക്കുന്ന, കർദാനോയുടെ ജീവിതം അങ്ങിനെതന്നെ തുടർന്നു.

1546 ൽ ഭാര്യയുടെ മരണംപോലും അദ്ദേഹത്തെ ചലിപ്പിച്ചില്ല. പ്രഗത്ഭനായ ഡോക്ടർ എന്ന പേരെടുത്ത കർദാനോ യൂറോപ്പിലെ അനേകം രാജ്യങ്ങളിലെ പ്രശസ്തരുടെ ആധികാരിക ഡോക്ടറുമായി. 1552 ൽ ഇറ്റലിയിലെ ആർച്ച്ബിഷപ്പിന്റെ ആസ്ത്മ സുഖപ്പെടുത്തിയ കർദാനോ അധികം താമസിയാതെ പാവിയ സർവകലാശാലയിൽ പ്രൊഫസറായി നിയമിക്കപ്പെട്ടു. വരാനിരിക്കുന്ന ദുരന്തങ്ങളുടെ പെരുമഴക്കാലം തുടങ്ങുന്നത് ഈ സമയത്താണ്.

കർദാനോയുടെ മൂത്തപുത്രൻ ഗാബാറ്റിസ്റ്റോ കർദാനോ പിതാവിനിഷ്ടമില്ലാത്ത ദുർനടപ്പുകാരിയും അമിത പണക്കൊതിയുമുള്ള ഒരു സ്ത്രീയെ വിവാഹം ചെയ്തു. പണത്തിനായി കർദാനോകളെ അലട്ടിയ അവർ വഴിവിട്ട ജീവിതത്താൽ കർദാനോയുടേതല്ലാത്ത മൂന്ന് കുഞ്ഞുങ്ങൾക്ക് അമ്മയുമായി. ഇതിനെത്തുടർന്ന് ഭാര്യയെ വിഷംകൊടുത്ത് കൊലപ്പെടുത്തിയ ബാറ്റിസ്റ്റോ 1560 ൽ വധശിക്ഷയ്ക്ക് വിധേയനായി. കേസ് നടത്താൻ തന്റെ സ്വത്തിന്റെ ഏറിയപങ്കും ചെലവഴിച്ച കർദാനോ അധികം വൈകാതെ ദരിദ്രനായി. മകന്റെ കുറ്റകൃത്യം സമൂഹത്തിലെ അംഗീകരിക്കപ്പെട്ടയിടങ്ങളിൽ കർദാനോയ്ക്ക് പ്രവേശനം നിഷേധിക്കുകയും ചെയ്തു. ഒരുകാലത്ത് ധൂർത്തനും അഹങ്കാരിയുമായി സ്വന്തം പിതാവിന്റെ ധനം മുഴുവൻ ദുരുപയോഗം ചെയ്ത കർദാനോയ്ക്ക് കാലം കാത്തുവെച്ച കാവ്യനീതി!

ആകെയുള്ള രണ്ടുപുത്രന്മാരിൽ ഇളയവനായ ആൽദോയെക്കൊണ്ടുപോലും കർദാനോയ്ക്ക് സമാധാനം ലഭിച്ചില്ല. പിതാവിനേക്കാൾ ധൂർത്തനും വിഷയലമ്പടനുമായ ആൽദോ സ്വന്തം പിതാവിന്റെ ധനം മോഷ്ടിച്ചതിന് ജയിലിലായി. ഈ ദുരന്തങ്ങളുടെ തുടർച്ച കർദാനോയെ മാനസികമായി ആകെ തളർത്തി. നഷ്ടപ്പെട്ട പേരും പെരുമയും ഏതുവിധേനയും തിരികെയെടുക്കണമെന്ന് തീരുമാനിച്ച അദ്ദേഹം 1570 ൽ യേശുക്രിസ്തുവിന്റെ ജാതകമെഴുതിയതിനും ക്രിസ്ത്യൻ രക്തസാക്ഷികളെ പീഡിപ്പിച്ച നീറോയെ പുകഴ്ത്തിയതിനും മതനിന്ദക്കുറ്റം ചുമത്തി ജയിലിലടയ്ക്കപ്പെട്ടു. റോമുമായി വൈദ്യശാസ്ത്രരംഗം വഴിയായി നല്ല ബന്ധം പുലർത്തിയ

**ഗണിതശാസ്ത്രത്തിന്റെ പല ഭാഗങ്ങളിലും നിസ്തുല സംഭാവനകൾ നൽകിയ കർദാനോ തന്റെ പിന്നാലെ വന്ന മഹാരഥന്മാരായ സർ ഐസക് ന്യൂട്ടൻ, ലിയോനാർഡ് ഓയ്ളർ, കാൾ ഗോസ് എന്നിവർക്ക് സുഗമമായി ചിന്തിക്കാനും പ്രവർത്തിക്കാനുമുള്ള ഗണിതപാതയൊരുക്കുന്നതിൽ ഗണ്യമായ പങ്കുവഹിച്ചു.**

കർദാനോയ്ക്ക് സഹാനുഭൂതിയുടെ പേരിൽ ശിക്ഷ ഇളവുചെയ്തുകൊടുക്കപ്പെട്ടുവെങ്കിലും കലാലയങ്ങളിൽ ജോലിക്കും ഗവേഷണഫലങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും മതകോടതി ആജീവനാന്ത വിലക്ക് ഏർപ്പെടുത്തി. എന്നാൽ അദ്ദേഹത്തിന്റെ ജ്യോതിശാസ്ത്രസംബന്ധമായ അറിവുകളേയും ഡോക്ടർ എന്നനിലയിൽ ചെയ്ത സേവനങ്ങളേയും മാനിച്ച് ഗ്രിഗറി പതിമൂന്നാമൻ മാർപാപ്പ കർദാനോയ്ക്ക് മതകോടതി ഏർപ്പെടുത്തിയ വിലക്ക് പിൻവലിച്ചു.

ഇതിനെത്തുടർന്ന് കർദാനോ തന്റെ സംഭവബഹുലമായ ജീവചരിത്രം പ്രസിദ്ധീകരിച്ചു. തന്റെ മരണസമയം വരെ ജ്യോതിശാസ്ത്രനിരീക്ഷണങ്ങൾക്കനുസരിച്ച് പ്രവചിച്ച കർദാനോയ്ക്ക് പക്ഷേ അതു നടപ്പാക്കാനും തന്റെ ശാസ്ത്രം ശരിയായിരുന്നുവെന്ന് സ്ഥാപിക്കാനും ആത്മഹത്യ ചെയ്യേണ്ടിവന്നുവെന്നതും ഓർക്കേണ്ടതുണ്ട്.

ബീജഗണിതം(Algebra) യന്ത്രഗണിതം (Mechanics), ജലബലതന്ത്രം (hydrodynamics), ജ്യോതിശാസ്ത്രം (Astronomy). സംഭാവ്യതാശാസ്ത്രം (Probability) എന്നിവയിൽ അസാമാന്യമികവു പുലർത്തിയ കർദാനോ അതു സംബന്ധിയായ ധാരാളം പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. ചൂതുകളിയിലും വാതുവെയ്പ്പിലും ഗണിതസങ്കേതങ്ങൾ ഉപയോഗിച്ച അദ്ദേഹം ഇവയ്ക്കൊക്കെ ഗണിതശാസ്ത്രാടിസ്ഥാനത്തിലുള്ള വിശദീകരണങ്ങളും നല്കുകയുണ്ടായി.

ഗണിതശാസ്ത്രത്തിന്റെ പലഭാഗങ്ങളിലും നിസ്തുല സംഭാവനകൾ നല്കിയ കർദാനോ തന്റെ പിന്നാലെ വന്ന മഹാരഥന്മാരായ സർ ഐസക് ന്യൂട്ടൻ, ലിയോനാർഡ് ഓയ്ലർ, കാൾ ഗോസ് എന്നിവർക്ക് സുഗമമായി ചിന്തിക്കാനും പ്രവർത്തിക്കാനുമുള്ള ഗണിതപാതയൊരുക്കുന്നതിൽ ഗണ്യമായ പങ്കുവഹിച്ചു. കർദാനോയുടെ ത്രിമാനസമവാക്യനിർദ്ധാരണരീതിയാണ് പത്തൊൻപതാം നൂറ്റാണ്ടിലെ അതിഗംഭീരമായ ഗണിതവിസ്മയം എന്ന് പുകൾപെറ്റ കാൾ ഫ്രഡറിക് ഗോസിന്റെ അടിസ്ഥാനബീജഗണിതസിദ്ധാന്തത്തിന്റെ (Fundamental Theorem of Algebra) മാർഗദീപമെന്നതും നമ്മൾ അറിയേണ്ടതുണ്ട്. അസഹനീയമായ പെരുമാറ്റ സ്വഭാവവൈകല്യങ്ങൾ ഉണ്ടായിട്ടുകൂടെ ഗണിതലോകത്തിന് കനപ്പെട്ട നേട്ടങ്ങൾ സമ്മാനിച്ച ബഹുമുഖപ്രതിഭയെന്ന നിലയിലും പിന്നീട്ട ഗണിതലോകം അത്ഭുതാംകുരിനിനാകണ്ട് പലഗണിതനേട്ടങ്ങളുടേയും ബീജാവാപം നടത്തിയ ആൾ എന്ന നിലയിലും ശാസ്ത്രലോകം കർദാനോയെ എക്കാലവും ഓർമ്മിക്കുമെന്ന് തീർച്ച.

Reference

1. Steven G. Krantz, An Episodic History of Mathematics, 2006 2. David M. Burton, The History of Mathematics AN INTRODUCTION, Mc Graw Hills, 2011

സംസ്ഥാന സമ്മേളനത്തോട് അനുബന്ധിച്ച് നടത്തിയ
കഥാരചന മത്സരത്തിൽ ഒന്നാം സമ്മാനം നേടിയ കഥ

# വാകപ്പെൺകൊടി

**ഷബ്നം നൂർജഹാൻ**
ഫാറൂക്ക് കോളേജ്, കോഴിക്കോട്



മാർച്ച്... പ്രഭാതക്കുളിരിലേക്ക് കൂടി പടർന്ന് പിടിക്കുന്ന ഉച്ചച്ചൂട്. റോഡരികിൽ ഇടയ്ക്കിടെ മഞ്ഞവാകകൾ പൂത്ത് വെയിലിൽ കുഴഞ്ഞ് മിന്നുന്നു. ഒറ്റക്കാദ്യമായി വണ്ടിയോടിച്ചൊരു ദീർഘദൂര യാത്ര. പിരിഞ്ഞുപോകുമ്പോൾ തിരിഞ്ഞ് നിന്ന് കണ്ട സ്കൂളിന്റെ ചിത്രം ഉള്ളം തുളുമ്പുന്നു. ആ മാർച്ചിലേറ്റ ചൂട് എത്ര തണുപ്പിച്ചിട്ടും കാറിനകം ചുട്ടുവിങ്ങിക്കുന്നു. ഏറെ മുതിർന്നവളാണിപ്പോഴെന്ന ഓർമ്മിപ്പിക്കലുകളൊന്നും കൂട്ടാക്കാതെ അന്നത്തെയതേ ആവൃത്തിയിൽ ചങ്കിനകം പടവെട്ടിക്കൊണ്ടിരിക്കുന്നു....

ഭൂതകാലത്തേക്കൊഴുകുന്ന ഒരു ചുവന്ന കാറും അതിനകത്തെ അസംഖ്യം നാടകീയതകളും ജീവിതത്തോടൊട്ടും ഇഴുകാതെ മുഴച്ചുനിന്നു. അസ്വാഭാവികതകൾക്ക് അല്പം അയവ് വരുത്താനായി റേഡിയോ ഓൺ ചെയ്തു.

നിന്നോടെനിക്കുള്ള പ്രണയം പറയുവാൻ

ഞാൻ കാത്തിരുന്ന ദിനം...

പ്രഗത്ഭനായ ഒരു കഥാകൃത്ത് അരികും വക്കുമൊപ്പിച്ച് ഭംഗിയായെഴുതിയ ഒരു കഥയിലെ സ്വന്തമായി യാതൊരു സ്വാതന്ത്ര്യവുമില്ലാത്ത കഥാപാത്രം നടത്തുന്ന ഒരു നിർബന്ധിത യാത്രപോലെ.

ഈ ദിവസത്തിലൂടെ ജീവിച്ചാൽ ഈ യാത്രപോയേ തീരൂ.

എന്നോ അഭിനയിച്ചുകഴിഞ്ഞ ഭാഗം വീണ്ടും ഓർത്തനുഭവിക്കുന്നപോലെ മാത്രം... കഥാസന്ദർഭത്തിന്റെ അതിതികവ് കാരണം യാഥാർത്ഥ്യമല്ല എന്നിടക്കിടെ സംശയം ജനിക്കുന്നു.

ഏറെ കാലത്തെ ഭാവനകളുടെ അകമ്പടിയുള്ള യാത്ര. ചില പടികൾ ഇറങ്ങുമ്പോഴത്തെ വ്യസനത്തെ മറികടക്കുന്നത് തിരിച്ച് കയറ്റത്തെ താലോലിച്ചാണ്. ഏറെ ദൂരം പോയത് അത്രയേറെ തിരികെ വരാനാണ്. പുതിയതെന്തും ഇട്ടൊരുങ്ങി കണ്ണാടിയിൽ നോക്കിയത് ഈ പോക്ക് ഓർത്താണ്.

ഒരു കൂടിക്കാഴ്ച പലവുരു പരിശീലിച്ചുമാണ്. അല്പം അറുബോറൻ ആകസ്മികതയെങ്കിലും ഒരിക്കൽ അവന്റെ പരിശോധനാമുറിയിലേക്ക് ബോർഡിലെ പേര് വായിക്കാതെ കടന്നുചെല്ലുന്നത് വരെ വിഭാവന ചെയ്തിട്ടുണ്ട്.

ആദ്യമായി... അരുമയായൊരു നൈർമല്യം കണ്ട കണ്ണുകൾ

ഇപ്പോഴും എവിടെയുമൊറ്റയ്ക്ക് നടക്കുന്നത് അത് തേടിയാണ്.

മുതിർന്നവരുടെ ലോകത്ത് കയറിയിട്ടേറെ നാളായെങ്കിലും

'അതൊക്കെ അന്നത്തെ വിവരക്കേടെന്ന് ചുണ്ടുവളക്കാൻ മാത്രം വളർന്നതേയില്ല.

പലപ്പോഴും തോന്നാറുണ്ട്.

ഒരാളിനെ കാണാനില്ലായിരുന്നെങ്കിൽ കുറേക്കൂടി എളുപ്പമായിരുന്നേനെ ജീവിക്കാൻ.

ജീവിതത്തെ സ്നേഹിക്കാൻ ഒരു കാരണമുണ്ടായിരിക്കുക. ഭാരമാണ്... ചിലപ്പോഴെങ്കിലും.

****

ഒത്തുചേരലിന്റെ ഒരുക്കങ്ങൾ തുടങ്ങിയിട്ട് മാസങ്ങളായി. വരില്ലേന്ന് വിളിച്ച് ചോദിച്ച സുഹൃത്തിനോട് ആനാലൊളുക്കിയാണ് പറഞ്ഞത്.

അവധിദിവസമെങ്കിലേ വരൂ.

ലീവെടുക്കാനൊന്നുമാവില്ല....

"നീ എണീറ്റ് ഒരുങ്ങ്...." എന്ന് മുറവിളികൂട്ടിയ ആകാശത്തിന് കീഴെ ഉറക്കം വെടിഞ്ഞുണരേണ്ടിവന്ന അതിരാവിലെ. തികവാർന്നൊരു യാത്രക്കുള്ള എല്ലാ തയ്യാറെടുപ്പുകളുമെടുത്ത്, മുഴുവൻ ലോകത്തോടുമുള്ള അതിമൃദുലഭാവത്തോടെ വെട്ടിവിളങ്ങി പടിയിറങ്ങുമ്പോൾ ഉള്ളിലോർത്തു.

ചില വിസ്മൃതങ്ങളിൽ നിന്നും പുറത്ത് കടക്കാനാവുകയേ ഇല്ല.

വർഗനിർമ്മിതിക്കപ്പുറത്തേക്ക് വളരുന്നതെങ്ങിനെയാണ്??

മെയിൻറോഡുകളൊന്നും മാറിയിട്ടില്ല. സ്കൂളിനടുത്തെത്തിയിട്ടും റെയിൽവേ ഗേറ്റ് കഴിഞ്ഞുണ്ടായിരുന്ന കുഞ്ഞുവഴി കണ്ടെത്താനാവുന്നില്ല. നേരെ ചെന്ന് കയറിയതൊരു മേൽപാലത്തിൽ മുകളിലെത്തി ചുറ്റും നോക്കിയപ്പോൾ നൂറ്റാണ്ട് പഴക്കം തോന്നിക്കുന്ന ഓടുമേഞ്ഞ മേൽക്കൂര കണ്ടു. ഓരോ തവണ ട്രെയിൻ പോകുന്തോറും കുട്ടികളോടൊപ്പം ഞെട്ടിവിറക്കാറുണ്ടായിരുന്ന അതേ സ്കൂൾ കെട്ടിടം. നിറമേറെ വാരിയണിഞ്ഞ പുതുഗേറ്റിന്റെ മോടികളോട് ഒട്ടുംചേരാതെ പിണങ്ങിയത് ഭൂതകാലത്തേക്ക് മങ്ങിമാറിനിൽക്കുന്നു.

ഓർമയിടങ്ങളിലേക്ക് ഏറെക്കാലം കഴിഞ്ഞൊരു മടങ്ങിവരവ്.

ജീവിതത്തിൽ ഒരിക്കൽ മാത്രം സംഭവിക്കുന്നതാണത്.

ഇടക്കൊന്നു തിരികെ പോകാനായി ബാല്യാനുഭവങ്ങൾക്കപ്പുറത്തേക്ക് ഒരുപാട് ഒന്നും വളരാനാകില്ലെന്ന തിരിച്ചറിവ് പകരാൻ, ഇടക്കൊന്നു തിരികെ പോകാനായി ബാല്യാനുഭവങ്ങൾക്കപ്പുറത്തേക്ക് ഒരു സ്കൂൾമുറ്റമുണ്ടാകും. ഏറെ വലുതായെന്ന് തോന്നുമ്പോൾ ഈ മുറ്റത്തിന് പുറത്തേക്ക് നടന്ന വഴിദൂരമെല്ലാം അകത്തേക്ക് തന്നെ നയിച്ചിരിക്കുന്നു.

മരച്ചുവട്ടിൽ കാർ നിർത്തിയിറങ്ങിയത് വാകപ്പൂ പരവതാനിയിലേക്ക്. അതേ പൂമരം. ബോട്ടണി ലാബിലേക്ക് അവൻ കയ്യെത്തിച്ച് പൂക്കുലകൾ ഇറുത്തുകൊണ്ട് വന്നിരുന്ന മെലിഞ്ഞ് കൗമാരച്ചന്തമുണ്ടായിരുന്ന വാകപ്പൂമരം.

ചവിട്ടിനിന്ന പൂമെത്തക്ക് ........ താഴെ അന്നു കണ്ട അന്ന് പെയ്ത പൂക്കളുണ്ടാകുമോ? അവ മണ്ണിലലിഞ്ഞ് വേരുകളിലെത്തി എത്ര തവണ പുനർജ്ജനിച്ചു കാണും?

കൊല്ലപ്പരീക്ഷ കാലമാകുമ്പോഴാണ് മഞ്ഞപ്പൂക്കൾ പൊഴിഞ്ഞ് തുടങ്ങുക. നിലത്ത് വീണ കുഞ്ഞുപൂക്കൾ ചവിട്ടുകളേറ്റ് ഞെരുങ്ങുമ്പോൾ അവക്കുള്ളിലെ വാസനത്തരികൾ പുകയായുയരും. അത് നാഡികളിൽ പ്രവേശിച്ച് മുകുളങ്ങളിൽ കുറുങ്ങിക്കിടന്ന് ഉണർത്തുന്ന ഒരു ഗന്ധമുണ്ട്.

ഹോ...

കാലാകാലങ്ങളായി മാർച്ചിൽ ഉള്ളറിഞ്ഞവരുടെയും പിന്നീട് എന്നെന്നേക്കുമായി പിരിഞ്ഞുപോയവരുടെയും മുഴുവൻ വേദനച്ചൂടുമലിഞ്ഞ ഗന്ധം.

ചില മണങ്ങൾ ഓർമകളെ കെട്ടിപ്പുണർന്നാണ് തലച്ചോറിലുറങ്ങുന്നത്. വാകപ്പൂ പരിമളം വ്യഥപൂണ്ട ആത്മാവുമായുള്ള ഒരു പതിനേഴുകാരിയെ ഓർമിപ്പിച്ചു.

ആദ്യം തലപൊക്കിയത് അതേ സംശയങ്ങൾ.

ഒക്കെയും തോന്നലുകളായിരുന്നോ...??

സത്യത്തിൽ ഒന്നാം വർഷം തിളങ്ങുന്ന ചുവന്ന ഹൃദയം തൊങ്ങലുപിടിപ്പിച്ച പുതുവർഷ കാർഡ് അവൻ കൊടുത്തു എന്നുള്ളത് നേരാണ്. അടിയിലായി അതിമനോഹരമായി അവൻ വരച്ച ഇണപ്രാവുകളുമുണ്ടായിരുന്നു. അത് നല്കുമ്പോൾ ഒന്നും ഉരിയാടിയില്ല. ഉച്ചനേരത്ത് ചോറ്റുപാത്രം കഴുകിയടുക്കി വെക്കുമ്പോൾ ബാഗിന്റെ മേലേക്കങ്ങിട്ട് പോവുകയായിരുന്നു.

അന്ന് തൊട്ട് പരസ്പരം മിണ്ടിയില്ല.

യൂത്ത് ഫെസ്റ്റിവലിന് ഒരുമിച്ച് പാട്ട് പഠിച്ചിരുന്നവർ...

കഥാ കവിതാ മത്സരങ്ങൾ അടുത്തടുത്തിരുന്ന് എഴുതിയിരുന്നവർ...

എന്തിനെക്കുറിച്ചും കലപില സംസാരിക്കുന്നൊരു പെൺകുട്ടിയും അവളെ കേട്ട് കൗതുകക്കണ്ണ് മിഴിക്കാറുണ്ടായിരുന്നൊരാൺകുട്ടിയും

ബഹളമേറിയൊരു ക്ലാസ് മുറിയിൽ രണ്ട് ബെഞ്ചുകൾക്കറ്റത്തായി ഒരു കുഞ്ഞു നിശ്ശബ്ദതയായി മാറി രണ്ടുപേർ.

ആദ്യവസന്തത്തിലെത്തിയ പൂമരം പോലെ

മരവും പൂവും പൂക്കാലവും ശലഭങ്ങളും കിളികളുമെല്ലാം ഉള്ളിൽ വിരിഞ്ഞ ദിനങ്ങൾ

പക്ഷേ, അവൻ ഒരിക്കൽപോലുമൊന്ന് നോക്കിയില്ല... അതുകൊണ്ട് തന്നെ തന്നിലേക്കയക്കപ്പെട്ട നൂറുനൂറു നോട്ടങ്ങൾ അവൻ കണ്ടതുമില്ല. ഒന്നും വേണമെന്നില്ലാതെ ആണിനെ ശ്രദ്ധിക്കാതിരിക്കാൻ പെണ്ണിനായതുമില്ല.

പേരക്ഷരങ്ങളുടെ അടുപ്പം കാരണം പരീക്ഷയ്ക്ക് തൊട്ടടുത്ത ബെഞ്ചുകളിലായാണ് ഇരുന്നത്. കണക്ക് പരീക്ഷയ്ക്ക് ആദ്യ പത്ത് വൺവേഡ് ഉത്തരങ്ങൾ അടയാളപ്പെടുത്തിയ ചോദ്യപേപ്പർ പുറകിലേക്കിട്ടാണവൻ ഹാളിൽ നിന്നമിറങ്ങിപ്പോയത്. അത് തന്റെ കണക്കിലെ മിടുക്കറിയാവുന്നതുകൊണ്ടാണെന്നോർത്താണ് അവൾ പെട്ടെന്നെടുത്തെഴുതിയത്. പക്ഷേ അത് അടുത്തിരുന്ന സുഹൃത്ത് അവനെ പറഞ്ഞേൽപിച്ചിരുന്നതു കൊണ്ടാണെന്ന് അറിഞ്ഞപ്പോൾ തോന്നിയ നീരസത്തിൽ വെട്ടിയിട്ടു എല്ലാം. അവനു മുഴുവൻ മാർക്കും കിട്ടിയ പരീക്ഷയിൽ കഷ്ടപ്പെട്ടാണ് പാസ്സായത്. ഒന്നുമവൻ തിരുത്തിപ്പറഞ്ഞു തന്നതുമില്ല.

അവളോട് മാത്രം കാണിച്ചിരുന്ന അകലം. അതൊന്നു മാത്രമായിരുന്നു അവരുടെ അടുപ്പത്തിന്റെ തെളിവ്

ഒരുച്ചയ്ക്ക് കെമിസ്ട്രി ലാബിൽ കലങ്ങിപ്പോയ റിങ്ങിമായി നിന്ന് പരുങ്ങുമ്പോൾ പുറകിൽ നിന്നും തോണ്ടി

അവൻ കാണിച്ചുവന്ന കലങ്ങാത്ത റിങ്ങുള്ള ടെസ്റ്റ്ട്യൂബ് ഹോൾ

ഡറിലേക്ക് വെച്ച് മിണ്ടാതെ തിരിഞ്ഞുനിന്നു.

സാറിന്റെ ഗർജ്ജനത്തിൽ നിന്ന് രക്ഷപ്പെട്ട തിരികെ പോരുമ്പോൾ പതഞ്ഞുതുളുമ്പുകയായിരുന്നു. പിടിവള്ളി കിട്ടിയിരിക്കുന്നു

എന്നാലും താൻ തന്ന കാർഡിലെ ചുവന്ന ഹൃദയം ആകസ്മികമാണെന്ന തോന്നൽ ഇടയ്ക്കിടെ അവൻ തന്നെ ബലപ്പെടുത്തിക്കൊണ്ടിരുന്നു. അന്നേരമെല്ലാം കാർഡിന്റെ മൂലയിലിരുന്ന് കൊക്കുരസിക്കുറുകുന്ന ഇണപ്രാവുകൾ പിറുപിറുക്കും.

അല്ല... എന്തോ ഉണ്ട്.'

അവസാന പരീക്ഷ കഴിഞ്ഞിറങ്ങുമ്പോഴെങ്കിലും എന്തെങ്കിലും പറയുമെന്ന് കരുതി.

അവൾ കാണെ ഒരു നോട്ടം പോലും അയക്കാത്തവന്റെ പിശുക്കിലും വൈദഗ്ധ്യത്തിലും പിടഞ്ഞ് മുറിഞ്ഞ് ബയോളജി പരീക്ഷയും കഴിഞ്ഞു.

പാകതയില്ലാത്തവന്റെയും പാകതയേറിയവന്റെയും പ്രണയഭാജനമാവുക ഒരുപോലെ കഴക്കുന്നതാണ്.

പരീക്ഷകളും വേനലും ചേർന്ന് ചുട്ടുരച്ചുകൊണ്ടിരുന്ന മാർച്ച് ദിനങ്ങളുടെ അന്ത്യം. ജീവിതത്തിലന്നോളം വഹിച്ചിട്ടില്ലാത്തത്ര ഹൃദയഭാരവും പേറി, ഉറക്കമുപേക്ഷിച്ച് പഠിച്ച മുഴുവൻ രാത്രികളെയും കൺപോളകളിലേന്തി നിന്ന വൈകുന്നേരം...

കൂട്ടുകാരികളോട് യാത്ര പറയുന്നതിനിടയിൽ അവൻ മുന്നിലൂടെ കടന്നുപോയി.

അവന്റെ ബാഗ്, പുസ്തകങ്ങൾ, യൂണിഫോം, പേന പിടിക്കുന്ന രീതി, ഹാന്റ്റൈറ്റിംഗ്, മോതിരവിരലിലെ ഇരട്ട കാക്കപ്പുള്ളികൾ... പിന്നെ പറഞ്ഞിട്ടില്ലാത്ത മുഴുവൻ വാക്കുകളും... ഇനിയില്ല എന്ന തോന്നൽ ഉള്ളിലിരുന്ന് അലമുറയിട്ട് കരഞ്ഞു. ഒരു കുഞ്ഞിനെപ്പോലെ അരികിലേക്ക് ഓടിച്ചെല്ലാൻ കൊതിച്ചു. ഒരു ഭീരുവിനെപ്പോലെ നീ കടന്നുപോവുകയാണെന്ന് ഹൃദയം പെരുമ്പറ മുഴക്കിയത് കേട്ടിട്ടെന്നവണ്ണം തിരിഞ്ഞുനോക്കി...

അളന്ന് മുറിച്ചു നൽകി

പരിമൃദുലമായ ഒരു മന്ദഹാസം...

അനുമതിയായിരുന്നു.

പ്രതീക്ഷകളുടെ വൻമരങ്ങൾ ആ ചിരിവെളിച്ചത്തിന് നേരെ വളർന്നു കയറി.

ഏറെ കാലത്തിനുശേഷമാണ് മനസ്സിലായത്

അതിനൊരർത്ഥമേ ഉണ്ടായിരുന്നുള്ളൂ...

'എവിടെപ്പോയാലും എന്നിൽ നിന്നും നിനക്ക് മോചനമില്ലെന്ന്' ഒരേയൊരർത്ഥം.

അവൻ പോയിക്കഴിഞ്ഞ് ഇരുളെത്തുവോളം അവിടെ തന്നെയിരുന്നു.

പേരറിയാ മരത്തിന്റെ ഉയർന്നുപൊങ്ങിയ വേരിരിപ്പിടത്തിനു മുകളിൽ...

ദാ... ആ മരത്തിൻ മുന്നിൽ പ്ലസ് വൺ ക്ലാസ് മുറി.

വരാന്തയിലേക്ക് കയറുമ്പോഴേക്കും അങ്ങേയറ്റത്തെ പ്ലസ് ടു ക്ലാസ്സിൽ നിന്നും ബഹളങ്ങൾ കേട്ടുതുടങ്ങി. രണ്ട് ക്ലാസ്സുകൾക്കുമിടയിലെ ലാബുകളിൽ നിന്നും പുറപ്പെടുന്ന വിവിധ ഗന്ധങ്ങൾ ഓർമ്മത്തട്ടുകളിലൊളിപ്പിച്ചവയെ ചികയുന്നു.

ആദ്യാനുഭവങ്ങൾ വീണ്ടും വീണ്ടും തലച്ചോറിൽ തീർക്കുന്ന ആനത്താരികളെ തുടച്ചുമാറ്റാൻ പിന്നീടുണ്ടാകുന്നവ മതിയാവുകയില്ല.

മോചനമില്ലെങ്കിൽ പിന്നെ നഷ്ടമെന്നൊന്നുണ്ടോ?

വരാന്തയുടെ രണ്ടറ്റങ്ങൾ തമ്മിലുള്ള ദൂരം ഒരിക്കലും താണ്ടിത്തീരരുതെന്ന് തോന്നി. ജീവിതത്തിലെ ഏറ്റവും മനോഹരമായനടത്തം. ഇത് തന്നെയായിരുന്നു 15 വർഷത്തെ ജീവിതം...

ഇവിടെ നിന്നിറങ്ങിയതുതൊട്ട് തിരികെ നടക്കുകയായിരുന്നു. ഇതേ വഴിദൂരം.

അടുത്തടുത്ത് വരുന്ന ബഹളത്തിൽ

അവനെ തിരിച്ചറിയാനാവുന്നുണ്ടോ?

കാണുമ്പോൾ അവൻ മറ്റെല്ലാവരോടുമെന്ന പോലെ ചിരിച്ച് വിശേഷങ്ങൾ ചോദിക്കുമോ? ഭർത്താവിനെയും കുട്ടികളെയും കുറിച്ച് അന്വേഷിച്ച് തിടുക്കത്തിൽ മറ്റൊരാളിലേക്ക് തിരിയുമോ?

അങ്ങിനെയെങ്കിൽ അതൊരൊടുക്കമായിരിക്കും. വേണ്ട.

ഒരോർമ്മ... ഒരായുഷ്കാലത്തേക്കുള്ളതാണ്.

അല്ലെങ്കിൽ ഒരിക്കലും ചെയ്യിട്ടില്ലാത്തപോലെ കണ്ണുകളിലിറങ്ങി അവൻ തിരികെ കയറാൻ കൂട്ടാക്കിയില്ലെങ്കിലോ? പറഞ്ഞിട്ടില്ലാത്തത് പറഞ്ഞെങ്കിലോ? അതൊരു തുടക്കമാവും. വേണ്ട.

കാലടികളുടെ അകലത്തിൽ ആ നിമിഷം.

ഒരുങ്ങിയതെല്ലാം ഇതിനായാണ്... ഏറെയിടങ്ങളിലും ജയിച്ചത് ഈ നുറുങ്ങുനേരത്ത് മിടുക്കിയാവാനാണ്.

പഠിച്ചത്... വളർന്നത്... വിവാഹിതയായത്.. കുഞ്ഞുങ്ങളെ കൃത്യതയിൽ പെറ്റുപോറ്റിയത്... എല്ലാം ഇവന്റെ മുന്നിൽ വന്ന് നിൽക്കാനാണ്.'

അടുത്ത നിമിഷം

അവന്റെ കൺവെട്ടത്തനാവൃതയാകും. പതിനഞ്ചാണ്ടുകൾ തീർത്ത മറ്റു കാഴ്ചകൾ എല്ലാം രണ്ടുപേർക്കിടയിൽ അലിഞ്ഞു തീരും.

വേണ്ട....

ഇക്കണ്ട കാലമത്രയും സ്വന്തം പ്രവൃത്തികളോളം നിരാശപ്പെടുത്താൻ മറ്റൊന്നിനുമായിട്ടില്ല.

ആഗ്രഹിച്ചത് ഭംഗിയായി ചെയ്യാത്തിടത്തോളം

മുതിർന്നിട്ടില്ല... നേരമായിട്ടില്ല.

ഓടിപ്പോവുക തന്നെ

വാതിലിന് മുന്നിലെ തിരക്കുകളുടെ മറവിലൂടെ വരാന്തക്കറ്റത്തെ പടവുകളിറങ്ങി പ്ലസ് ടു ക്ലാസിന് പിന്നിലൂടെ ചെറുഗേറ്റ് വഴി മൈതാനത്തിലേക്ക് ഇറങ്ങിനടന്നു. പുറകിലെ ആരവങ്ങൾ നേർത്ത ഉച്ചച്ചൂടിലലിഞ്ഞു. പുതുതായി തയ്പ്പിച്ചെടുത്ത സൽവാർ കമ്മീസ് വിയർത്തൊട്ടിയ ഉടകളോട് ചേർന്നുരസി.


മൈതാനത്തിന് അതിർവരമ്പിടുന്ന പെരുമരങ്ങൾക്കെല്ലാം അന്നത്തെ അതേ ഉയരം... ഒന്നിനുമൊരു മാറ്റവും വേണ്ട.

അവന്റെ നിഴൽപോലും ദേഹത്ത് വീണിട്ടില്ലാത്ത അതേ പെൺകുട്ടി. പൂമരച്ചോട്ടിലെത്തി.. മഞ്ഞപ്പൂമേലാടയെ കാറ്റിൽ പറത്തി തന്റെ കാർ വന്നവഴിയിലേക്ക് തിടുക്കം കൂട്ടുന്നത് നിർമമതയോടെ അറിഞ്ഞു.

ഇനിയുമീ മരച്ചോട്ടിലെത്താൻ

ദൂരമേറെ പോയ് വരേണ്ടിയിരിക്കുന്നു.

ഇന്നുപെയ്ത പൂക്കളൊക്കെയും പുനർജ്ജനിക്കട്ടെ.



# Presenting the Past: Archaeology or Heritage?



**Dr. Jenee Peter**
Union Christian College, Aluva




Recently, in a project titled 'Diffused Museum,' students had stepped out of classrooms and visited old houses in the neighbourhood of their college. Students learnt a lot from the field. They recounted that they were ushered into palatial new houses with a few old personalbelongings,old farming equipment and old kitchen artifacts of their ancestors. Students had imbibed much more than they would have within the four walls of the classroom. More significantly they took pride in showing us objects and explaining with delight and confidence. It was a pleasure to sit back and enjoy the joy beaming on the faces of these students. This leads us to a question. Are these to be named archaeological artifacts or heritage objects?

**The Archaeology of Knowledge**

A candidate for the post of guest faculty in Archaeologyfaced a




question. "So, what do you thinkof a 300-year-old house, a heritage building or an archaeological monument?" The answer was quite vague. "It is a part of our built heritage. It is also an archaeological monument." It points to the fact that university curriculum fails to prepare students to address the basics and apply the knowledge to social benefit.

In another incident, a tharavadu was about to be sold and will be soon razed to ground. A sensitive Psychology teacher tried to convince the owner of the house not to sell but to do Adaptive Reuse. Being in the heart of a town, it could be converted into a museum or a heritage hotel. Though it did not work out, the owner agreed to visit our Archaeology Museum. He extended an open invitation to faculty and studentsto visit his house. A beam in the house read '1906 AD' and we gathered that the back portion of the house was constructed in the nineteenth century.

To cut rest of the story short, repeated trips made by students and teachers led to acquiring 2000 objects including rare stamps and coins of countries no longer on the map. The team then documented and conserved the collection and organized an exhibition for the public and school students. Exhibition was symbolically named 'Chirath' a small clay lampthat denoted the small light illuminating their vision on archaeology, history and heritage.

### Interpreting the Past

This collection was challenging for a college museum. There were more artefacts than we could handle now removed from their original context. But once documented by professional standards of Museology,artefacts in an exhibition or display can be meaningfully interpreted to the visitors and can evoke many meanings



in the minds of the visitors.

Museums have been traditionally referred to as the windows to the worlds of Archaeology and History. Often there is a misconception that museums are dead places where dead objects are stored. It is not a final resting place for objects out of use. Museums are not stuck in time.

**Backyard Archaeology**

One standard technique used while exploring historical places is to examine backside of the buildings. There is a high statistical probability of finding old tiles, pottery and other datable artefacts in the backyards. The backyard of most houses in Kerala will have at least a few unused objects unless the residents practice the Art of Tidying Up! Backyards of houses tell layers of stories. They open a window to family history and the social history.

Post-flood(s)retrospection have made the Malayali self-critical of their penchant for luxurious housing. Kerala's modern architecturebe it for housing or for worship reflect a culture of exhibitionism. The frontage of the house is like an exhibition space. It is constantly renovated and refurbished. Unlike the backyard, in the frontiers history is buried under several layers of modern junk.

There is little doubt that in another couple of years the humble attukallu and ammikallu are also going to be declared 'archaeological' or at least older, rarer and hence exotic. Such commonplace artifacts have their resting places in antique markets. Should we leave what we think is not Archaeology to the antique houses to deal with and dispose of? Or should we care to study and preserve these? Isn't it the collective responsibility of society to hold on to and enhance these cultural artifacts?

**Typology of attukallu**

During a recent viva-voce examination in Archaeology there was a MA dissertation titled 'Pounding Stones and Grinding Stones in Kerala'. The student had travelled far and wide from Kasaragod to Thiruvananthapuram looking for pounding stones and grinding stones. She had travelled to museums and had taken the pain to convince many curators who were bothamused and sympathetic. A few spied on her while she took photos of these unnoticed rather 'invisible' objects lying in the dusty corners of dingy museums. We quietly listened to her story with mixed feelings of sympathy, skepticism and admiration. Suddenly, there was a twist. She observed that the attukallu in a palace in Kottayam whose descendants claim ancestry from Tamil Nadu is typologically different from the attukallu in most parts of Kerala. After hearing the technical term 'typology' we heaved a sigh of relief!

Then one teacher asked; "So, where do you find the oldest attukallu in Kerala"? When do you think we (Malayalis) started having dosa and idly instead of kanji!! To prepare the mavu there has be a mechanism for wet-grinding. Agreed that thirikallu could be older but it is meant only for dry-grinding."The room was pregnant with silence.

All of a sudden, our humble arakallu and attukallu have received some serious academic attention. Though attempting to find the antiquity of these artifacts might appear challenging we can presume that,dry-grinding preceded wet-grinding. Kerala's cuisine is a microcosm of the world.The modern mixer-grinder was responsible for making attukallu an artifact and a 'museum piece'.

**Heritage**


By relegating old artefacts to the margins, we are losing our traditional knowledge systems.Heritage is an open field where people place old artifacts, monuments, beliefs and customs that areof some value to them even if they don't know much about the knowledge systems that produced these and the social formations that sustained these.

Another issue is that heritage is defined in highly ambiguous terms. It includes both the tangible and intangible culture handed down from the past to present, which the present generation wishes to nourish and then pass on to the future generations. It is collective, shared and ever-changing.

There is a system of knowledge behind every artifact and we have lost most of that traditional wisdom. The loss has been dramatic in the last few decades. But still we are not ready to acknowledge our mistakes or accept the follies in giving away that precious knowledge.

Artifacts once in daily use have to be displayed in well curated museums and such other centres. Museums can instill curiosity in the minds of a seven-year-old. At the same time, it can well up the eyes of a seventy-year-old. It is a lively place where memories come alive and people feel responsible for a collective humanity.

So, when did Malayalis start eating dosa and idly instead of kanji!!



# അടുത്ത ദൂരങ്ങളിൽ

**ഡോ. ദിവ്യ എൻ.**
ശ്രീകേരളവർമ്മ കോളേജ്,
തൃശ്ശൂർ



നമുക്കിടയിൽ...
ഒരു ഇമയിൽ ദൂരം.
അതിനിടയിൽ പിണങ്ങി
നിൽക്കുന്ന സ്നേഹത്തിൽ
കെട്ടു പിണഞ്ഞു കിടക്കുന്ന
സ്വപ്നങ്ങളുടെ മെലിഞ്ഞ ഞരമ്പുകൾ.
വാക്കുകൾക്കിടയിലെ വിരാമങ്ങളിൽ
നീളുന്ന ദൂരങ്ങളിലൊരു നിശ്ശബ്ദത
ഉള്ളിന്റെയുള്ളിൽനിന്ന്പിന്നെയും
പൊട്ടി ചിതറുന്നു.



# കഥകളിയുടെ രംഗസങ്കേതങ്ങളിലൂടെ

**ബിന്ദു എ.സി.**
ബി.എ.എം. കോളേജ്,
തുരുത്തിക്കാട്



ഓരോ കലയും വേർതിരിയുന്നത് അതാത് കല വികസിപ്പിച്ചെടുത്ത രംഗസങ്കേതങ്ങളിലൂടെയാണ്. മനുഷ്യന്റെ വൈകാരികതലമാണ് കലകളുടെ മണ്ഡലം. പ്രേക്ഷകരുടെ മനസ്സിൽ പൂർണ്ണതയെപ്പറ്റി ഒരു സങ്കല്പം വിടർത്തി പ്രതീക്ഷയെ വളർത്തുകയാണ് കല ചെയ്യുന്നത്. പ്രേക്ഷകന് കാണാൻ എന്തെങ്കിലും വേണം എന്ന ചിന്താഗതിയിൽ നിന്നുമാണ് അനുഷ്ഠാന കലാരൂപങ്ങൾ അരങ്ങിലേക്ക് വ്യാപിച്ചത്. പുതിയ സൗന്ദര്യസങ്കല്പങ്ങൾക്കും ലാവണ്യ സിദ്ധാന്തങ്ങൾക്കും ഇത് വഴിതെളിച്ചു. അഭിനയം അനുഷ്ഠാനത്തിൽ നിന്ന് വേർതിരിഞ്ഞു. ചിട്ടപ്പെടുത്തിയ ശാസ്ത്രീയ ചിട്ടവട്ടങ്ങൾ അഭിനയത്തിന്റെ രീതിശാസ്ത്രം രൂപപ്പെടുത്തിയെടുക്കുകയും അത് ക്ലാസ്സിക്കൽ കലാരൂപങ്ങൾക്ക് ജന്മം നൽകുകയും ചെയ്തു. രണ്ടാം നൂറ്റാണ്ടിലുണ്ടായ 'നാട്യശാസ്ത്ര'ത്തിന്റെ കാലത്തോളം പഴക്കം ക്ലാസ്സിക്കൽ കലകളുടെ രംഗപ്രയോഗവിധികൾക്കുണ്ട്.

അഭിനയപാരമ്പര്യമുൾക്കൊള്ളുന്ന കേരളീയ ക്ലാസ്സിക്കൽ കലകളുടെ



ഗൂട്ടത്തിലാണ് കഥകളി ഉൾപ്പെടുന്നത്. അനുഷ്ഠാനങ്ങളോട് ബന്ധപ്പെട്ട അകത്തളത്തിൽ നിന്നും കഥകളി പിന്നീട് പൊതുഇടത്തിലേക്കുള്ള സ്വാഭാവികവും അനിവാര്യവുമായ മാറ്റത്തിലേക്ക് വഴിമാറി. നൃത്തം, നൃത്യം, നാട്യം, ഗീതം, വാദ്യം എന്നിവയുടെ അത്യന്തം ഹൃദ്യമായ മേളനമാണ് കഥകളിയിൽ നടക്കുന്നത്. വായ്പാട്ടിനും ഉപകരണസംഗീതത്തിനും പുറമേ ചിത്രവർണ്ണാങ്കിതമായ മുഖത്തെഴുത്തും ആടയാഭരണങ്ങളും പീലിക്കിരീടവും വിസ്തൃതമായ ഉടുത്തുകെട്ടും പിൻഭാഗം മറയുവോളം നീളുന്ന തലമുടിയും താളാത്മകമായ നില്പും നടപ്പുമെല്ലാം പ്രേക്ഷകർക്ക് കഥകളി എന്ന കലയിൽ കൗതുകമുണർത്തി.

കഥകളിയുടെ രംഗകല എന്ന നിലയിലുള്ള അരങ്ങേറ്റം രാമനാട്ടത്തിന്റെ ആവിർഭാവത്തോടെ തന്നെയാണ് എന്നു പറയാം. കാരണം രാമനാട്ടം കഥകളിയുടെ മുൻഗാമിയായി അറിയപ്പെടുന്നു. കോട്ടയത്തു തമ്പുരാന്റെ ആട്ടക്കഥകൾ രംഗത്ത് അവതരിപ്പിക്കപ്പെട്ടതോടെ ഈ കലാരൂപം കഥകളി എന്ന പേരിൽ പ്രസിദ്ധി നേടി. രംഗകല എന്ന നിലയിൽ തമ്പുരാൻ ഈ കലാരൂപത്തിന് പല മാറ്റങ്ങളും വരുത്തി. തെയ്യത്തിന്റെ ചമയപ്പെരുമയും കളരിപ്പയറ്റിന്റെ മെയ്യഭ്യാസവിധികളും കൂടിയാട്ടത്തിന്റെ നാട്യഗരിമയും വേണ്ട അളവിൽ സമ്മേളിച്ചപ്പോൾ കഥകളി ഘനസാന്ദ്രമായി. പിൽക്കാലം കടത്തനാടനും കല്ലടിക്കോടനും കപ്ലിങ്ങാടനും കല്ലുവഴികളുമായി കഥകളി പിരിഞ്ഞു എങ്കിലും പിരിയുംതോറും വളർന്ന കലാരൂപമായി കഥകളി നിലകൊണ്ടു. കടത്തനാടൻ ശൈലിയിലൂടെ പരന്ന കളിയിൽ നിന്ന് കഥകളിയെ ഭാവാത്മകമായി ഒരുക്കിയെടുത്തതാണ് കല്ലുവഴിച്ചിട്ട. കല്ലടിക്കോടൻ ശൈലി പില്ക്കാലം തെക്കൻ ചിട്ടയായി പരിണമിച്ചു. കലാമണ്ഡലത്തിൽ വള്ളത്തോൾ കഥകളിയിൽ സ്വീകരിച്ചത് കല്ലുവഴിച്ചിട്ടയായിരുന്നു. ഈ വക ശൈലികൾക്ക് സമാന്തരമായി 19-ാം നൂറ്റാണ്ടു മുതൽ നിലനിന്നുപോന്നതാണ് കാവുങ്ങൽ കളരി. ആംഗികാഭിനയത്തിലെ ഉത്സാഹത്തിമർപ്പിലൂടെയും പ്രതിഭാശാലികളിലൂടെയും കാവുങ്ങൽ ശൈലി ലോകപ്രസിദ്ധി നേടി. ഇരുപതാം നൂറ്റാണ്ടിൽ കഥകളി യശോന്മുഖമായപ്പോൾ കഥകളിയുടെ രംഗകലാവതരണത്തിനു പ്രാധാന്യം കൊടുത്ത് അഭ്യസിപ്പിക്കുന്ന കേന്ദ്രങ്ങൾ ഉടലെടുത്തു. ടാഗോറിന്റെ വിശ്വഭാരതി, അരുൺ ബേലേയുടെ അഡയാറിലെ കലാക്ഷേത്ര, വള്ളത്തോളിന്റെ കേരള കലാമണ്ഡലം, ഉണ്ണായി വാര്യർ സ്മാരക കലാനിലയം എന്നിവ ഇതിൽ ഉൾപ്പെടുന്നു.

രംഗസങ്കല്പത്തിലും സദസ്യരിലും വന്ന കാലിക പരിവർത്തനങ്ങൾ കഥകളിയുടെ രംഗകലാവതരണത്തിൽ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. ആട്ടം, അഭിനയം, സംഗീതം, മേളം എന്നിവയാണ് കഥകളിയെ ജനശ്രദ്ധയിലേക്ക് ആനയിച്ചത്. 18-ാം നൂറ്റാണ്ടിൽ കലാകാരന്റെ അഭിനയശേഷികളെക്കാൾ വീരരസപ്രധാനമായ കഥകളാണ് രംഗവേദി കീഴടക്കിയിരുന്നത്. നളചരിതം രണ്ടാംദിവസത്തിനു മാത്രം വേദിയിൽ അവതരണയോഗ്യത നൽകിയത് ഇതുമൂലമാണ്. പ്രേക്ഷകരുടെ മനോഭാവത്തിനും അവരുടെ ആകർഷണത്തിനുമാണ് അക്കാലത്ത് കഥകളി അരങ്ങിൽ

പ്രാധാന്യം കൊടുത്തിരുന്നത്. എന്നാൽ പിന്നീട് നടന്മാരുടെ അഭിനയശേഷിക്ക് പ്രാധാന്യം കല്പിക്കപ്പെട്ടതോടെ നളചരിതം നാല് ദിവസങ്ങളും രംഗത്ത് അവതരിപ്പിക്കപ്പെട്ടു. ഇതിവൃത്തം, കഥാപാത്രം, നാടകീയത, എന്നിങ്ങനെയുള്ള ഘടകങ്ങൾ ഈ സമയത്ത് പ്രേക്ഷകരുടെ ശ്രദ്ധയെ കീഴടക്കി.

ആട്ടക്കഥകൾക്ക പ്രാധാന്യം നൽകുന്ന പ്രവണത മുഖാഭിനയപ്രധാനമായ അവതരണത്തിനും ആസ്വാദനത്തിനും രംഗാവതരണത്തിൽ സ്ഥാനം കൊടുത്തു. ഇവയുടെ സംയുക്താവസ്ഥയിലാണ് കഥകളിയുടെ ആദർശാത്മകമായ പരിപൂർണ്ണത എന്നാവരെ നിരൂപകർ കണ്ടെത്തുകയും ചെയ്തു. ഇങ്ങനെ ജനസാമാന്യത്തെ തൃപ്തിപ്പെടുത്തിക്കൊണ്ട് കഥകളി ക്ഷേത്രമതിൽക്കെട്ടിനുള്ളിലെ നിയതമായ അഭിരുചികളിൽ നിന്നും സവർണ്ണരുടെ സദസ്സുകൾക്ക മുന്നിൽ മാത്രം എന്ന സങ്കല്പത്തിൽ നിന്നും വർണ്ണാതീതമായ സദസ്സുകളിലേക്ക് അവതരിപ്പിക്കപ്പെട്ടു. നിരവധി ആട്ടക്കഥകൾക്ക് അങ്ങിനെ പ്രചാരം ലഭിക്കുകയും ചെയ്തു. നളചരിതം, രുഗ്മാംഗദ ചരിതം, കീചകവധം, ദക്ഷയാഗം, ദുര്യോധനവധം മുതലായവ ജനസമ്മതി നേടി.

നടന്റെ വേഷവും അഭിനയപാടവവും അനുസരിച്ച് കഥകളിയിലെ മനോധർമ്മങ്ങൾ പ്രേക്ഷകമനസ്സ് കീഴടക്കി. നടന്റെ അഭിനയമിടുക്കും മുഖാഭിനയ പ്രധാനമായ അവതരണവും പാട്ടുകാരുടെ അവതരണമികവും ഒത്തുചേരുന്ന കഥകളി കാണാൻ എത്രബുദ്ധിമുട്ട് സഹിച്ചും ജനങ്ങൾ എത്തുമായിരുന്നു എന്നതിന് കഥകളി ചരിത്രം സാക്ഷ്യമാണ്. സവർണ്ണാധിപത്യം കുടിനിന്നിരുന്ന സമയത്ത് കീഴാളകഥാപാത്രങ്ങൾക്കും മലയാള ശബ്ദങ്ങൾക്കും പ്രാധാന്യം കൊടുത്ത് അവതരിപ്പിച്ച ആട്ടക്കഥകളും ഇല്ലാതെതയില്ല. ഇതിന് ഉദാഹരണമാണ് നിഴൽക്കുത്ത്, ഭദ്രകാളിവിജയം എന്നിവ. പുരാണകഥകൾ അല്ലാത്ത ആട്ടക്കഥകളും രംഗവേദി കീഴടക്കി. ശ്രീശങ്കരവിജയം, ഒലിവേർ വിജയം, പ്രേർഷ്യാസ്വയംവരം എന്നീ ആട്ടക്കഥകൾ ഈ കൂട്ടത്തിൽ ശ്രദ്ധേയമാണ്. ഇങ്ങനെ വേറിട്ട കഥകൾ നിരവധി അരങ്ങിലെത്തിയിട്ടുണ്ട് എങ്കിലും കഥകളി ആസ്വാദകമനസ്സിൽ സാമ്പ്രദായിക പുരാണകഥകൾക്ക്





തന്നെയാണ് സ്ഥാനം എന്നത് പുരാണകഥകൾ കൂടുതൽ അവതരിപ്പിക്കപ്പെടുന്ന എണ്ണത്തിൽ നിന്നുതന്നെ വ്യക്തമാകുന്നു.

കഥകളിയുടെ സാഹിത്യാംശം എത്രത്തോളമാണ് കഥകളിയെ രംഗകല എന്ന നിലയിൽ ശ്രദ്ധേയമാക്കുന്നത് എന്ന് അന്വേഷണം നടത്തിയാൽ കഥകളിയുടെ ഭാവിയിലേക്കുതന്നെ ഉത്തരം നീണ്ടുചെല്ലുമെന്ന് തോന്നുന്നു. കാരണം കഥകളിലെ എക്കാലവും നിലനിർത്തിയത് കളിഭ്രാന്തന്മാരാണ്. അന്തഃചേതനയോളം എത്തുന്ന സാന്ദ്രാനുഭൂതി സൃഷ്ടിക്കപ്പെടുമ്പോൾ മാത്രമേ കഥകളിക്ക് നിലനില്പുള്ളൂ. ഇന്നത്തെ തലമുറ കഥകളിയിൽ നിന്ന് അകന്നുപോകുന്നതിന്റെ കാരണവും അതുതന്നെ. കഥകളിയുടെ സാഹിത്യമൂല്യം, അതിന്റെ കാവ്യാത്മകത, ഭാഷാപരമായ സവിശേഷത, നാടകീയത, ഇതിവൃത്തം എന്നിങ്ങനെ ആട്ടക്കഥയുടെ വായനയിൽ തന്നെ ലഭ്യമാകുന്ന ഘടകങ്ങളിലാണ്. സാഹിത്യപാഠവും രംഗപാഠവും തികഞ്ഞ ആട്ടക്കഥകളാണ് പ്രേക്ഷകർക്ക് ആവശ്യവും. കാരണം കഥ അറിഞ്ഞ് ആട്ടംകാണുക എന്നതിലാണ് കഥകളിയുടെ ആസ്വാദനത്തിന്റെ മേന്മ. വായനയിൽ ഉണ്ടാകുന്ന പുതിയ പുതിയ അനുഭവങ്ങൾ ദൃശ്യാവിഷ്കരണത്തിലും ഉണ്ടാവേണ്ടതുണ്ട്. ഓരോ ആട്ടക്കഥയുടെയും രംഗപാഠങ്ങൾ വ്യത്യസ്തമായി അവതരിപ്പിക്കപ്പെടുമ്പോൾ ആസ്വാദ്യത വർദ്ധിക്കുന്നു. എന്നാൽ കഥകളിലെ ഭാഷാരഹസ്യങ്ങൾ ഇന്നത്തെ തലമുറയ്ക്ക് എത്രത്തോളം അറിയാൻ കഴിയുന്നു എന്ന കാര്യം ചിന്തിക്കേണ്ടത് അത്യാവശ്യമാണ്. കുട്ടിക്കാലം മുതൽ കളികണ്ട് കഥകളി ആസ്വാദനതലത്തിലേക്ക് ഉയരാൻ പഴയതലമുറയ്ക്ക് കഴിഞ്ഞിരുന്നു. എന്നാൽ മാറിയ ജീവിതസാഹചര്യത്തിൽ പുതിയ തലമുറയിൽ നിന്ന് കഥകളി അകന്നുപോകുകയും ചെയ്തിരിക്കുന്നു. ഈ സാഹചര്യത്തിലാണ് ആട്ടക്കഥയുടെ സാഹിത്യാംശങ്ങൾ പുതുതലമുറയ്ക്ക് പകർന്നുകൊടുക്കേണ്ടതിന്റെ പ്രാധാന്യം ഏറുന്നത്. കഥകളി എന്ന കലാരൂപത്തിന്റെ ഭാവി തുടരണം എന്ന് ആഗ്രഹിച്ചുകൊണ്ടാണ് സ്കൂൾ തലം മുതൽക്കേ കുട്ടികളുടെ പാഠ്യപുസ്തകങ്ങളിൽ ആട്ടക്കഥകൾ ഉൾപ്പെടുത്തിയിരിക്കുന്നതും.

എന്നാൽ കഥ അറിഞ്ഞതുകൊണ്ട് ആട്ടം പൂർണ്ണമായും മനസ്സിലാക്കാനാവുമോ എന്നൊരു മറുചോദ്യവും ഉണ്ടാകും. കളി കാണണമെങ്കിൽ അർത്ഥപ്രധാനമായ കഥയെ പിന്നിൽ മാത്രം പ്രതിഷ്ഠിക്കണം. "ആട്ടക്കഥയിൽ ആട്ടം വിശേഷണവും കഥ വിശേഷ്യവുമാവുമ്പോൾ തിയേറ്ററിക്കൽ ആയ കഥകളിയിൽ കഥ വിശേഷണവും കളി വിശേഷ്യവുമാകുന്നു. അതിന്റെ രംഗപരമായ സാങ്കേതിക ഘടകങ്ങളുടെ ഉള്ളടക്കം അവയുടെ ശൈലീബദ്ധമായ അവതരണത്തിൽ തന്നെ പൂർണ്ണമാകുന്നു. കഥ അറിഞ്ഞില്ലെങ്കിലും കളി കാണാമെന്നു സാരം." അഭിനയിക്കുന്ന നടന്റെ ശരീരത്തിന്റെ ലയാത്മകവിന്യാസങ്ങളും അഭിനയത്തികവും രസഭാവങ്ങളും താളബോധവും ഒത്തുചേരുമ്പോൾ ലഭിക്കുന്ന ദൃശ്യചാതുരത കഥകളിയെ ഉയരങ്ങളിൽ എത്തിയ കാലത്തിലേക്കാണ് ഈ ചോദ്യത്തിന്റെ ഉത്തരമെത്തുന്നത്.


എന്തായാലും കഥകളിയുടെ ഭാവി വരുംതലമുറകളുടെ ആസ്വാദ്യതയുടെ നിലവാരത്തിന് അനുസരിച്ചായിരിക്കും എന്നത് നിസ്സംശയമാണ്.

# മരുഭൂമിയിൽ മോക്ഷം തിരയുന്നവരും അവരുടെ ആത്മവിചാരങ്ങളും

മനസ്സിന്റെയും ദൃഷ്ടിയുടെയും മുന്നിൽ ഗോചരമാകുന്ന പ്രതിബിംബങ്ങൾക്ക് വൈവിധ്യ അർത്ഥതലങ്ങൾ സമ്മാനിക്കുന്നതാണ് യാത്രകൾ" എന്ന് ഡോ. മല്ലികാർജ്ജുൻ പാട്ടീൽ (Dr. Mallikarjun Patil), Literature and Cultural Studies എന്ന ഗ്രന്ഥത്തിൽ യാത്രയെ നിർവ്വചിക്കുന്നുണ്ട്. സഞ്ചാരം ജീവപ്രകൃതിയുടെ സ്വാഭാവികക്രിയയാണ്. നാഗരികനാകുന്നതിന് മുമ്പ് ആദിമമനുഷ്യന്റെ സ്വഭാവം തന്നെ സഞ്ചാരിയുടേതായിരുന്നു. പരിഷ്കൃതന്റെ രൂപമണിഞ്ഞതോടെ അവന്റെ യാത്രകൾക്ക് ആസൂത്രിത മാനങ്ങളുണ്ടായി. സഞ്ചാരപാത നിശ്ചിതവും ക്രമീകൃതവുമായി. അതിന്റെ ലക്ഷ്യങ്ങൾ നിർവ്വചിക്കപ്പെട്ടു. എന്നാൽ കാലാകാലങ്ങളിൽ അവ രൂപപ്പെടുത്തിയ രാഷ്ട്രീയവും, ബോധ്യങ്ങളും വ്യവസ്ഥാപിതജ്ഞാനാവബോധങ്ങൾക്കപ്പുറം സാന്ദ്രത പ്രകടിപ്പിക്കുന്നവയായിരുന്നു. ഈ നൂതനമായ പ്രതിബോധത്തിലേക്ക് കൈപിടിച്ചുയർത്തുന്ന യാത്രാനുഭവങ്ങളുടെ കഥയാണ് അയ്മനം ജോണിന്റെ 'മരുഭൂമി മോക്ഷയാത്ര". സഞ്ചാരാനുഭവങ്ങളെ കഥാഖ്യാനത്തിന്റെ ടെക്നിക്കുകൾ ചേർത്ത് എങ്ങിനെ നവീകരിക്കാം എന്നതിന്റെ നിദർശനമാണ് ഈ ചെറുകഥ.

എല്ലാ വേനലവധിക്കും ദൂരയാത്രയ്ക്ക് പോകുന്ന പ്രൊഫസർ ദേവദാസും കുടുംബവും പതിവിനു വിരുദ്ധമായി ഈ വർഷം മരുഭൂമിയിലേക്ക് പോകാൻ പ്ലാൻ ചെയ്തു. അപ്പോഴുണ്ടായ യാത്രാനുഭവങ്ങളും മനസ്സിൽ രൂപപ്പെടുന്ന പാരിസ്ഥിതിക ദർശനങ്ങളും, വിഹ്വലതകളുമാണ് ഈ കഥയുടെ പ്രതിപാദ്യം. എല്ലാ വർഷവും വൻ നഗരങ്ങളും പേരുകേട്ട പുരാ

**ഡോ. പ്രിൻസ് മോൻ ജോസ്**
സെന്റ് തോമസ് കോളേജ്, പാല





# Literature and Cultural Studies

MALLIKARJUN PATIL

തന ചരിത്രസ്മാരകങ്ങളുമെല്ലാമാണ് അവർ സന്ദർശിച്ചിരുന്നത്. നമ്മുടെ നാട് അനുദിനം മരുവത്കരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ് എന്ന വാദം സമീപനാളുകളിൽ ശക്തിപ്പെട്ടുകൊണ്ടിരുന്നപ്പോൾ ആ അനുഭവം തീവ്രതരമായി എങ്ങനെ അഭിമുഖീകരിക്കാം എന്ന ചിന്തയാണ് ഈ വഴി തെരഞ്ഞെടുക്കാൻ അവരെ പ്രേരിപ്പിച്ചത്.

ടൂറിസം വ്യവസായത്തെ പ്രതിസന്ധിയിലാക്കാൻ പരിസ്ഥിതി പ്രവർത്തകർ പ്രകൃതിനാശത്തെ വല്ലാതെ പെരുപ്പിച്ച് കാട്ടുന്നു എന്ന് ടൂറിസം കൗൺസിലിലെ അംഗങ്ങൾ ചിലർ പറഞ്ഞപ്പോൾ, പരിസ്ഥിതി നാശത്തിന്റെ ആഘാതങ്ങൾ എന്താണ് എന്ന് നേരിട്ടനുഭവമായി മരുഭൂമിയിൽ നിന്ന് അറിയുകയാണ് പ്രൊഫസർ ദേവദാസ്.

ഒപ്പം പ്രകൃതിയിലും സമൂഹത്തിലും ഉണ്ടാകുന്ന ചലനങ്ങളും അദ്ദേഹം നിരീക്ഷിക്കുന്നു. കുടിവെള്ള വിതരണക്കാരനായ അയൽക്കാരൻ പുതുവേലിയ്ക്കൽ വാസു വീട്ടുമുറ്റത്ത് എല്ലാ ദിവസവും അവന്റെ ടാങ്കർ വണ്ടി സ്റ്റാർട്ടാക്കുന്നത് അദ്ദേഹം കാണുന്നുണ്ട്. അതുപോലെ തന്നെ പ്രൊഫസറുടെ പറമ്പിന്റെ കോണിലുള്ള കുളത്തിൽ മുമ്പെങ്ങും പരിചയമില്ലാത്ത ഒരു കൂട്ടം പക്ഷികൾ ഉച്ചനേരങ്ങളിൽ ഉറക്കെ കരഞ്ഞുകൊണ്ട് കൂട്ടത്തോടെ വന്നലച്ച് വീഴുന്ന കാര്യവും ശ്രീലക്ഷ്മി പറഞ്ഞ് അയാൾ അറിഞ്ഞിരുന്നു. കുളത്തിന്റെ വഴികളുള്ള കുറ്റിക്കാട് വൃത്തിയാക്കാൻ വന്ന പണിക്കാരൻ കുഞ്ഞാക്കന് സൂര്യാഘാതമേറ്റതും അദ്ദേഹത്തെ ഞെട്ടിച്ചു. മാറുന്ന പരിസ്ഥിതിയും പ്രശ്നങ്ങളും സാധാരണക്കാരന് എങ്ങനെയാണ് അനുഭവവേദ്യമാകുന്നതെന്നാണ് പ്രൊഫസറുടെ അനുഭവം സാക്ഷ്യപ്പെടുത്തുന്നത്.

പരിസ്ഥിതി സൗഹൃദമല്ലാത്ത വികസനനയങ്ങളും ചൂഷണങ്ങളും മലിനീകരണ പ്രവർത്തനങ്ങളും ഇതിനെതിരായി രൂപപ്പെടേണ്ട പ്രതിരോധത്തിന്റെ രാഷ്ട്രീയ ചിന്തകളിലേക്കും ആസ്വാദകരെ നയിക്കാൻ ഈ രചനയ്ക്ക് സാധിക്കുന്നു. അറ്റ്ലാന്റയുടെ തീരത്തേക്ക് എം. (Hm) മരങ്ങളെ തേടി ആദ്യത്തെ റോബിൻ പക്ഷി പറന്നുവരുമ്പോൾ വസന്തകാലത്തിന്റെ ആഗമനമായി എന്ന് എല്ലാ അമേരിക്കക്കാർക്കുമറിയാം. എന്നാൽ വർഷങ്ങളായി നടത്തിയ കീടനാശിനിപ്രയോഗം റോബിൻ പക്ഷികളുടെ തിരോധാനത്തിനാണ് വഴിതെളിച്ചത്. ഈ സത്യങ്ങളാണ് Silent Spring (നിശ്ശബ്ദ വസന്തം) എഴുതാൻ റേച്ചൽ കഴ്സണ് പ്രേരണയായത്. സമാനമായ രീതിയിൽ തന്റെ പറമ്പിലെ കുളത്തിലേക്ക് അലച്ചുവീഴുന്ന പക്ഷികളുടെ രോദനം കഥാനായകനെ അസ്വസ്ഥനാക്കുന്നു. മരുഭൂമിയിലെ സഞ്ചാരവേളയിലും തത്തുല്യമായ അനുഭവത്തിലൂടെയാണ് കഥാനായകൻ കടന്നുപോകുന്നത്.

പടരാൻ തുടങ്ങിയ പുലർവെട്ടത്തിൽ, മണൽപരപ്പിന്റെ താഴ്ചയിൽ ഒരുവാളിന്റെ തിളക്കംപോലെ കാണാമായിരുന്ന ചെറിയൊരു നീർച്ചാലിലേക്ക് അന്യോന്യം തട്ടിമാറ്റി പറന്നടുത്തുകൊണ്ടിരിക്കുന്ന കിളിയുടെ കൊത്തുകൂടലിന്റെ ഒച്ച മരുഭൂമിയിൽ സൂര്യോദയം കാണാൻ പോയ ദേവദാസിനെ വ്യാകുലപ്പെടുത്തുന്നു. ഉദയസൂര്യന്റെ കാഴ്ചയെ മറന്നുപോയ പ്രൊഫസർ, ആ പക്ഷിയുടെ പ്രാണവെപ്രാളങ്ങൾക്ക് നേരെ നിസ്സംഗമായി കണ്ണുടച്ചുകിടക്കുന്ന മരുഭൂമിയുടെ ക്രൂരമുഖം കണ്ടു. എന്നാൽ ഇതൊന്നും കാണാതെ മണൽക്കുന്നിന്റെ മുകളിൽ സൂര്യോദയം കണ്ട് സന്ദർശകർ ആർപ്പുവിളിക്കുന്നുണ്ടായിരുന്നു. സൂര്യനുദിച്ചുപൊങ്ങിയാൽ ശേഷിക്കുന്ന വെള്ളംകൂടി വറ്റിപ്പോകുമെന്ന് ഭയന്നിട്ടാകാം, കിളികൾ തമ്മിലുള്ള വൈരം പെട്ടെന്ന് അധികമായി. ഈ നൊമ്പരപ്പെടുത്തുന്ന കാഴ്ചകളിൽ നിന്ന് പിന്മടങ്ങുന്ന പ്രൊഫസറിന്റെ കാലിൽ മുൾച്ചെടിപോലെ എന്തോ ഉരസിയതായി അയാൾക്ക് തോന്നി. ഒരു കിളിയുടെ ഉണങ്ങിയ എല്ലിൻകൂടായിരുന്നു അത്. തന്റെ യാത്രയുടെ ദുരന്തസ്മാരകമായും, ആസന്നഭാവിയെയും ഓർത്ത്,


കിളിയുടെ അസ്ഥിപഞ്ജരം അയാൾ കീശയിൽ ഒളിപ്പിച്ചുവെച്ചു. റേച്ചൽ കഴ്സൺ തന്റെ പ്രിയസുഹൃത്തായ ഡൊറോത്തി ഫ്രീമാന് എഴുതിയ പോലെ "ഞാനെപ്പോഴുമോർക്കുന്നത് മൊണാർക്ക് ചിത്രശലഭങ്ങളെയാണ്. ഒന്നിനുപുറകെ ഒന്നായി അദൃശ്യമായ ഏതോ ശക്തിയാൽ പ്രേരിതരായി, തിരക്കുകൂട്ടാത്ത അവയോരോന്നും പടിഞ്ഞാറോട്ട് പറന്നുപോകും. അവ ആരോടെങ്കിലും യാത്രപറഞ്ഞുവോ. അവ മടങ്ങിവരില്ലെന്ന് നമുക്കറിയാം. ജീവിതത്തിലെ അവസാനയാത്രയാണത്." ഇപ്രകാരം അദൃശ്യമായി, നിശ്ശബ്ദമായി, ഗ്രസിച്ചുകൊണ്ടിരിക്കുന്ന ദുരന്തത്തിന്റെ ചിറകുകൾ അസ്തമയത്തിന്റെ ഇരുളുമായി നമ്മുടെ ജീവിതത്തിലേക്കും പടർന്നുകയറുന്നതിന്റെ ആശങ്കകളാണ് അയ്മനം ജോണും ഇക്കഥയിലൂടെ പങ്കുവെക്കുന്നത്.

ആഗോളവൽക്കരണം നിർണ്ണയിക്കുന്ന സാംസ്കാരികാധിനിവേശത്തിന്റെയും, ലാഭാധിഷ്ഠിത കമ്പോളവൽക്കരണത്തിന്റെയും വിനിമയങ്ങൾ ടൂറിസത്തിലൂടെ വിനിമയം ചെയ്യുന്നുണ്ടെന്നുള്ളത് പ്രകടമാണ്. പ്രകൃതിയുടെ പച്ചപ്പിനേയും വശ്യതയേയും മാത്രമല്ല, ഊഷരതയേയും വാണിജ്യവൽക്കരിക്കുന്ന തന്ത്രങ്ങൾ ടൂറിസത്തിനുണ്ട്. അതുകൊണ്ട് തന്നെ പ്രകൃതിക്കുണ്ടാകുന്ന നാശങ്ങൾ വൻകിട കോർപ്പറേറ്റുകൾക്കും, ടൂറിസം കൗൺസിലുകൾക്കും ബാധകമേയല്ല. മരുഭൂമിയിലേക്കുള്ള ടൂർ പാക്കേജുകൾ വരെ ഇവരുടെ ആസൂത്രിത പട്ടികയിലുണ്ട്. പരിസ്ഥിതിയുടെ ഏത് സാധ്യതകളെയും കമ്പോളവൽക്കരിക്കുക എന്നതാണ് വർത്തമാനകാലത്തിന്റെ ശൈലി. ഈ അനുഭവം പ്രൊഫസറുടെ മരുഭൂമി ടൂർ പാക്കേജിലും ഉണ്ടായിരുന്നു. "കൂടാരത്തിലെ ശീതീകരിച്ച മുറിയിൽ നല്ല പതുപതുത്ത മെത്തയും, കമ്പിളിപ്പുതപ്പും, മറ്റെല്ലാ നാഗരിക സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ടായിരുന്നു. ഇതെല്ലാം കണ്ട് ഭാര്യ ശ്രീലക്ഷ്മി അത്ഭുതപ്പെടുന്നുണ്ട്. മരുഭൂമിയിലെ ഷവർബാത്തും, അലങ്കരിക്കപ്പെട്ട ഭക്ഷണശാലയിലെ സമൃദ്ധമായ ഭക്ഷണവും, തദ്ദേശീയരായ ഗോത്രവർഗക്കാരുടെ നൃത്തസംഗീതവിരുന്നും പാക്കേജിന് മാറ്റുകൂട്ടി.

മരുഭൂമിയിലേക്കുള്ള യാത്രയുടെ തുക ഡെസേർട്ട് പാരഡൈസിന്റെ കൗണ്ടറിൽ അടച്ചപ്പോൾ നാട്ടിലെ



ടൂറിസം കൗൺസിലിനെ അദ്ദേഹം ഒരുനിമിഷം ഓർമിച്ചു. "നമ്മുടെ നാടും നാളെ മരുഭൂമിയായി മാറിയാൽ ടൂറിസം കൗൺസിലിന് ഒരു നഷ്ടവും വരാനില്ലെന്ന് മാത്രമല്ല, കടലും കായലും, മലയും, പുഴയോരങ്ങളുമൊക്കെ വിൽക്കുന്നതിലും വലിയ വിലയ്ക്ക് അവർക്ക് മരുഭൂമി മാർക്കറ്റ് ചെയ്യാൻ കഴിയും. ഈ



Joseph Middleton
1784

THE
Pilgrim's Progress
FROM
THIS WORLD,
TO
That which is to come:
Delivered under the Similitude of a
DREAM
Wherein is Discovered,
The manner of his setting out,
His Dangerous Journey; And safe
Arrival at the Desired Country.

*I have used Similitudes, Hos. 12. 10.*

By *John Bunyan.*

Licensed and Entred according to Order.


LONDON,
Printed for *Nath. Ponder* at the *Peacock*
in the *Poultrey* near *Cornhil*, 1678.

മനോഭാവമാണ് നവകാലത്തിന്റെ വാണിജ്യനൈതികതയെന്ന് ദേവദാസിലൂടെ അയ്മനം ജോൺ വ്യക്തമാക്കിത്തരുന്നു. ടൂറിസത്തിന്റെ ഈ കടന്നുകയറ്റം യഥാർത്ഥ വികസനമല്ല. അത് പ്രകൃതിയുടെ സ്വാഭാവികതയുടെ തകിടംമറിയലാണ്. ഇത് വലിയ ദുരന്തത്തിലായിരിക്കും പര്യവസാനിക്കുക. ഈ അധിനിവേശത്തിന്റെ വിപത്തിനെതിരെ പ്രതിരോധ രാഷ്ട്രീയത്തിന്റെ അന്തർജ്ഞാനം രൂപപ്പെടുത്തുകയാണ് അയ്മനം ജോൺ മരുഭൂമിമോക്ഷയാത്രയിലൂടെ....

അലിവറ്റ, സംഹാരാനുഭൂതിയില്ലാത്ത, അധികാരദുഷ്ടമായ സമുദായത്തിന്റെ ധാർഷ്ട്യത്തിലൂടെ, ചരിത്രാലട്ടങ്ങളിലും സമൂഹങ്ങളിലും നിശ്ശബ്ദമായി എങ്ങനെയാണ് ഉണ്ടാകുന്നത് എന്ന് 'മരുഭൂമികൾ ഉണ്ടാകുന്നത്' എന്ന നോവലിലൂടെ ആനന്ദ് വ്യക്തമാക്കിത്തരുന്നു. എന്നതുപോലെ ഉപഭോഗാധിഷ്ഠിത ധാർമ്മികത, ഊഷരമാക്കുന്ന പ്രകൃതിയുടെ ജീവചൈതന്യത്തെ, അധികാരത്തിന്റെയും, വക്രതയുടെയും വ്യാജസ്തുതികളുടെയും തലങ്ങളിൽ അടയാളപ്പെടുത്തുകകൂടി കഥാകൃത്ത് ചെയ്യുന്നു. മരുഭൂമിയാത്രയ്ക്കായി കടന്നുവരുന്നവരെ ഡെസേർട്ട് പാരഡൈസിന്റെ മാനേജർ സ്നേഹാദരവോടെ സ്വീകരിക്കുമ്പോൾ, പാക്കേജ് ടൂർ കഴിഞ്ഞ് മടങ്ങിവരുന്നവരെ തിരിഞ്ഞുനോക്കാനോ പരിഗണിക്കാനോ അയാൾ തയ്യാറാകുന്നില്ല. ഇത് പുതുകാലത്തിന്റെ കാപട്യമായി കഥാകൃത്ത് തിരിച്ചറിയുന്നു.

'മോക്ഷം തേടിയുള്ള ക്രിസ്ത്യാനിയുടെ തീർത്ഥാടന കഥപറയുന്ന ജോൺ ബനിയന്റെ കൃതിയാണ് The Pilgrims Progress (പരദേശി മോക്ഷയാത്ര). ക്രൈസ്തവ ജീവിതത്തിന്റെ ആത്മീയാന്വേഷണത്തിന്റെ ഗാഥയാണ് ഈ കൃതി എന്നതുപോലെ ആത്മീയതയുടെ പൂരണം മരുഭൂമിയാത്രയിലൂടെ സാർത്ഥകമാകുന്ന സത്യാന്വേഷകന്റെ മോക്ഷചരിതമാണ് മരുഭൂമിമോക്ഷയാത്ര. പുതുകാലത്തിൽ അനിവാര്യമാകേണ്ട ഹരിത ആത്മീയതയുടെ തിരിച്ചറിവാണ് അയ്മനം ഈ കഥയിലൂടെ വിളക്കിച്ചേർത്തിരിക്കുന്നത്. ബോധിവൃക്ഷത്തണലിൽ യഥാർത്ഥമോക്ഷം കണ്ടെത്തിയ ശ്രീബുദ്ധനെപ്പോലെ മരുഭൂമിയുടെ തീക്ഷ്ണതയിൽ യഥാർത്ഥ ആത്മീയത പ്രൊഫസർ കണ്ടെത്തുന്നു. ഡെസേർട്ട് പാരഡൈസിന്റെ സന്ദർശക ഡയറിയിൽ അവസാനം അദ്ദേഹം കുറിച്ചു: "മരുഭൂമി ഒരു വലിയ അനുഭവം തന്നെയാണ്. അതൊരന്യദേശത്തായിരിക്കുന്നിടത്തോളം കാലം. അഥവാ മടങ്ങിപ്പോകാൻ മറ്റൊരു ഭൂമിയുള്ളിടത്തോളം കാലം."

# കാവിയണിയുന്ന ഇന്ത്യൻ സിനിമ




**ഹരിനാരായണൻ എസ്.**
എൻ.എസ്.എസ്. കോളേജ്, ഒറ്റപ്പാലം



മോദി സർക്കാർ അധികാരമേറ്റതിനു ശേഷമുള്ള വർഷങ്ങളിൽ രാജ്യത്തുണ്ടായ മാറ്റങ്ങൾ അഭൂതപൂർവമായ തോതിലാണ് ദൃശ്യപ്പെടുന്നത്. മാധ്യമങ്ങൾ പൂർണമായും സർക്കാരിനെ വാഴ്ത്തിപ്പാടാൻ മത്സരിക്കുമ്പോൾ, തീവ്ര ഹിന്ദുത്വ ആശയവാഹകരും ഗോരക്ഷാസൈനികരും തെരുവുകൾ കീഴടക്കിക്കഴിഞ്ഞിരിക്കുന്നു. വിദ്യാഭ്യാസരംഗത്തും സാമ്പത്തിക രംഗത്തും ഹിന്ദുത്വ-കോർപ്പറേറ്റ് അജണ്ടകൾ പൂർവ്വാധികം ശക്തിയോടെ നടപ്പിലാക്കാൻ ആരംഭിക്കുക കൂടി ചെയ്തതോടെ ഇന്ത്യ എന്ന ആശയത്തിന്റെ നിലനിൽപ്പ് തന്നെ ചരിത്രത്തിലെങ്ങും നേരിട്ടിട്ടില്ലാത്തതരം പ്രതിസന്ധിയിലാണെന്ന് കാണാം. കശ്മീർ നടപടിയോടെ അർദ്ധ ഫാസിസ്റ്റ് സർക്കാരായി സ്വയം നിർവചിച്ച ബി.ജെ.പി ഭരണത്തിൽ സിനിമ എങ്ങനെയെല്ലമാണ് കൈകാര്യം ചെയ്യപ്പെട്ടത് എന്ന ചിന്ത അസുഖകരമായ ഒട്ടേറെ സംഗതികളിലേക്ക് വിരൽ ചൂണ്ടുന്നുണ്ട്. ഇത്തരമൊരു ചർച്ചയുടെ അനിവാര്യതയെ ഊന്നിപ്പറഞ്ഞുകൊണ്ടാണ് ഈ വർഷത്തെ ദേശീയ ചലച്ചിത്ര പുരസ്കാര പ്രഖ്യാപനം കടന്നു പോയത്. അതിദേശീയ മുദ്രാവാക്യങ്ങൾ ഉടലിൽപേറി എത്തിയ ചിത്രങ്ങൾക്ക് വൻ സ്വീകാര്യത ലഭിച്ചപ്പോൾ പ്രാദേശിക, സാമൂഹിക പ്രാധാന്യമുള്ള ഒട്ടനവധി ചിത്രങ്ങൾ തഴയപ്പെട്ടു.




സൂക്ഷ്മ നിരീക്ഷണത്തിൽ ഇത് ഒറ്റപ്പെട്ട സംഭവമല്ലെന്നും നിരവധി സംഗതികളുടെ തുടർച്ചയായി സംഭവിക്കുന്ന പ്രതിഭാസങ്ങളിൽ ഒന്നു മാത്രമാണെന്നും എളുപ്പത്തിൽ തിരിച്ചറിയാൻ സാധിക്കും.


## സിനിമയുടെ കാവിവൽക്കരണം

മോദിസർക്കാർ അധികാരമേറ്റതിനെത്തുടർന്ന് തികച്ചും ആസൂത്രിതമായ രീതിയിലാണ് സിനിമാരംഗത്ത് സംഘപരിവാർ ഇടപെടലുകൾ ആരംഭിച്ചത്. കൃത്യമായ പദ്ധതികളോടെ തെരുവ് കയ്യേറിയ തെമ്മാടിക്കൂട്ടങ്ങൾ ആദ്യമായി ലക്ഷ്യമിട്ടത് ആമിർഖാൻ അഭിനയിച്ച്, ബോക്സ് ഓഫീസ് റെക്കോർഡുകൾ തകർത്തു മുന്നേറിയ 'പി.കെ' എന്ന ചിത്രത്തെയായിരുന്നു. ചിത്രം മുന്നോട്ട് വച്ച ലിബറൽ ആശയസംഹിതകളോട് തെല്ലും യോജിക്കാൻ സാധിക്കാത്ത ഈ കൂട്ടർ സംഘടിതമായ ആക്രമണങ്ങൾ 'പി.കെ'യ്ക്ക് നേരെ അഴിച്ചുവിട്ടു. ചിത്രം പ്രേക്ഷകർ കയ്യും നീട്ടി സ്വീകരിച്ചതോടെ ഗത്യന്തരമില്ലാതെ ഈ ഗുണ്ടാസംഘങ്ങൾക്ക് പിന്മാറേണ്ടിവരികയായിരുന്നു. ഇതിന്റെ തുടർച്ചയായി വേണം കടുത്ത മോദിഭക്തനും, 2014 തിരഞ്ഞെടുപ്പ് കാലത്ത് 'ഘർ ഘർ മോദി' എന്ന വീഡിയോ നിർമിക്കുകയും ചെയ്ത പഹ്‌ലാജ് നിഹലാനിയെ




സെൻസർ ബോർഡിന്റെ തലപ്പത്ത് അവരോധിച്ചത്. തങ്ങളുടെ ആശയലോകത്തോട് ചേർന്നു പോവാത്ത ചിത്രങ്ങളെ മുളയിലേ നുള്ളാൻ തന്ത്രപരമായെടുത്ത തീരുമാനമായി ഇതിനെ കാണാം. തുടർന്ന് നിഹലാനി യാതൊരു മാനദണ്ഡങ്ങളും പാലിക്കാതെ തനിക്കു മുന്നിലെത്തിയ ചിത്രങ്ങളിൽ കത്തി വച്ചതും, 'ഉട്താ പഞ്ചാബ്' എന്ന ചിത്രത്തിൽ തൊണ്ണൂറിലേറെ കട്ടുകൾ നിർദ്ദേശിച്ചതും ഇന്ത്യൻ സിനിമാ ചരിത്രത്തിൽ സമാനതകളില്ലാത്ത സംഭവമായിരുന്നു. കോടതിയുടെ ഇടപെടലിലൂടെയാണ് പിന്നീട് ചിത്രം തീയറ്ററുകളിലെത്തിയത്. നിഹലാനിയുടെ പ്രവൃത്തികൾ മന്ത്രാലയത്തിന് നാണക്കേടുണ്ടാക്കുന്ന ഘട്ടമെത്തിയപ്പോൾ, അത് നിയന്ത്രിക്കാൻ തൽക്കാലത്തേക്ക് രംഗം തണുപ്പിക്കാൻ ശ്യാം ബെനഗൽ അദ്ധ്യക്ഷനായ ഒരു കമ്മിറ്റിയെ നിയമിച്ചതും കേട്ടു കേൾവിയില്ലാത്ത സംഭവമായിരുന്നു.

ഒന്നാം മോദി സർക്കാറിന്റെ മറ്റൊരു വിചിത്ര തീരുമാനം ഹിന്ദിയി








ലെ ഇക്കിളി ചിത്രങ്ങളിലെ നായകവേഷത്തിലൂടെ പ്രസിദ്ധനായ ഗജേന്ദ്ര ചൗഹാനെ പൂനെയിലെ FTII മേധാവിയായി 2015ൽ നിയമിച്ചതാണ്. ഇതിനെതിരെ വിദ്യാർത്ഥികൾ വലിയ പ്രക്ഷോഭങ്ങൾ ഉയർത്തിക്കൊണ്ടുവന്നെങ്കിലും അതിനെ അടിച്ചമർത്തുകയായിരുന്നു അധികാരികൾ. അതേ വർഷം ഗോവയിൽ നടന്ന അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൽ സമാധാനപരമായി പ്രതിഷേധിച്ച FTII വിദ്യാർത്ഥികളെ പോലീസിനെക്കൊണ്ട് അറസ്റ്റ് ചെയ്യിപ്പിക്കുകയും, എല്ലാ വർഷവും ഇൻസ്റ്റിറ്റ്യൂട്ട് വിദ്യാർത്ഥികളുടെ സിനിമകൾ പ്രദർശിപ്പിക്കാറുള്ള പാക്കേജ് ഏകപക്ഷീയമായി അവസാനിപ്പിക്കുകയും കൂടി ചെയ്യുകയുണ്ടായി.

### ഒരു ചലച്ചിത്രമേളയെ തകർക്കുന്ന വിധം

ഒരു ചലച്ചിത്രോത്സവം എങ്ങനെയായിരിക്കണം? അതിന്റെ ലക്ഷ്യങ്ങളെന്തൊക്കെ? സിനിമാക്കാഴ്ച മാത്രമാണോ ഒരു ചലച്ചിത്രോത്സവത്തിന്റെ ലക്ഷ്യം? ഇത്തരം ചില ചോദ്യങ്ങളാണ് ഓരോ ചലച്ചിത്രമേളയും ബാക്കി വയ്ക്കുന്നത്. കാണികളുടെ പങ്കാളിത്തം കൊണ്ട് ലോകശ്രദ്ധയാകർഷിക്കുന്ന കേരളത്തിന്റെ സ്വന്തം IFFK യും, ഇന്ത്യൻ ചലച്ചിത്രോത്സവം IFFIയും എങ്ങനെയെല്ലാം ഈ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ നല്കുന്നുവെന്നത് ശ്രദ്ധേയമാണ്. ഓരോ വർഷവും കാണികൾ കുറഞ്ഞു വരുന്ന പ്രതിഭാസമാണ് ഗോവയിൽ. പതിനായിരത്തിലധികം പേർ തിരുവനന്തപുരത്തെത്തുമ്പോൾ, അതിന്റെ പകുതി പേർ പോലും ഇന്ത്യയുടെ പ്രഥമ ചലച്ചിത്ര മേളയിലേക്കെത്തുന്നില്ല. സിനിമകളുടെ നിലവാരം കുറയുന്നത് മുതൽ, പട്ടാള ബാരക്കിനെ അനുസ്മരിപ്പിക്കുന്ന അന്തരീക്ഷം വരെ ഇതിന് കാരണമാവുന്നുണ്ട്.





സിനിമോത്സവത്തെ ടൂറിസവുമായി കൂട്ടിക്കുഴച്ച് ലാഭമുണ്ടാക്കാമെന്ന മുൻ കേന്ദ്രസർക്കാരുകളുടെ നയങ്ങളും ഈ അധഃപതനത്തിന് കാരണമായിട്ടുണ്ടെന്നു കാണാം. ടൂറിസത്തിന് പ്രഥമ പരിഗണന ലഭിക്കുമ്പോൾ, സിനിമ രണ്ടാമതാവുന്നതിൽ തെല്ലും അത്ഭുതമില്ല. മേജർ രവിയെപ്പോലുള്ളവർ ജൂറി അംഗങ്ങളാവുന്ന കാഴ്ചയും കാണാതിരുന്നു കൂടാ. ബി.ജെ.പി അധികാരത്തിലെത്തിയതിന് ശേഷമാണ് ചലച്ചിത്രമേളയുടെ നടത്തിപ്പ് വെറും പ്രഹസനമായി മാറിത്തുടങ്ങിയത്.

കഴിഞ്ഞ വർഷത്തെമേളയിലുടനീളം നിറഞ്ഞു നിന്നത് മലയാളിയായ സംവിധായകൻ സനൽ കുമാർ ശശിധരൻ സംവിധാനം ചെയ്ത 'എസ് ദുർഗ' എന്ന ചിത്രത്തെ ചുറ്റിപ്പറ്റിയുള്ള വിവാദങ്ങളായിരുന്നു. 'എസ്. ദുർഗ'യും, 'ന്യൂഡ്' എന്ന മറാത്തി ചിത്രവും കേന്ദ്ര മന്ത്രാലയം നേരിട്ടിടപെട്ട് IFFIയിൽ നിന്ന് പിൻവലിച്ചത് അസാധാരണമായ ഒരു നടപടിയായിരുന്നു. ചലച്ചിത്രോത്സവങ്ങളുടെ ചരിത്രത്തിൽ സമാനതകളില്ലാത്ത ഈ സംഭവത്തിന്റെ ബാക്കിപത്രമായി, സനൽ കേരളാ ഹൈക്കോടതിയുടെ അനുകൂല വിധി സമ്പാദിക്കുകയും, അതിനെ നോക്കുകുത്തിയാക്കിക്കൊണ്ട് അധികൃതർ ചിത്രത്തിന്റെ


സെൻസർ സർട്ടിഫിക്കറ്റ് റദ്ദാക്കുകയുമായിരുന്നു. ലൈംഗികത, സദാചാരം എന്നീ വിഷയങ്ങളിൽ ഭരണകൂടം പുലർത്തുന്ന മധ്യകാലത്തെ അനുസ്മരിപ്പിക്കുന്ന കാഴ്ചപ്പാടുകളുടെ ഇരയായിത്തീരുകയായിരുന്നു രണ്ടു ചിത്രങ്ങളും.

സിനിമകളുടെ തിരഞ്ഞെടുപ്പിലെ നിലവാരമില്ലായ്മ കഴിഞ്ഞ കുറച്ച് വർഷങ്ങളായി ഗോവൻ മേളയ്ക്കെതിരായുയരുന്ന പ്രധാന വിമർശനങ്ങളിലൊന്നാണ്. കച്ചവട സിനിമകളുടെ അതിപ്രസരം മേളയുടെ നിലവാരത്തെ ഗുരുതരമായി ബാധിക്കുകയും, മികച്ച പല സിനിമകളും തഴയപ്പെടുകയുമാണ്. 'ബാഹുബലി' പോലൊരു സിനിമയെ ചലച്ചിത്രോത്സവത്തിൽ പ്രദർശിപ്പിക്കുന്നതിലൂടെ എന്ത് സന്ദേശമാണ് ഇതിന്റെ നടത്തിപ്പുകാർ നല്കുന്നതെന്നും ചിന്തിക്കേണ്ടതുണ്ട്. സിനിമാ പാക്കേജുകൾ തിരഞ്ഞെടുക്കുന്നതിൽ വലിയ പാളിച്ചകൾ സംഭവിക്കാറുണ്ടെങ്കിലും, അടുത്ത വർഷങ്ങളിലെ ചില തിരഞ്ഞെടുപ്പുകൾ ആരെയും ഞെട്ടിക്കുന്നതാണ്.



ലോകത്ത് ഒരു ചലച്ചിത്രമേളയിലും കാണാൻ സാധ്യതയിലാത്ത ജെയിംസ് ബോണ്ട് സിനിമകളുടെ ഒരു പാക്കേജ് ഉൾപ്പെടെ, IFFIയുടെ പല തീരുമാനങ്ങളും പരിഹാസ്യമായിരുന്നു. ബോളിവുഡ് സിനിമകൾക്ക് നല്കുന്ന അനാവശ്യ പ്രാധാന്യവും, ബോളിവുഡ് സൂപ്പർ താരങ്ങളെ മാത്രം ഫെസ്റ്റിവൽ വേദികളിൽ ആദരിക്കുന്നതും IFFI യെ വെറുമൊരു കെട്ടുകാഴ്ച മാത്രമായി ചുരുക്കി. ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായാണ് നമ്മുടെ അന്താരാഷ്ട്ര ചലച്ചിത്രമേളയുടെ നിലവാരം ഇത്തരത്തിൽ തകർന്നടിയുന്നത്.

ഈ വർഷത്തെ ചലച്ചിത്ര പുരസ്കാരനിർണയം സിനിമാ നിരൂപകരുടെയും, ചലച്ചിത്ര പ്രേമികളുടെയും നെറ്റിചുളിക്കുന്നതായിരുന്നു. സർജിക്കൽ സ്ട്രൈക്കിന്റെ പശ്ചാത്തലത്തിൽ അതിദേശീയത വാരിവിതറി, നരേന്ദ്ര മോദിയെയും ക്യാബിനറ്റ് അംഗങ്ങളേയും വീരപുരുഷന്മാരായി അവതരിപ്പിച്ച 'ഉറി' മികച്ച സംവിധാനം, മികച്ച നടൻ തുടങ്ങിയ പുരസ്കാരങ്ങൾ വാരിക്കൂട്ടി. കഴിഞ്ഞ വർഷങ്ങളിൽ ബാഹുബലി, പുലിമുരുഗൻ തുടങ്ങിയ ചിത്രങ്ങൾക്ക് അവാർഡുകൾ നല്കിയതും ചലചിത്രമേഖലയെ ഗൗരവത്തോടെ വീക്ഷിക്കുന്നവരിൽ അമ്പരപ്പുണ്ടാക്കിയിരുന്നു. 'പരിയേറും പെരുമാൾ', 'സുഡാനി ഫ്രം നൈജീരിയ' എന്നീ ചിത്രങ്ങൾ പൂർണമായും അവഗണിക്കപ്പെട്ടു. സിനിമയെന്നാൽ ബോളിവുഡ് മാത്രം എന്ന ആപ്തവാക്യമാണ് എൻ.ഡി.എ. സർക്കാരും അതിന്റെ ബന്ധപ്പെട്ട വകുപ്പുകളും കുറച്ച് കാലമായി അടിച്ചേൽപ്പിക്കുന്നത്. സിനിമയെ കാവിയണിയിക്കുന്നതിനോടൊപ്പം തന്നെ പ്രാദേശിക ഭാഷാചിത്രങ്ങളെ പൂർണമായും തിരസ്കരിക്കുക കൂടി ചെയ്തു കൊണ്ടാണ് ഇന്ത്യൻ സിനിമയ്ക്ക് ഹിന്ദുത്വരാഷ്ട്രീയം മരണമണി മുഴക്കുന്നത്. അക്ഷയ് കുമാറും, മേജർ രവിയും, ഗജേന്ദ്ര ചൗഹാനുമൊക്കെ ഇന്ത്യൻ സിനിമയുടെ പതാകാവാഹകരാവുന്ന കാലത്ത് അഭിപ്രായപ്രകടനത്തിന്റെ പേരിൽ അടൂർ ഗോപാലകൃഷ്ണനെപ്പോലൊരു ലോകോത്തര സംവിധായകൻ ആക്രമിക്കപ്പെടുന്നതിൽ അത്ഭുതമില്ല. അസഹിഷ്ണുതയെക്കുറിച്ചുള്ള പരാമർശത്തിന്റെ പേരിൽ സ്നാപ്ഡീലുമായി ആമിർഖാനുണ്ടായിരുന്ന കോടികളുടെ കരാർ ഹിന്ദുത്വവാദികൾ സംഘടിത ഓൺലൈൻ കാമ്പയിനിലൂടെ പിൻവലിപ്പിച്ചിട്ട് അധിക കാലമായിട്ടില്ല. അടുത്ത കാലത്തായി ഒട്ടും ശുഭകരമായ സൂചനകളല്ല ഈ രാജ്യത്ത് സിനിമാമേഖലയെ ചുറ്റിപ്പറ്റി കാഴ്ചപ്പെടുന്നത്.





എസ്.കെ. പൊറ്റക്കാടിന്റെ വിഷകന്യകക്ക് 70 വയസ്സ്. ഭൂമിക മാത്രമല്ല, കാമനകളേയും വിഷകന്യകയുടെ അവതാര മെടുക്കുമ്പോൾ സ്വയം നഷ്ടപ്പെടുത്തി തിരികെയെത്തുന്ന ജന്മ ങ്ങളിലേക്ക് ആളിപ്പടരുന്ന വായന.

# വിഷകന്യകേ നീ ജയിച്ചു


യീസ്റ്റേഷനിൽ ഒറ്റക്കിരുന്നു
മിഴിവാർക്കുന്ന ഞാൻ എൻ നിനവുകളേ
മൃത്യുവിനപ്പുറം ഉടൽ ചുട്ടുപൊള്ളിക്കും
മണൽത്തിട്ടകൾ തേടിയീ യാത്ര

ആകെ കലമ്പിച്ച് ചീറിക്കുതിച്ചുപോയി
രുവഴിക്കോരോ റെയിൽ വണ്ടികൾ
പാതകൾ ദൂരേക്ക് ദൂരേക്ക് പോകുന്നു
എന്നെ പകുത്തിട്ട നൊമ്പരം പോൽ

ആരെയോ കാത്തിരുന്നോർമ്മകൾ മങ്ങി
ത്തുരുമ്പിച്ചൊടിഞ്ഞോരിരിപ്പിടങ്ങൾ
വിജനമീ സ്റ്റേഷൻ വിജനമീ നടവഴി
ഞാനുമെൻ നോവുകളും മാത്രമായ്

നീയാം നദിയുടെ തീരത്ത് ഞാൻ നിന്നു
ദാഹിക്കുന്നൊരു വൃക്ഷജന്മമായ്
കാലവർഷപ്പെരുംമഴപെയ്ത് കുളിരവേ
നിൻ സിരകളിൽ ജീവനാർക്കുമെന്നും,
നീ, നനുത്ത വിരൽ സ്പർശമാകുന്നതും,
നിന്നിൽ തളിരിട്ട് പൂച്ചൂടുന്നതും
കാത്തുകാത്തെത്ര ഗ്രീഷ്മായനങ്ങൾ.
നീർ നീർത്തു നീയാർത്ത ശരത്കാല
മെന്നെയും വേരറുത്തിട്ടെങ്ങറിഞ്ഞുപോയി.


**ജോസ് മാൻവെട്ടം**
കേരള യൂണിവേഴ്സിറ്റി,
തിരുവനന്തപുരം

മണ്ണിന്റെ മാറിൽ മൺകോട്ട തീർക്കുന്ന
വെള്ളയെറുമ്പുകൾ ഞങ്ങൾ
ഒരു മഴച്ചാർത്തിൽ നിന്നെ പുൽകാൻ
ചിറകാർന്നുയരുമീ വാനിലെന്നാലും
ആവതില്ല നിന്നിൽ അലിയാൻ, നിന്നോട് ചേരാൻ
നിലയറ്റൊരീ ഈയാം പാറ്റകൾക്കെന്നും.

നിൻ പൂവിറുത്ത് ഞാൻ തീർത്തോരത്തവും
സുരംഗങ്ങളിൽ കണ്ട തെളിനീരുറവയും
നിൻ മദാലസയാമങ്ങളിൽ കൊണ്ട യാത്രയും
വേഴ്ചയും സ്ഖലനങ്ങളും
നീ സൂര്യനെ കാമിച്ച് ചന്ദ്രനെ വേട്ടിട്ടും
പ്രണയം വിതക്കുന്ന കാറ്റിൽ
ഒരു രാവിനപ്പുറം, ഒരുതാളിനപ്പുറം
ഇല്ലയീ പ്രണയങ്ങളെങ്കിലും
ചിറകറ്റ് വേരറ്റ് നിലയറ്റ് മുളയറ്റ്
വീഴാൻ വെമ്പുന്നു ഞങ്ങൾ

ഇനിവരും യാമത്തിലിരുളിന്റെ മറനീക്കിയെ
ത്തുന്ന വണ്ടിയിലേറണം നാം
മൃത്യുവിനപ്പുറം ഉടൽ ചുട്ടുപൊള്ളിക്കും
മണൽത്തിട്ടകൾ തേടിയീ യാത്ര.

ശരത് കാല തീർഥങ്ങൾ നിന്നെ പുൽകും
നിൻ മുടിച്ചാർത്തിൽ വസന്തം തളിർക്കും
നിന്നിൽ ഭ്രമിച്ച്, നിന്നിൽ അലിയാൻ
കാറ്റിൻ ചിറകിൽ വന്നെത്തും വിത്തുകൾ,
നഷ്ടസ്വപ്നങ്ങൾ.

ചിറകുകൊതിച്ചും പണിപ്പെട്ടും ചിതലുകൾ
മണ്ണിൽപ്പിടയാനായുറച്ച്
എങ്കിലും നിന്റെയീ നിസ്വനമർമ്മരം
ഞങ്ങൾക്കിനിവരും ഗാഥകൾ.

ഹാ വിഷകന്യകേ, നീയേ ജയിച്ചു
ഞങ്ങൾ; രഥചക്രങ്ങളുടഞ്ഞുറഞ്ഞ മണ്ണിൽ
പിതൃശവം തേടും ഭ്രാതാക്കൾ, ഹിരണമാംസങ്ങൾ.

സർവ്വീസ് സെൽ

അധ്യാപകരുടെ സർവീസ് സംബന്ധമായ സംശയങ്ങൾ ഇമെയിൽ ആയി അറിയിക്കുക
jogyalex@rediffmail.com

# കോർപ്പറേറ്റ് മാനേജ്മെന്റുകളുടെ കീഴിലുള്ള കോളേജുകളിൽ ജോലിചെയ്യുന്ന അദ്ധ്യാപകരുടെ സ്ഥലംമാറ്റം സംബന്ധിച്ചുള്ള നിയമം

**ജോജി അലക്സ്**
സെന്റ് തോമസ് കോളേജ്, പാലാ
(കൺവീനർ, സർവ്വീസ് സെൽ)



**കോർപ്പറേറ്റ് മാനേജ്മെന്റുകളുടെ കീഴിലുള്ള കോളേജുകളിൽ ജോലി ചെയ്യുന്ന അധ്യാപകരുടെ സ്ഥലം മാറ്റം സംബന്ധിച്ച് ഉള്ള നിയമം എന്താണ് എന്ന് വിശദമാക്കാമോ?**

കോർപ്പറേറ്റ് മാനേജ്മെന്റുകളുടെ കീഴിലുള്ള കോളേജുകളിൽ ജോലി ചെയ്യുന്ന അധ്യാപകരുടെ സ്ഥലം മാറ്റം സംബന്ധിച്ച് ഉള്ള നിയമങ്ങൾ എല്ലാ സർവകലാശാലകളിലും ഏതാണ്ട് സമാനമാണ്. കാലിക്കറ്റ് സർവകലാശാലയുടെ നിയമാവലി ഇതോടൊപ്പം മാതൃകയായി ചേർക്കുന്നു. ജോലിയിൽ പ്രവേശിച്ചാൽ ഉടൻ തന്നെ അധ്യാപകർ അവരുടെ ഹോം കോളേജ് തീരുമാനിക്കുകയും അത് ഓപ്ഷൻ ഫോമിൽ രേഖപ്പെടുത്തി പ്രിൻസിപ്പലിന് സമർപ്പിക്കുകയും അത് സർവീസ് ബുക്കിൽ രേഖപ്പെടുത്തുകയും വേണം. ഓപ്ഷൻ ഫോമിന്റെ മാതൃകയും ഇതോടൊപ്പം നൽകിയിട്ടുണ്ട്. സർവീസ് ബുക്കിൽ രേഖപ്പെടുത്തിയ ഓപ്ഷൻ ഫോമിന്റെ ഒരു പകർപ്പ് കയ്യിൽ സൂക്ഷിക്കുകയും വേണം.

# CHAPTER 4A *

## Intra-University Transfer of Teachers of Colleges under Corporate Managements having Colleges Affiliated to the Calicut University

(* Amendment approved by the Senate on 23.01.1999, assented to by the Chancellor on 29.03.1999, Gazette dated 18.05.1999)

72A. Intra University transfer of teachers under corporate managements :

(1) The provisions of this Chapter shall apply to all teachers in private colleges under the corporate managements within the jurisdiction of the Calicut University.

2) (a)A teacher working in a college under the corporate management as defined under section 51 (a) of the Calicut University Act, 1975 shall specify the college where he/she desires to get a posting . This college shall hereinafter be referred to as his/her "Home College".

(b) The teacher shall also specify a college as a college of least inconvenience to him/her.

(c) A teacher will be allowed to change his/her home college for a maximum number of two times in his/her entire period of service.

(3) A teacher shall be transferred and posted in his/her home college in accordance with the provisions hereinafter prescribed.

(4) The corporate management shall obtain option declaring his/her home college from all teacher of colleges under corporate managements having colleges affiliated to the Calicut University in the prescribed form given in Appendix, within a period of one month from the date of commencement of these Statutes. The option statement shall be pasted in the service book of the teachers after counter signature by the principal and any subsequent change of home college shall be recorded in the service Book in the same way.

(5) A teacher who has put in a period of three years outside service in colleges in the state under the same corporate management shall be eligible for transfer to his/her home college.

(6) The entire period of service put in by a teacher in a college or colleges, other than his Home College service under the same corporate management within the state shall be treated as outside service. The length of outside service shall be calculated in the following manner :-

(a) Service put in by a teacher in colleges situated in within a distance of 15 kilometres from the Home College shall not be treated as outside service.

(b) One year of service in a college or colleges situated in a place beyond fifteen Kilometres but less than thirty five Kilometres from his/her home college is equal to one year of outside service.

(c) One year of service in a college or colleges situated in a place beyond thirty five kilometres but less than eighty kilometers is equal to one and half years of outside service.

(d) One year of service in a college or colleges situated in a place beyond eighty kilometers but less than two hundred kilometers is equal to two years of outside service.

(e) One year of service in a College of Colleges situated in a place beyond two hundred kilometers is equal to two and a half years of outside service.

Note : Length of service of a teacher shall be calculated as on the 31st May of every year.

Outside service shall not include leave exceeding three months in a spell (leave for the purpose of this sub clause includes half pay leave, leave on medical ground, commuted leave, earned leave, study leave, under teacher fellowship or otherwise, leave without allowance, leave for seeking employment elsewhere, deputation or assignments of any kind in any institution or leave for joining spouse). Total outside service of a teacher shall be calculated on the basis of above provisions.

(f) The above weightage in calculation shall be given in proportion to the actual period of service in that college.

(g) The service put in by teacher in College/ Colleges situated within fifteen kilometers of his/ her residential address as entered in the service book prior to the commencement of these Statutes shall be treated as home college service.

(h) When a teacher makes his/her first decla-

ration of home college as per sub clause (4) above, the service put in by him/her in the same college prior to his/her declaration shall be treated as his/her home college service.

(i) When a teacher changes his/her home college as per sub clause (2) (c) the service put in by him/her in the newly opted home college prior to the declaration of the change of home college shall be treated as his/her home college service and,

(j) Even after a teacher declares a change in his/her home college, the service put in him/her in his/her previous home college (s) shall also be treated as his/her home college service.

(7) When transfers are effected by the corporate management they shall be made as per provision, laid down below :-

(i) Open vacancies shall be filled up by transferring teachers who have put in the longest period of outside service.

(ii) If the number of vacancies are insufficient to accommodate all eligible applicants, the teachers having longest period of service in that college but no outside service, shall be transferred first and the teachers having shorter outside service shall be transferred next in an orderly manner.

(iii) Applicants with the longest outside service get first and applicants with shortest outside service get last shall be the criterion for making transfer to home college.

(iv) When home college service as well as outside service, of two applicants happen to be the same the total period of teaching service put in by him/her in colleges under the same corporate management shall be the criterion for effecting the transfer on request.

(v) In the case of an applicant who does not get a transfer to his/her home college even after observing the guideline laid down in these statutes he/she shall be transferred to his/her college of least inconvenience, if he/she has put in a longer period of outside service than any teacher in that college.

(vi) When the outside service of two teachers, is the same the teacher with longer period of home college service, shall be transferred out first to accommodate an applicant for a transfer to his/her home college.

(vii) In the case of a college where all the teachers in a department have already completed three years of outside service, to provide an eligible teacher who has three or more years of outside service, the following criteria shall be adhered to :-

(a) If the applicant has only less outside service than any teacher working in the college no transfer shall be effected :

(b) If the applicant has longer outside service than any teacher working at that college the person with shortest period of outside service shall be transferred first, provided that he/ she shall be disturbed only if the incoming teacher has a minimum of nine months longer outside service than the teacher who is to be transferred out :

(c) If other things being equal among the teacher who have to be transferred to accommodate a teacher who has requested for a transfer to his/her home college, the teacher with the longest period of service in that college shall be transferred first, and

(d) While transferring teachers as provided in sub clause 7. (vii) above, these who have served at farther colleges will be transferred to nearer colleges when required to be transferred out.

(viii)A teacher who has only two years left for retirement shall be transferred to his/her home college giving preference over those who are due to retire later

(ix) The State President and General Secretary of recognized teachers organizations shall be posted in colleges at the head quarters of the Organisations concerned as per their request.

(x) In the case of inter-caste married persons where one of the partners belongs to Scheduled Caste or Scheduled Tribe, both shall be accommodated in the same college of their choice; Provided that this benefit shall be allowed only once through out the entire period of service,

(xi) Physically handicapped persons with forty percent or more of disability shall be given posting in a college of his/her choice, provided a certificate proving such disability from the Medical Board constituted by the Director of Health Services is produced.

Also provided that this benefit shall be allowed only once in the entire period of service.

(xii) A teacher who is the father or mother of

mentally retarded or physically handicapped child with forty percent or more of disability shall be given posting in a college of his/her choice, provided a certificate to this effect from the Medical Board is produced.

Also provided that this benefit shall be allowed only once in the entire period of service.

(8) Transfer to facilitate husband and wife to serve in the same college will be allowed to the extent possible against open vacancies after effecting transfers in accordance with the above provisions without prejudice to the claim of those teachers who have exercised option as per sub clause (4) above.

(9) No application for mutual transfer shall be entertained by the corporate management.

(10) General transfers shall be effected only once in a year and they shall be ordered by the first week of May every year. The corporate management shall obtain applications for transfers from the teachers till 15th of March every year, provided that transferees shall be effected on the commencement of this amendment statute within one month after the last date prescribed for the receipt of option from the teachers. Applications for transfer shall be given along with the form of option.

(11) Those incumbents who are undergoing teaching fellowship and are due to rejoin duty on or before 1st July of every year will also be included in the transfer proposals, on the presumption that they will rejoin duty on or before 1st day on of July.

(12) Appeals against transfers made in violation of this amendment statute shall be made to the Vice-Chancellor by the teacher aggrieved within a period of three months from the date of issue of the transfer order and the Vice-Chancellor shall dispose of the appeal within one month from the date of receipt of the same and the decision of the Vice-Chancellor shall be final and shall be binding on both the corporate management and the teacher.

---

## Option Form

1. I..................................................do hereby opt the..................................................
   College..................................................as my home college.

2. I.................................................. do hereby opt to change my Home College
   from.............................. College..............................to..............................College..............................

3 I.................................................. do also hereby opt the..................................................
  College..................................................as the college of least inconvenience to me.

Signature :
Name and Designation :
Subject :
College :

Place :
Date :

Countersigned by
Principal

കേരള സർക്കാർ

നം. ഡി1/2/2017/ഉ.വി.വ

ഉന്നതവിദ്യാഭ്യാസ (ഡി) വകുപ്പ്
തിരുവനന്തപുരം
തീയതി: 31.08.2019

ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

സർ,

വിഷയം:- ഉന്നത വിദ്യാഭ്യാസ വകുപ്പ് - സ്വകാര്യ എയ്ഡഡ് കോളേജുകൾ - യു.ജി.സി. യോഗ്യത ആർജ്ജിച്ച ജൂനിയർ ലക്ചറർമാരുടെ ശമ്പള നിർണ്ണയം - സംബന്ധിച്ച്

സൂചന:- 1. താങ്കളുടെ 26.05.2017 തീയതിയിലെ യു.ജി.സി. സെൽ 3/37409/2012/കോ.വി.വ. നമ്പർ കത്ത്

2. AKPCTA ജനറൽ സെക്രട്ടറിയുടെ നിവേദനം

സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിൽ 1996 -97 കാലഘട്ടത്തിൽ നിയമിതരായ യു.ജി.സി. യോഗ്യതയില്ലാത്ത ജൂനിയർ ലക്ചറർമാർക്ക് യു.ജി.സി. സ്കെയിൽ ശമ്പളം അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ധാരാളം നിവേദനങ്ങൾ സർക്കാരിൽ ലഭിക്കുകയുണ്ടായി. ആയത് സർക്കാർ വിശദമായി പരിശോധിച്ച് ചുവടെ പറയുന്ന സ്പഷ്ടീകരണം നൽകുന്നു.

1. 01-07-2009 -ലെ സ.ഉ (കൈ) നം.75/2009/ഉ.വി.വ പ്രകാരം റീപാട്രിയേറ്റ് ചെയ്യപ്പെട്ട ജൂനിയർ ലക്ചറർമാരിൽ 2 വർഷത്തിനുള്ളിൽ യു.ജി.സി യോഗ്യത കൈവരിക്കാത്ത അദ്ധ്യാപകർക്ക് സർവ്വീസിൽ തുടരാൻ അർഹതയില്ല എന്ന് വ്യക്തമാക്കിയിരുന്നെങ്കിലും 01-06-2012 ലെ സ.ഉ (കൈ)നം. 165/2012/ഉ.വി.വ പ്രകാരം ടി അദ്ധ്യാപകരെ നെറ്റ്/പി.എച്ച്.ഡി യോഗ്യതയിൽ ഇളവ് നൽകി സ്റ്റേറ്റ് സ്കെയിലിൽ നിലനിർത്തുന്നതിന് ഉത്തരവായിരുന്നു. പ്രസ്തുത ജൂനിയർ ലക്ചറർമാരിൽ യു.ജി.സി. യോഗ്യത ഉള്ളവരെ മാത്രമേ യു.ജി.സി. സ്കീമിൽ ഉൾപ്പെടുത്താൻ കഴിയുകയുള്ളൂ .

2. യു.ജി.സി. യോഗ്യത ആർജ്ജിച്ച ജൂനിയർ ലക്ചറർമാർ സ്റ്റേറ്റ് സ്കെയിലിൽ നിന്നും യു.ജി.സി സ്കെയിലിലേയ്ക്ക് നിയമിക്കപ്പെടുമ്പോൾ ടി തീയതിയിൽ ടിയാന്റെ സ്റ്റേറ്റ് സ്കെയിലിലെ ശമ്പളം [Pay+DA (State)] യു.ജി.സി സ്കെയിലിൽ [(Pay in the respective pay band+AGP)+DA (Central)] സമീകരിച്ച് നൽകാവുന്നതാണ്.

3. യു.ജി.സി. നിഷ്കർഷിക്കുന്ന യോഗ്യതാ മാനദണ്ഡങ്ങൾ സ്വായത്തമാക്കി അസിസ്റ്റന്റ് പ്രൊഫസർമാരായി യു.ജി.സി. സ്കീമിൽ നിയമനം ലഭിക്കുന്ന ജൂനിയർ ലക്ചറർമാർക്ക്, ടി സ്കീമിൽ അത്തരത്തിൽ പ്ലേസ്മെന്റ് ലഭിക്കുന്ന തീയതി അടിസ്ഥാനമാക്കിയുള്ള സീനിയോറിറ്റിക്കു മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.

4. യു.ജി.സി. സ്കീമിൽ ആഗിരണം ചെയ്യപ്പെടുന്ന തീയതി മുതലുള്ള സർവ്വീസ് മാത്രമേ യു.ജി.സി.സ്കീമിന് കീഴിലുള്ള കരിയർ അഡ്വാൻസ്മെന്റ് പ്ലേസ്മെന്റുകൾക്ക് പരിഗണിക്കുകയുള്ളൂ.

വിശ്വസ്തതയോടെ
**ഹരികുമാർ. ജി**
ഡെപ്യൂട്ടി സെക്രട്ടറി
ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ
സെക്ഷൻ ഓഫീസർ

പകർപ്പ് : 1. രജിസ്ട്രാർ, കേരള/എം.ജി./കണ്ണൂർ/കാലിക്കറ്റ് സർവ്വകലാശാല
2. കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ,കൊല്ലം/കോട്ടയം/എറണാകുളം/തൃശ്ശൂർ/കോഴിക്കോട്
3. ഉന്നത വിദ്യാഭ്യാസ (സി/എഫ്) വകുപ്പ്
4. ധനകാര്യ വകുപ്പ് (25.6.2019 ലെ നോട്ട് # വിദ്യാ-സി2/220/17 പ്രകാരം)
5. ജനറൽ സെക്രട്ടറി, AKPCTA, സ്റ്റേറ്റ് കമ്മറ്റി ഓഫീസ്,
മാതൃഭൂമി റോഡ്, വഞ്ചിയൂർ, തിരുവനന്തപുരം - 695035.

# ദേശീയവിദ്യാഭ്യാസനയം 2019: ജില്ലാ സെമിനാർ



വലതുപക്ഷ ഫാസിസ്റ്റ് നയങ്ങളുടെ പ്രഖ്യാപനരേഖയായ പുത്തൻ ദേശീയവിദ്യാഭ്യാസനയത്തിനെതിരെയുള്ള ചെറുത്തുനില്പിന്റെ ഭാഗമായി എറണാകുളം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ സെമിനാറും ചർച്ചയും സംഘടിപ്പിച്ചു. അക്കാദമിക് കമ്മിറ്റിയുടെ നേതൃത്വത്തിൽ എറാപുരം ശ്രീ ശങ്കരവിദ്യാപീഠം കോളേജിൽ സെപ്റ്റംബർ 19-ാം തീയ്യതി വ്യാഴാഴ്ച നടന്ന സെമിനാർ മഹാത്മാഗാന്ധി സർവ്വകലാശാലയിലെ കൺട്രോളർ ഓഫ് എക്സാമിനേഷൻ ഇൻ ചാർജ്ജും ഡി.സി.ഡി.സിയുമായ ഡോ. പ്രകാശ്കുമാർ ബി ഉദ്ഘാടനം ചെയ്തു മുഖ്യപ്രഭാഷണം നടത്തി. ജില്ലാ പ്രസിഡന്റ് ഡോ. വിനോദ്കുമാർ ജേക്കബ് അധ്യക്ഷനായ ചടങ്ങിൽ മേഖലാ സെക്രട്ടറി ഡോ. സി.എം ശ്രീജിത്ത് സ്വാഗതവും അക്കാദമിക്ക് കമ്മിറ്റി സംസ്ഥാന കൺവീനർ ഡോ. വി.പി മാർക്കോസ് ആശംസയും നേർന്നു. ജില്ലാ അക്കാദമിക് കമ്മിറ്റി കൺവീനർ ഡോ.സുധാകരൻ മുഖ്യാപ്രഭാഷണത്തിനു ശേഷമുണ്ടായ ചർച്ചകളുടെ പ്രധാന ആശയങ്ങളെ ക്രോഡീകരിച്ചു സംസാരിക്കുകയും ജില്ലാ സെക്രട്ടറി ഡോ. എ.യു അരുൺ യോഗത്തിനു നന്ദി പറയുകയും ചെയ്തു.




ദേശീയ വിദ്യാഭ്യാസ നയം : ആകുലതകളും വെല്ലുവിളികളും എന്ന വിഷയത്തിൽ തിരുവനന്തപുരം ജില്ലാ അക്കാദ
മിക് കമ്മിറ്റി 24-8-2019 ൽ സിമ്പോസിയം സംഘടിപ്പിച്ചു. ജില്ലാ പ്രസിഡന്റ് ഡോ. വിദ്യാ പണിക്കർ (എസ്. എൻ
കോളജ് ചെമ്പഴന്തി) അദ്ധ്യക്ഷം വഹിച്ച ചടങ്ങിൽ കേരള സർവകലാശാല മുൻ പ്രോ വൈസ് ചാൻസലർ ഡോ.
ജെ പ്രഭാഷ് മുഖ്യ പ്രഭാഷണം നടത്തി. തുടർന്ന് നടന്ന ചർച്ചയിൽ ഡോ. ലക്ഷ്മി പ്രിയ (എം.ജി കോളജ്, തിരുവന
ന്തപുരം), ഡോ. സ്മിത (എസ്. എൻ ട്രെയ്നിങ്ങ് കോളജ്, നെടുംങ്കണ്ടം) എന്നിവർ വിഷയം അവതരിപ്പിച്ചു. ഡോ.
സജീന മുഹമ്മദ് (ഇക്ബാൽ കോളജ്, പെരിങ്ങമല) ചർച്ച ക്രോഡീകരിച്ചു. ജില്ലാ അക്കാദമിക് കമ്മിറ്റി കൺവീ
നർ ഡോ. സുബോജ് ബേബിക്കുട്ടി (മാർ ഇവാനിയോസ്) സ്വാഗതവും ഡോ. സംഗീത (എസ്.എൻ. ട്രേയ്നിങ്ങ്
കോളജ്, നെടുംങ്കണ്ടം) നന്ദിയും പറഞ്ഞു.

## ജില്ലാ കൺവെൻഷൻ





# പുരോഗമന സമൂഹനിർമ്മിതിയിൽ അധ്യാപകർ പങ്കാളികൾ ആവണം : ഡികെ മുരളി എംഎൽഎ.

പുരോഗമന മതേതര ജനാധിപത്യ സമൂഹനിർമ്മിതിക്ക് അധ്യാപകർ ഒറ്റക്കെട്ടായി മുന്നോട്ട് വരണം എന്ന് ഡി.കെ. മുരളി എംഎൽഎ അഭിപ്രായപ്പെട്ടു. പാലാ ഉപതെരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് പാലായിൽ വച്ച് നടന്ന എകെപിസിടിഎയുടെ കോട്ടയം ജില്ലാ കൺവെൻഷൻ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. മതാധിഷ്ഠിത സമൂഹത്തെ നിർമ്മിച്ചെടുക്കാൻ വലതുപക്ഷമാധ്യമങ്ങളും മതാത്മകശക്തികളും നടത്തുന്ന ഗൂഢശ്രമങ്ങളെ പൊതുസമൂഹത്തിന് മുൻപിൽ തുറന്നുകാട്ടുന്നതിൽ അധ്യാപക സമൂഹത്തിന് ക്രിയാത്മകമായി പലതും ചെയ്യാൻകഴിയും എന്ന്അദ്ദേഹം കൂട്ടിച്ചേർത്തു. തുടർന്ന് ഉപതിരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് നടത്തേണ്ട പ്രവർത്തനങ്ങൾക്കായി വിവിധ അധ്യാപകരുടെ മേൽനോട്ടത്തിൽ കമ്മിറ്റികൾ രൂപീകരിച്ചു. എകെപിസിടിഎ ജില്ലാസെക്രട്ടറി ഡോ. ടോമി ജോസഫ് അധ്യക്ഷത വഹിച്ച യോഗത്തിൽ എകെപിസിടിഎ സംസ്ഥാന പ്രവർത്തകസമിതി അംഗങ്ങൾ ആയ ഡോ. പി.കെ.പദ്മകുമാർ, പ്രൊഫ. ജോജി അലക്സ് തുടങ്ങിയവർ സംസാരിച്ചു.

KERALA PRIVATE
COLLEGE TEACHER

R.No. 36025/81 No.273

ISSN 2454-4795
Registered No. KL/TV (N) 35/2012-2014
Rs.11/- AUGUST - 2019

# എ.കെ.പി.സി.ടി.എ.

# സംസ്ഥാന പ്രവർത്തക ക്യാമ്പ്

**2019 ഒക്ടോബർ 12,13**

**അദ്ധ്യാപകഭവൻ, സുൽത്താൻ ബത്തേരി**

**വയനാട്**

ഉദ്ഘാടനം

**സ: പി.കെ. ശ്രീമതി ടീച്ചർ**

Edited, Printed and Published by V.N. Murali, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35
Ph: 2463494, Fax: 0471-2468984 E-mail: akpctatvm@gmail.com www.akpcta.in
Chief Editor : Dr. A.S. Sumesh